


പാമ്പ് • തവള • പുൽച്ചാടി

**ക്രൈസ്റ്റ് കോളേജ് (ഓട്ടോണോമസ്),**

ഇരിങ്ങാലക്കുട

An ISO 9001-2015 Certified Organisation

# American Electrolysis & Herbal Beauty Clinic

Ladies & Kids • Hi-Tech A/C

Althara, Nada, Opp. Court, IRINJALAKUDA, Ph.: 9497601691, 9497608691
V.M.Arcade, Near Panicker's, Hospital, West Nada, KODUNGALLUR

THREADING ONLY 10 RUPEES

**SHAHNAZ Pearl Facial** ₹1500
Oxybleach Free
Hair Cut Free
Threading Free

**SHAHNAZ Gold Facial** ₹2000
Oxy bleach Free
Hair Cut Free
Threading Free

**SHAHNAZ Diamond Facial** ₹2200
Oxy bleach Free
Hair Cut Free
Threading Free

**NATURE'S Gold Facial** ₹1000
Oxy bleach Free
Threading Free

**NATURE'S Pearl Facial** ₹800
Oxybleach Free
Threading Free

**NATURE'S Pappaya Facial** ₹550
Hair Cut Free
Threading Free

**PROFESSIONAL Illuminating Gold Facial** ₹1600
Oxy Bleach Free
Threading Free

**PROFESSIONAL Pigmentation Treatment** ₹1500
Herbal Bleach Free
Threading Free

**PROFESSIONAL Skin whitening Treatment** ₹1500
Herbal Bleach Free
Threading Free

**NATURAL FEEL HAIR SMOOTHENING** ₹3000 Onwards
Pedicure Free
Manicure Free

**PEDICURE - 450/-**
**MANICURE - 250/-**
Hair Cut Free,
Threading Free

**SPECIAL ARABIAN PEDICURE SPA - 700/-**
**SPECIAL ARABIAN MANICURE SPA - 500/-**
Loreal Hair Spa Free,
Threading Free

**LOREAL SPECIAL DANDRUFF TREATMENT + LOREAL HAIR SPA** ₹1000
Hair Cut Free, Threading Free

**CLEAN UP + OXY BLEACH** ₹450
Hair Cut Free, Threading Free

**VLCC PEARL FACIAL** ₹1000
Hair Cut Free,
Threading Free

ഞങ്ങളുടെ മാത്രം പ്രത്യേകതകൾ
100% ഉറപ്പുള്ള ചികിത്സ
അമേരിക്കൻ അതിനൂതന സാങ്കേതികവിദ്യ
പ്രൊഫഷണൽ ടെക്നീഷ്യൻസ്
ശുചിത്വവും സുരക്ഷിതവുമായ ചികിത്സാസൗകര്യം

Althara, Nada, Opp. Court
**IRINJALAKUDA**
PIN 680 121

V.M.Arcade, Near Panicker's
Hospital, West Nada
**KODUNGALLUR**
PIN 680 664

**9497601691, 9497608691**

പാർക്കിങ്ങ് സൗകര്യം ലഭ്യമാണ്.

## BRIDAL MAKEUP STUDIO

ഇപ്പോൾ ബുക്ക് ചെയ്യുന്നവർക്ക് Special Bridal Packages ലഭ്യമാണ്.

## OUR SPECIAL TREATMENTS

- **BRIDAL SPA TREATMENT & BRIDAL SPA PACKAGE**
  മുഖത്തെ കറുത്തപാടുകൾ, കരിവാളിപ്പ് എന്നിവ അകറ്റി മുഖകാന്തി പതിന്മടങ്ങ് വർദ്ധിപ്പിക്കുന്ന ട്രീറ്റ്മെന്റ്
  (ഇത് ഒരുമാസം മുമ്പ് ചെയ്തുതുടങ്ങേണ്ടതാണ്.)
- **ACNE TREATMENT**
  (Teenage Special Acne Treatment & Aged Acne Treatment)
  ചികിത്സിച്ച് മാറാത്ത മുഖക്കുരുക്കൾ
  പരിപൂർണ്ണമായും മാറ്റികൊടുക്കുന്നു.
- **SKIN WHITENING TREATMENT**
  Warts removing with polishing
  കറുത്തകുത്തുകൾ, വാർട്ട്സ് എന്നിവ ഉള്ളവർക്ക്
- **EYE CARE SPA TREATMENT** കൺതടം കറുക്കുന്നവർക്ക്
- വിണ്ടുകീറിയ കാൽപാദത്തിന് **SPECIAL TREATMENT**
- **HAIR VOLUMISING** മുടി തിക്ക് തോന്നിപ്പിക്കാൻ
- വേദനയില്ലാതെ കാത് കുത്തുന്നു.
- വേദനയില്ലാതെ കാതൊട്ടിക്കുന്നു.

- Naturalfeel hair smoothening
- Ayurvedic special hair spa (for hair falling)
- Ayurvedic special henna
- Dandruff treatment
- All types waxing
- Hair colouring
- Different types of hair cutting
- HD & Mat finishing water proof makeup
- Special HD whitening makeup (For dark skin)
- Special HD whitening gold makeup (For fair skin)
- Special HD whitening pearl makeup (For medium skin)



അറിയാം സാറേ,

പുൽച്ചാടി, തവള, പാമ്പ് എന്നതാണ് ശരിയായ ക്രമം.

എന്നാൽ കാക്കത്തോള്ളായിരം വർഷം പാമ്പ് തവളയെത്തിന്നിട്ടും

തവള അന്യംനിന്നു പോയിട്ടില്ല.

ഇതേ അഹങ്കാരം തവള പുൽച്ചാടിയുടെ അടുത്തുകാണിച്ചിട്ടും

പുൽച്ചാടിയും അന്യംനിന്നു പോയിട്ടില്ല.

അങ്ങനെയാണെങ്കിൽ സിമ്പിൾ ലോജിക്ക് ഉപയോഗിച്ചു നോക്കുമ്പോൾ

പുൽച്ചാടിയാണല്ലോ ശരിക്കും മിടുക്കൻ.

ഈ ശൃംഖലയുടെ മുകളിൽ പാമ്പിനെ പ്രതിഷ്ഠിക്കുന്നത്

തികച്ചും അനൗചിത്യമാണ് എന്നു തോന്നി,

അല്ല, അതാണ് ശരി.

**ഇത്രയേ ഉള്ളൂ ഞങ്ങളുടെ മാഗസിൻ**

**മസ്തിഷ്കപ്രക്ഷാളനങ്ങളില്ല ബുദ്ധിജീവിസം ഇല്ലേയില്ല**

# CHRIST COLLEGE MAGAZINE

## പാമ്പ് തവള പുൽച്ചാടി


| | | |
|---|---|---|
| Staff Editor | : | Dr. K.M. Jayakrishnan |
| | : | Shri. C.V. Sudheer |
| Student Editor | : | Kuriakose Junior |
| Sub Editor | : | Ashin Antony |
| Cover Page | : | Anandu Gopal |
| Printing | : | Color Offset, Nadavaramba |
| | : | 0480 2822576 |

The opinion expressed in this publication are those of the writers concerned and not necessarily of the college. The Christ College 2016-2017 magazine of Christ College, Irinjalakuda statment about ownership and other particulars about " Pambu Thavala Pulchadi" from IV (see rule 8)

| | | |
|---|---|---|
| Place of publication from | : | Irinjalakuda |
| Periodicity of publication | : | Annual |
| Publisher's Name | : | Shri. Gejo Johny |
| Nationality | : | Indian |

Published under the authority of Magazine Committee 2016-17

I here by declare that the particular given above the true to the best of my knowledge and belief.

Sd.-

.....................

# നന്ദി, വെട്ടിത്തെളിച്ചുതന്ന വഴികൾക്ക്



## ഫാ. ഗബ്രിയേൽ ചിറമ്മൽ

ജനനം : 11–12–1914 മരണം : 11–05–2017

സ്ഥാപക പ്രിൻസിപ്പാൾ

(18-06-1956 to 31-03-1975)


മധുരം, സൗമ്യം, ദീപ്തം
ഞങ്ങളുടെ....
റവ. ഡോ. ടി.എം. ജോസ് CMI
പ്രിൻസിപ്പാൾ : (15/10/2007) – (27/07/2017)
ജനനം : 06–08–1963 മരണം : 27–07–2017

# College Union 2017-18



**VISHNU M.S.**
Chairman



**GOKUL T PRIYAN**
General Secretary



**KAVYA M.R.**
Vice Chairperson



**MANEESHA C.**
Joint Secretary



**MANEESH K.**
Finearts Secretary



**PRAMOD K.**
UUC



**VINAY MOHAN**
UUC



**SANJAY KUMAR**
General Captain



**KURIAKOSE JUNIOR**
Magazine Editor



**Rev. Fr. John Thottappilly CMI**
Manager (2014 to17)



**Rev. Fr. Jacob Njerinjampilly CMI**
Manager



**Rev. Fr. Dr. T.M Jose CMI (Late)**
Principal (Till 25 July 2017)



**Dr. Mathew Paul Ukken**
Principal In charge



**Rev. Fr. Jolly Andrews CMI**
Vice Principal



**Dr. S. Sreekumar**
Staff Advisor



**Dr. K.J. Jayakrishnan**
Staff Editor



**C.V. Sudheer**
Staff Editor



**Prof. Dr. P.L George**



**Prof. Rajan R.V.**
Retd. Staff



**Shri. O.K. Thomas**
Ret. Staff

“So she sat on with closed eyes
and half believed herself in wonderland,
though she knew she had to open them again
and all would change to dull reality”

**Lewis Carroll**

# Contents...





PAGE
5-40






PAGE
41-68






PAGE
69-100



ഇരപിടിക്കാൻ ഇറങ്ങുന്ന
പാമ്പിന്റെ മുന്നിലേക്ക്
ഒരു കീരി
എത്തുമ്പോൾ ०००

# സംഘർഷം



നാഗരികരുടെ ദുരയുടെ ഒടുവിലത്തെ ഇര
കോടാലിയാം കാലൻ ജന്മം നൽകിയ മരക്കുറ്റികൾ
ഉച്ചവെയിലിൽ കഷണ്ടിത്തലപോൽ മിന്നുന്നു.
ഉച്ചത്തിലുള്ള പ്രതിഷേധസ്വരങ്ങൾ
മുറിച്ചടുക്കിയ പൊള്ളയായ തടികളിൽ തട്ടി,
നിശ്ശബ്ദം തിരിച്ചുവന്നു.
ഇത് മങ്ങാടിക്കുന്നിൽനിന്നും
മൊട്ടകുന്നിലേക്കുള്ള മാറ്റം...!
അവിടെ പൊന്തിയ കെട്ടിടത്തിന്റെ
പിന്നിലെ പൈപ്പിൽ അള്ളിപ്പിടിച്ച
ഇത്തിക്കണ്ണി കൂകിവിളിച്ചു
"ഹരിതമിത്ര ക്യാമ്പസ്"

# വഞ്ചനാക്കുറ്റം

പൊന്നിൽ പൊതിഞ്ഞ പടിക്കെട്ടുകൾക്ക്
പ്രതിഫലം കാണാതെ വന്നപ്പോൾ
ഗതികെട്ടതിനൊടുവിലാണയാൾ കേസു കൊടുത്തത്.
പേരു കേട്ട കള്ളനെതിരെ വഞ്ചനാക്കുറ്റം.
അന്വേഷിച്ചുചെന്നപ്പോൾ ഇടുങ്ങിയ
നാലു ചുവരിനുള്ളിൽ കാണ്മാനില്ലെന്ന്...
രേഖാചിത്രം വെച്ചന്വേഷിച്ചോടുവിൽ ഒരു
ചെറ്റക്കുടിലിൽ കണ്ടെത്തിയതാണ്.
മുഖമൊരുപോലെ തന്നെ;
സംസാരം ഒന്നു തന്നെ :
പെരുമാറ്റവുമൊന്ന്.
പക്ഷേ, അയാൾ പറഞ്ഞു;
ഞാൻ അവനല്ല! കുടിലിന്റെ
വിലാസമൊരു മുഹമ്മദിന്റേതായിരുന്നു.
സ്വന്തം പേരയാൾ കർത്താവെന്നാണ് പറഞ്ഞത്.
കേസു തള്ളിപ്പോയി.
ആ കുടിലിനൊരു മൂലയിൽ
അരിച്ചു നീങ്ങുന്ന ഉറുമ്പുകൾക്കൊപ്പം
പ്രാതൽ കഴിയ്ക്കുന്നതിനിടെ
അയാൾ ഉറക്കെ പൊട്ടിച്ചിരിച്ചു,
പാഴായ സ്വർണത്തിന്റെ കൈക്കൂലി
കണക്കു നോക്കി
രേഖാചിത്രവുമായി അലയുന്നവനെയോർത്ത്.








# വെറും ഒരു  നാട്ടുകഥ

ഒരിടത്തൊരിടത്ത് ഒരു സാധാരണക്കാരനുണ്ടായിരുന്നു. ഒരു ഡീമോണിട്ടൈസേഷൻ കാലത്ത് ഗോമാതാവിനു പിണ്ണാക്ക് വാങ്ങാൻ പോയ അയാളെ പതിനാലു സെക്കന്റ് തുറിച്ചു നോക്കി എന്ന ആരോപണം ഉന്നയിച്ചുകൊണ്ട് എതിരെ നടന്നു വന്നിരുന്ന പെൺകുട്ടി വെറുതെ ഒന്ന് കടിച്ചു. നഗരം ഭരിക്കുന്നത് അവരായതുകൊണ്ടും കേന്ദ്രത്തിൽ നല്ല പിടിപാടുള്ളതുകൊണ്ടും മിണ്ടാതിരിക്കാനേ അയാൾക്ക് നിവൃത്തിയുണ്ടായുള്ളൂ. അടുത്തുള്ള സർക്കാരാശുപത്രിയിൽ ശ്വാസം കൊടുക്കാതെ കുഞ്ഞുങ്ങളെ കൊല്ലുന്ന തിരക്കായിരുന്നു. അറവുശാലകളുമായി കടുത്ത മത്സരത്തിലേർപ്പെട്ടിരിക്കുന്ന ഒരു സ്വകാര്യ ആശുപത്രിയിൽ വാക്സിനേഷനെടുക്കാൻ അയാൾ കയറുമ്പോൾ നോട്ട് ക്ഷാമം മൂലം ചികിത്സ കിട്ടാതെ മരിച്ചവരുടെ ആത്മാക്കൾ പല്ലികളുടെ രൂപം പൂണ്ട് ഉത്തരത്തിലിരുന്ന് ചിലയ്ക്കുകയായിരുന്നു. രാജ്യത്തിന്റെയാകെ സാമ്പത്തിക നേട്ടത്തിനു വേണ്ടി ജീവത്യാഗം ചെയ്യേണ്ടിവന്നവരുടെ വാക്കുകൾ കേൾക്കാത്തതിൽ അയാൾ ഉടനെ തന്നെ പശ്ചാത്തപിക്കേണ്ടി വന്നു. പരിചയക്കാരനു പശുവിനെ വിറ്റ് പണമുണ്ടാക്കാനുള്ള അവസാനശ്രമവും ഓർഡിനൻസുവഴി ആരോ മുടക്കി കളഞ്ഞു. ഗോമാതാവ് ദൈവിക രൂപംപൂണ്ട് നിസ്സഹായയായി വൈക്കോലു ചവച്ചു. ജയിപ്പിച്ച് വിട്ടിട്ടും വീണ്ടും വീണ്ടും തോൽപ്പിക്കുന്നവരോട് പക വീട്ടാൻ ഏത് സമയവും ബലാത്സംഗം ചെയ്യപ്പെടാൻ സാധ്യതയുള്ള, തന്റെ മകളുടെ ഷാളുമെടുത്തുകൊണ്ട് മുറ്റത്തെ മാവിൻ ചുവട്ടിലേക്ക് നടന്നു ആ സാധാരണക്കാരൻ.

**വർഷ രാഘവൻ**
രണ്ടാം വർഷം
ബി.എസ്.സി. ജിയോളജി

# ME TOO...

## ഒരു ആണെഴുത്ത്

(The real Feminism)



Feminism ഇവിടെ വേരുപിടിച്ചു തുടങ്ങി. പക്ഷേ, എവിടെയോ പെണ്ണ് വീണ്ടും 'പിഴച്ചു' ഇതേ വാക്കിന്റെ പ്രാധാന്യം ഏറി.

അമ്മേ പേപ്പൻ എന്റെ നിക്കർ ഊരാറുണ്ട്. അതിനെന്താ നിയൊരാൺ കൊച്ചല്ലേ. ആളു നിന്റെ നാണം കണ്ട് കളിപ്പിച്ചതാവും. അവരുടെ ഈ ഉത്തരം എന്റെ മനസ്സിനെ തൃപ്തിപ്പെടുത്തുന്നതായിരുന്നില്ല. അയാളെന്റെ സുനയിൽ കയറിപ്പിടിച്ച് എന്തൊക്കെയോ ചെയ്തു. അയാളുടെ തുടക്കിടയിൽ എന്നെ ഞെരുക്കി, എന്റെ കൈയ്യുകൾ അയാളുടെ സുനയിൽ പിടിപ്പിച്ചു. അങ്ങനെ എന്നെ വീണ്ടും ചെയ്തു. ഒടുക്കം എന്റെ വളർച്ചയുടെ ഒരു ഘട്ടത്തിൽ എനിക്കു ബോധം ഉദിച്ചെന്നറിഞ്ഞപ്പോൾ ഇനിയൊരണായി എന്ന ആനുകൂല്യം കൊണ്ട്, ഒക്കെ

> അമ്മേ പേപ്പൻ എന്റെ നിക്കർ ഊരാറുണ്ട്. അതിനെന്താ നിയൊരാൺ കൊച്ചല്ലേ. ആളു നിന്റെ നാണം കണ്ട് കളിപ്പിച്ചതാവും.

നിലച്ചു. ആനുകൂല്യം ഞാൻ ആണായി ജനിച്ചതിന് സ്ത്രീയും പുരുഷനും എന്നു വേർതിരിക്കപ്പെട്ട മനുഷ്യ സമൂഹം എനിക്കു നൽകിയതാണ്. പുരുഷ ചട്ടങ്ങളാൽ ചിട്ടപ്പെടുത്തിയിരി ക്കുന്ന സമൂഹം ആയതിനാൽ തന്നെ എന്റെ ശബ്ദം ഇവിടെ മുഴങ്ങി കേൾക്കും. എനിക്കെതിരെ നടന്ന ലൈംഗിക ചൂഷണത്തെ പ്രധാന വൽക്കരിക്കാത്തതായിരുന്നു എനിക്കു കിട്ടിയ ആനുകൂല്യം. കാരണം എനിക്കുമീതേ നീല മാനം മാത്രമേ ഉള്ളൂ. എന്നാൽ ഓരോ സ്ത്രീക്കു മുകളിലും രണ്ടു മാനങ്ങ ളുണ്ട്. മിഥ്യയായ രണ്ടു മാനങ്ങൾ, എന്നാൽ നീലാകാശം പോലെത്തന്നെ പ്രധാനമാണ് ഇടിഞ്ഞു വീഴാറായ രണ്ടാമത്തേതും 'അഭിമാനം'. ഇത് അടിമത്ത ത്തിന്റെ മാനമാണ്. തുറന്നെഴുത്തുകൾക്കായി തുടങ്ങിയ 'me to' ഇതിന്റെ അടിത്തറക്ക് ഉറപ്പു കൂട്ടുന്നുണ്ട്.

ശരീരം മറച്ചു പിടിച്ചുകൊണ്ടുള്ള നഗ്നതാ വിപ്ലവങ്ങളുടെ അരേങ്ങറ്റത്തിൽ സ്ത്രീ വിരുദ്ധതയുടെ അപ്രമേയ പ്രതിഫലനം നിലനിൽക്കുന്നു. പ്രകൃതിയിൽ എല്ലാവരും 'തുല്യരാണ്' അത് നൽകിയത് 'വ്യത്യാസം' മാത്രമാണ്. നിർബന്ധിത വർഗ്ഗീകരണവും 'അസമത്വവും' മനുഷ്യന്റെ അധികാര കൈയ്യേറ്റം മാത്രമാണ്. പ്രകൃതി നൽകിയ വ്യത്യാസത്തെ അസമത്വം ആക്കി മാറ്റി, അതിൽ വീണ്ടും ഉദാരത കൊണ്ടുവന്ന് അസമത്വത്തെ നിലനിർത്തുന്നത് ഒരു വിരോധാഭാസം ആണ്. കാലാ കാലങ്ങളോളം സംസ്ക്കാരത്തിൽ നിലനിന്നതൊന്നും ഞൊടിയിടയിൽ മാറണം എന്നല്ല. പക്ഷേ എവിടെയൊക്കെയോ ഇന്നും അപ്രകടമായ പ്രോത്സാഹനങ്ങൾ നടന്നു വരുന്നുണ്ട്.

ഒരേ കാര്യം ഓരോ തവണ സംസാരിക്കുമ്പോളും അതിന്റെ പ്രാധാന്യവും ഗൗരവവും വർദ്ധിക്കുന്നു. അത് ഒരേ കാര്യത്തിനെതിരെ എതിർപ്പുയർത്തിയാലും, ശ്രദ്ധിക്കപ്പെടുന്നതും, പ്രചരിക്കപ്പെടുന്നതും തെറ്റ് എന്ന് പറയുന്ന കാര്യത്തിനാവാം. അതായത് ലൈംഗിക പീഡനത്തിനെതിരെ ഉയർന്നുവരുന്ന ഓരോ സ്ത്രീ ശബ്ദവും ലിംഗബോധത്തെ അംഗീകരിക്കുന്നു. ലൈംഗികപീഡനത്തെയും, പീഡനത്തെയും രണ്ടു തട്ടിൽ കാണേണ്ട ആവശ്യകത ഇല്ല. ലൈംഗിക പീഡനത്തെ സ്ത്രീപീഡനം എന്നു സാധാരണക്കാർക്കിടയിൽ നടക്കുന്ന പ്രയോഗങ്ങളും സ്ത്രീവിരുദ്ധം തന്നെയാണ്. സ്ത്രീ പീഡനം എന്നത് ഗാർഹികമായി സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങളായ സ്ത്രീധന പ്രശ്നങ്ങളും ഉൾപ്പെടുന്നതാണ്. എന്നാൽ സ്ത്രീപീഡനം എന്ന വാക്കു ലൈംഗിക പീഡനത്തിനായി ഉപയോഗിക്കപ്പെടുമ്പോൾ അത് ലിംഗവർഗ്ഗീകരണത്തിന്റെ പ്രസക്തി കൂട്ടുന്നു.

അതേ രീതിയിൽ എന്റെ ലിംഗവും പീഡിപ്പിക്കപ്പെട്ടപ്പോൾ അതേ പ്രസക്തി കിട്ടാതായി. അമ്മയുടെ മറുപടി സ്വാഭാവികമാണ്. കാരണം പുരുഷന്റെ ലിംഗം പീഡിപ്പിക്കപ്പെടാറില്ല. അത് പീഡിപ്പിക്കാറെ ഉള്ളൂ. അത് ഒരു വിരോധാഭാസമായേ അവർക്കു കാണാൻ കഴിയു. ഈ വ്യത്യാസം മറി കടക്കുമ്പോൾ സമൂഹം വിവേകമുള്ളനിലപാടുകളിൽ എത്തിച്ചേരും.

**അയന പ്രസാദ്**
എക്കണോമിക്സ്
രണ്ടാംവർഷ ബിരുദം



തൊട്ടിൽ കാണുമ്പോൾ
വീണ്ടും അതിൽ
കയറിക്കിടന്ന് ആടാൻ
തോന്നുന്നിടത്താണ്
മനുഷ്യന്റെ അസ്തിത്വം.



എന്നും രാവിലെ
പൂവ് കാൽക്കൽ കൊണ്ട്വെച്ച്
പ്രാർത്ഥിക്കുന്ന വിദ്യാർത്ഥികൾക്ക്
അറിയുമോ എന്നറിയില്ല
ക്രിസ്തുവിന്റെ പ്രതിമയ്ക്ക് തള്ളവിരലില്ല.
അതും ചെത്തിക്കൊണ്ടുപോയി
അദ്ദേഹത്തിന്റേതായി
ഉണ്ടായിരുന്നതെല്ലാം പിൻഗാമികൾ
കൈമാറ്റം ചെയ്ത് സ്വന്തം
പേരിലാക്കിക്കഴിഞ്ഞു.

ഭൂപടങ്ങൾ പറഞ്ഞ കള്ളങ്ങളാണ്
ഞാൻ വിഴുങ്ങിയത്.
വെളുപ്പും, നീലയും തുളുമ്പുന്ന ഭൂപടങ്ങളിൽ
കറുപ്പിന് സ്ഥാനമില്ലെന്ന് ഞാനറിഞ്ഞില്ല.
തലസ്ഥാനനഗരികൾ വാഴുന്ന ലോകത്ത്
തെരുവുകൾക്കും ചേരികൾക്കും
ശബ്ദമില്ലായിരുന്നു.
തീണാൾ വാണ കൊടികൾക്കെല്ലാം
സവർണ്ണന്റെ മുഖമാണ്.
ഹിറ്റ്ലറും മുസ്സോളിനിയും വാഴുന്ന താളുകളിൽ
സിയാറ്റിൽ മൂപ്പന്മാർക്കെന്നും വിലക്കാണ്.
പല്ലക്ക് ചുവന്നവരെയല്ല
പല്ലക്കിലിരുന്നവരെയാണ്
കാലം രേഖപ്പെടുത്തിയത്.
തൊലി കറുത്തവരെയും മുലയുള്ളവരെയും
വരയ്ക്കാൻ ഭൂപടം വരച്ചവരുടെ പേനയിൽ
മഷിയില്ലായിരുന്നു.



കോൺക്രീറ്റ് സ്ലാബുകളും മാർബിൾ ഫ്ളോറുകളും നമ്മെ മണ്ണിൽനിന്നും അകറ്റി. ചാണകം മെഴുകിയ തറയിൽ കിടക്കുന്നവർ എന്നാണാവോ നമുക്ക് അപരിഷ്കൃതരായത്? വയലിൽ പണിയെടുക്കുന്ന കോലങ്ങളെ കാണുമ്പോൾ നാം പയ്യെ മുഖം തിരിച്ചു. പിന്നെ എപ്പോഴോ പത്തും - നൂറും നിലയുള്ള കെട്ടിടങ്ങൾ പൊന്തിയപ്പോൾ നാം താഴോട്ട് നോക്കാതായി. മുകളിലോട്ട് നോക്കി നടക്കുന്നതിനിടയിൽ ഇവിടത്തെ കാടും പുഴയും വയലും കുന്നുമെല്ലാം നാം ചവിട്ടി മെതിച്ചു. അങ്ങനെ ഭൂമി നമുക്കന്യമായി.

ചുക്കിച്ചുളിഞ്ഞു പോയ് അവൾതൻ യുവത്വം
തെരുവിലൊരനാഥമാം കൂരയിൽ
അരച്ചാൺ വയർ നിറയ്ക്കാൻ ഗതിയില്ലാത്തൊരു
പഴയ പടക്കമായ് അവൾ
നനഞ്ഞു കിടന്നു...

പഴയ സ്ത്രീരാഷ്ട്രീയ പോരാട്ടങ്ങൾക്കെൻ പ്രണാമം
എങ്കിലും നിങ്ങൾ പ്രസവിച്ചൊരായിരം ലാത്തിക്കുഞ്ഞുങ്ങൾ
ഗതി കിട്ടാതിരുണ്ട തടവറയിലലഞ്ഞ് തേങ്ങുന്നുണ്ടാവുമല്ലോ !

# അധികാരം

പണ്ടേയുള്ള ചിലതൊന്നും
അത്ര പെട്ടെന്നൊന്നും
മറയില്ല, നമ്മുടെ മനസ്സിൽ.
ശക്തൻ തമ്പുരാന്റേയും
സ്വാതി തിരുനാളിന്റേയും
കൊട്ടാരങ്ങൾക്കിപ്പോൾ
സർക്കാരു നൽകുന്ന പേരാണ്
ആർക്കിയോളജിക്കൽ മ്യൂസിയം.
അവിടെ എല്ലായിടത്തും
എഴുതിയിരിക്കുന്നത് കാണാം.
പ്ലീസ് ഡോൺട് ടച്ച്
അതെ, ആ തലപ്പാവും
കസേരയും തുരുമ്പിച്ച വാളും
ഇന്നും നമുക്ക്
ഒരു തീണ്ടാപ്പാടകലെയാണ്.

# ഓർമ്മക്കുറിപ്പുകൾ

വരണ്ടുകീറിയ കറുത്ത കടലുകൾക്കപ്പുറം
ചുടുനീരാവി ഘനീഭവിച്ചൊഴുകുന്ന
നൈരാശ്യത്തിന്റെ അഗ്നിപർവ്വതങ്ങൾക്കപ്പുറം
കാണാനിറങ്ങുന്ന
മഞ്ഞുകണങ്ങളുടെ സ്വപ്നങ്ങൾ
മനസ്സിലുദിക്കുന്ന രാത്രികളിൽ
സ്വപ്നങ്ങൾക്ക് മുകളിൽ വന്നുവീണ
കറുത്ത കമ്പിളി മാറ്റി
പ്രജ്ഞയിൽ പുതിയ ലോകം
തീർക്കാനെന്തേ മനസ്സുവെമ്പുന്നു ?
പ്രായത്തിന്റെ ചാപല്ല്യങ്ങളെന്നോതി
എന്നിൽനിന്ന് തട്ടിയെടുക്കപ്പെട്ട്
കുഴിച്ചു മൂടപ്പെട്ടൊരു
ചുവന്ന രക്തപുഷ്പത്തിന്റെ
ഓർമ്മകളാണെൻ കുറിപ്പുകൾ...

ഹൃദയം കീറിമുറിക്കപ്പെട്ടൊരാ ആയുധം
പോയകാലത്തിന്റെ മലയിലെവിടെയെങ്കിലും കിടന്ന്
ഇന്നും മൂർച്ച കൂട്ടുന്നുണ്ടാവണം.
മണ്ണിൽ വീണടിഞ്ഞ്
ചിന്നിച്ചിതറുന്ന മഴത്തുള്ളികൾക്കും
കരയിൽ വന്നിടിച്ച്
ചിന്നിച്ചിതറിയ തിരകൾക്കും
പറയാനുള്ളത് ഒരേ കഥകളാവുമോ ?
പറഞ്ഞു ഫലിപ്പിക്കാനാവാത്ത
സ്വപ്നങ്ങൾക്കപ്പുറം
ജനൽപ്പാളികളിൽ വന്നടിച്ചുടയുന്ന
മഴത്തുള്ളികൾ കണക്കേ ജീവിതം
ചിന്നിച്ചിതറുന്ന വേളയിൽ അല്ലെങ്കിൽ
എഴുതിത്തീർക്കാനാവാത്ത ജീവിതങ്ങൾക്കപ്പുറം
നടക്കാനിറങ്ങുന്ന ഏതെങ്കിലുമൊരു
ജീവബിന്ദുവിന്റെ സ്വപ്നങ്ങളിൽ
എന്നെയും കൂടെക്കൂട്ടുന്നുണ്ടവണം
ഇരുട്ടിന്റെ അഭ്രപാളികൾക്ക്
കനംകൂടി വരുന്ന രാത്രികളിൽ
ചീവിടിന്റെ ശബ്ദത്തെക്കാളുയർന്ന്
പച്ചമുള ചീന്തുന്ന ശബ്ദം
പ്രതിധ്വനിക്കുന്നില്ലേ ?
കറുപ്പിനെ സ്വപ്നത്തോടുപമിച്ചവരെന്തേ
മനസ്സിലെ സ്വപ്നമുപേക്ഷിച്ച്
ജീവിതം ഇരുളിലടിയിച്ച്
കാലചക്രത്തിലെവിടെയോ
പടിയിറങ്ങിപ്പോവുന്നു.



# ആത്മാക്കളുടെ തുരുത്ത്

"ഡാ! ആറ് രൂപണ്ട്... വാ കാന്റീൽ പോവാം... !"

കോളേജിൽ വന്നകാലത്തെ മിക്ക ദീർഘദൂര യാത്രകളുടെയും തുടക്കം ഇങ്ങനെയായിരുന്നു... കെമിസ്ട്രി ബ്ലോക്കിനടുത്തെ കുട്ടപ്പേട്ടന്റെ കാന്റീനിലെ ആറ് രൂപയുടെ നാരങ്ങവെള്ളത്തിൽനിന്ന്... നാടോർമ്മകളും, വീടോർമ്മകളും, സിനിമയും, പുസ്തകങ്ങളും താണ്ടി ആഗ്രഹങ്ങളുടെയും മോഹങ്ങളുടെയും ചുരം കയറി വിദൂരത്തുള്ള ഭാവിയിലേക്ക് എത്രയോ തവണ സഞ്ചരിച്ചിട്ടുണ്ട്...

ഒരു ന്യൂ ജനറേഷൻ കാന്റീനിലുള്ളപോലെ മെഷിൻ കോഫിയോ, കാർബണേറ്റഡ് ഡ്രിങ്ക്സോ, സാൻവിച്ചോ ഇല്ലാതിരുന്ന ഒരു വയസ്സൻ കാന്റീനായിരുന്നു അത്... പ്രായക്കൂടുതലുണ്ടെന്ന് അറിയിച്ചു തരാൻ ഒരുകാലത്തും തേച്ചുകഴുകാത്തൊരു നീണ്ട വാഷ്ബേസിനും ആ അകത്തളത്തിൽ ഉണ്ടായിരുന്നു. സീനിയേഴ്സ് തമ്പടിച്ചിരുന്ന ആ പഴയ കാന്റീനിലേക്ക് ധൈര്യത്തോടെ കാൽ കുത്താൻ തുടങ്ങിയപ്പോഴേക്കും ഒരു സെമസ്റ്റർ എന്തായാലും കഴിഞ്ഞിരുന്നു. ഫസ്റ്റ് ഇയറിൽ ആവശ്യത്തിലധികമായി കിട്ടിയിരുന്ന ഫ്രീ പിരിഡുകളിൽ മിക്കതും കാന്റീൻ പിരീഡുകളായി മാറ്റി. പഴം പൊരിയിലും ഉള്ളിവടയിലും പരിപ്പ് വടയിലും ഗ്രൂപ്പ് സ്റ്റഡി നടത്താറായിരുന്നു പതിവ്... വേവാത്ത പഴംപൊരിയുടേയും ഉള്ളിയില്ലാത്ത ഉള്ളിവടയുടേയും പേര് പറഞ്ഞ് തൃശൂർക്കാരുടെ രുചിയെ കുറ്റപ്പെടുത്താറുള്ള മലപ്പുറത്തുകാരിയായതും ആ കാന്റീനിൽ വെച്ചായിരുന്നു. എന്നിട്ടും എത്രയോ തവണ കുട്ടപ്പേട്ടന്റെ കാന്റീൻ ഒരു ഗ്ലാസ്സ് നാരങ്ങ വെള്ളംകൊണ്ട് ചേർത്തു പിടിച്ചു.



പക്ഷേ, ഒരു വെക്കേഷൻ കഴിഞ്ഞെത്തിയപ്പോഴേക്കും autonomy ബാധിച്ച മാനേജ്മെന്റ് ആ വയസ്സൻ കാന്റീനെ തുടച്ച് മാറ്റി. ഹോട്ടൽ മാനേജുമെന്റു കാർക്കായ് മോടിയേറിയൊരു താവളം തന്നെ പടുത്തുയർത്തി. അങ്ങനെ, ആ വാതിൽ മറവിലെ ബെഞ്ചിലിരുന്ന് ഒറ്റ പാത്രത്തിൽനിന്ന് ഊണ് കഴിക്കാറുള്ള പ്രണയ ജോഡികളും, വൈകുന്നേരങ്ങളിലെ വമ്പിച്ച ഡിസ്കൗണ്ട് ഓഫേഴ്സും, നാരാങ്ങാ വെള്ളവും ഓർമ്മകളിലെ ഏടുകൾ മാത്രമായ് മാറി... ആകെ അവശേഷിക്കുന്നത് അങ്ങോട്ടേക്കുള്ള ചവിട്ട് പടികളും അതിനോട് ചേർന്ന് നിൽക്കുന്ന മഞ്ഞ പൂക്കളുള്ള വലിയ ഒറ്റമരവുമാണ്....

ഇന്നുള്ളതിനെയെല്ലാം നാളെ ഓർമ്മകളായ് അടക്കം ചെയ്താലും ചിലതൊക്കെ ഉള്ളറകളിൽ ഗതികിട്ടാതലയും... വർഷങ്ങളായുള്ള യൂണിവേഴ്സിറ്റി ബാച്ചുകളുടേയും ചങ്ങലക്കിട്ട ഓട്ടോണോമസ് ബാച്ചിന്റേയും വെറുമൊരു ഇടത്താവളമായിരുന്നില്ല അവിടം... ഓർമ്മകളുടെ തുരുത്തായിരുന്നു ആ വയസ്സൻ കാന്റീൻ ... ഓർമ്മകളൊക്കെയും ആത്മാക്കളല്ലേ...?

**അരുന്ധതി രാജ്**
രണ്ടാം വർഷം
ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്

# THE EMBRYO OF FASCISM



A word most discussed these days in the socio-political arena of the entire world and our country is no exception - the term is a hot favourite for the people to discuss by the Phrase "Changing face of intolerance" what is being conveyed is the rapidly transforming or even metamorphosing face of intolerance which is in fact a truth so fearsome.

The word intolerance is defined as an inability to put up with or to tolerate the likes and preferences of others. And as the dislikeness grows it gives way to the greatest evil that has bred the two disastrous world wars in the history of mankind - fascism. Yes, intolerance is the embryonic form of fascism. And as intolerance changes Its face or grows - it gives way to fascism that breeds wars, breeds destruction.

When we circumspect the root ways intolerance has spread and the fruits its scion bears, there's a myriad to exemplify. The recent occurrence where a vernacular journalist Gouri Lankesh was brutally shot down in her courtyard is to be quoted first. The crime she committed, in the eyes of the intolerant is her uncom promising spirit to express her support for

fringing naxalites to the main stream, and her open leftist ideology. In a country where speech and expression is a fundamental right, this incident alarms an imminent social unrest and anarchy similar does the killings of Dhalolkar, Kalburgi and pansare signify. What to say more even the father of these nation was in a sense shot down for his fearless decisions against the intolerant bigots. The assassin of him and down in the chronology the under the veil killer of Miss Lankesh, surprisingly are conceived to hold the very same ideology the accused Hindu – right wing of the country has been blamed for them all. Demolished of the Babari masjid, lynching of Muhammed Akhlav, a nature of UP foes storing beef the Key caures of Gujarat, Malabar and Marad riots are all simply – but most gruesomely fascism. Breadering the view to a global perspective, what the Islamic state terrorist do to the Syrians, the massacre at the French magazine Charlie Hebdo's office, the recent paris attacks – to exemplify is endless.

When discussing about the changing face of intolerance, it is inevitable to mention what it was in the past, and the Icon share of the past history is occupied by the most cruel face mankind has seen Adolf Hitler with his Nazi army. And the fact about Hitlers fascism is that he propagated fascism or communalism intermingling with nationalism. The very same tactic is seen even today, right in our century, in our place. He labelled jews as anti- national, the consumers of all underserving privileges, the submissive class which led the german nation to destruction. Aryans were the only glorified class. Thus by this very hate – ideology he butchered more than 60 lakhs of jews, no, "raw human beings". Same is the situation in our country too. Hijacking the secular culture of India, to a parochial land of one single religion, What the fascists in our country attempt is to label all other religions, cultures and lifestyles to be anti – national and declare to exile somewhere out of the country this, being the growing face of fascism what each one of the country is required to do is to educate oneself about the real national feeling of the country, the secular construction it upholds and most importantly – to be tolerant to the likes, preference and lifestyles of others. One single thing, of the biggest patriotic figures of India, Rabinndranath Tagore has quoted – that is to be remembered – that, patriotism, or religion or community is not to be ones ultimate refuge, but only humanity .

**Megha Prasad**
First Year BA
Functional English





# അശുദ്ധിയാണു പോലും...

വിലക്കാണു പോലും,
മലയില് വിലക്ക്
പൂജാമുറിയിലും വിലക്ക്
ആരാധനാലയങ്ങളിലും വിലക്ക്
എന്തിന്, സ്വന്തം അടുക്കളയിൽപോലും വിലക്ക്

എന്തിനെന്നൊരു മറുചോദ്യം?
പെണ്ണേ, നീ അശുദ്ധയാണ്
നീ ആർത്തവത്തിലാണ്
നീ തൊട്ടാൽ എല്ലാം അശുദ്ധി
വിലക്കാണു നിനക്ക് ...
വിലക്കാണു പോലും,
അല്ലയോ മനുഷ്യാ,
നിന്റെ ജനനത്തിനിടയായ ആർത്തവം
അശുദ്ധിയാണെങ്കിൽ
നീ നിനക്കുതന്നെയാദ്യം
വിലക്കേർപ്പെടുത്തുക
കാരണം നീയും അശുദ്ധിയാണ്

**മീരാ നൗറിൻ**
രണ്ടാം വർഷം
ബി.എസ്.സി. മാത്തമാറ്റിക്സ്



# ഒറ്റക്കണ്ണൻ

അത് അവന്റെ സ്വപ്നത്തിലേക്കുള്ള പറക്കലായിരുന്നു. ചിറകുവിരിച്ച്, വിശാലതയെ ആവോളം നുകർന്ന് സ്വയം മറന്നുള്ള യാത്ര...! ജീവിതത്തിലാദ്യമായി അവനിന്നൊരു surprise സമ്മാനം കിട്ടി. അതും അച്ഛന്റെ കൈയ്യിൽനിന്ന്. ഈ ഇരുപതു വർഷത്തോളം ഇത്രയധികം ആവേശത്തോടെ അവനൊന്നും ആഗ്രഹിച്ചിട്ടില്ല. ഒരു പക്ഷേ അവനാഗ്രഹിക്കും മുമ്പേ അവ കൈവന്നു ചേർന്നിരിക്കാം. ഇതിപ്പോ ഒരുപാട് നാളത്തെ വാശിപിടിക്കലിനൊടുവിൽ അവനത് കിട്ടി...! സംഭവം മരണവണ്ടി എന്നൊക്കെ ആൾക്കാർ പറയുന്നുണ്ട്.... അത് പക്ഷേ വെറും അസൂയക്കാരുടെ പിറുപിറുക്കൽ മാത്രമായേ അവന് തോന്നിയുള്ളൂ.

എല്ലാ ആഗ്രഹങ്ങൾക്കും അവയുടെ സാഫല്യത്തിനും അച്ഛന് മുന്നിൽ വഴിപാട് നടത്തിയിരുന്ന അമ്മ ഈയൊരൊറ്റ കാരണംകൊണ്ട് അച്ഛന്റെ കൽപനക്ക് മാത്രം പൂജ ചെയ്തു. നീയെന്തു പറഞ്ഞാലും അങ്ങനെയൊരു വണ്ടി പൊന്നുമോൻ സ്വപ്നം കാണേണ്ട എന്ന് കട്ടായം പറഞ്ഞത് ഈ കഴിഞ്ഞയാഴ്ചയാണ്. അതിനുശേഷമുള്ള ഒരാഴ്ച നീണ്ട നിരാഹാരത്തിനും മൗനവ്രതത്തിനും ഫലം കണ്ടു. ആ ബൈക്ക് പോലെതന്നെയായിരുന്നു അവന്റെ മനസ്സും അപ്പോൾ ലൈറ്റ് വെയ്റ്റ്...പാറിപ്പറക്കുകയായിരുന്നു രണ്ടും. യാതൊരുവിധ നിയന്ത്രണവുമില്ലാതെ ആകാശത്തൂടെ വിരിഞ്ഞ് പറക്കുന്ന പേരറിയാത്ത ആ ചാരനിറമുള്ള ആ വലിയ പക്ഷിയെ അവൻ കണ്ണുയർത്തി നോക്കി.

ഭൂമിയിൽ വന്നൊരു ഇടിവെട്ടിയ പോലെയെ അവന് തോന്നിയുള്ളൂ... ചെറുപ്പത്തിൽ ഇടിവെട്ടുമ്പോൾ കണ്ണുകൾ ഇറുക്കിയടച്ചപോലെയാണിപ്പോഴും. പക്ഷേ എന്തൊക്കെയോ ഞരക്കം മാത്രം കേൾക്കാം. കണ്ണുകൾ തുറക്കാൻ അവൻ പേടിച്ചു. വേറൊരു വികാരവും അവനിൽ അപ്പോൾ ഉടലെടുത്തിരുന്നില്ല. നിമഷങ്ങൾ കടന്നുപോയപ്പോൾ ഒരുൾപ്രേരണയിൽ അവൻ കണ്ണ് തുറന്നു... പൊള്ളുന്ന ടാറിട്ട റോട്ടിൽ കമിഴ്ന്നടിച്ചുകിടക്കുകയായിരുന്നു അവൻ. കൈകൾ അനക്കി നോക്കി, പതിയെ കാലുകളും.. അവ നന്നേ മരവിച്ചിരുന്നു. രണ്ട്, മൂന്ന് മിനിറ്റുകൾ കൂടി വേണ്ടി വന്നു അവനു മരവിച്ച ബോധത്തെ തിരികെ പിടിക്കാൻ.. അവൻ ഏതോ ഒരു ശക്തിയാൽ ചാടിയെഴുന്നേറ്റു. ബൈക്ക് ഒരു പത്തടി ദൂരത്തിൽ മറിഞ്ഞു കിടപ്പുണ്ട്... അവൻ തിരിഞ്ഞു നോക്കി. മറിഞ്ഞു കിടക്കുന്ന ഒരു പഴഞ്ചൻ സ്കൂട്ടറും അതിന്റെ വശത്തി

ലൂടെ ഒഴുകി വരുന്ന ദ്രാവകവും അവ്യക്തമായി അവൻ കണ്ടു. ആ വിജനമായ വഴിയിൽ വേറെയൊന്നും കാണാനാവാത്തവിധം അവന്റെ കാഴ്ച മൂടൽ വീണു. റോഡിന് ഇരുവശത്തും ചൂടേറ്റ് സ്വർണ്ണനിറത്തിൽ കിടന്നിരുന്ന പറമ്പുകൾ കണ്ടു, അവന് പേടി തോന്നി. ആ പഴഞ്ചൻ സ്കൂട്ടറിനരികെ പോകണമെന്ന് അവന്റെ ഉള്ളിന്റെ ഉള്ളിൽ ആരോ മന്ത്രിക്കുന്നുണ്ടായിരുന്നു. വലത് കാൽ തറയിൽനിന്ന് വലിച്ചെടുത്ത് വീണ്ടും ഒരു പടി മുന്നോട്ട് വയ്ക്കാൻ പോയതേയുള്ളു... അപ്പോളാണ് റോഡിൽ പരന്നു കിടക്കുന്ന ദ്രാവകത്തിന് ചുവന്ന നിറമാണെന്ന് അവൻ കണ്ടെത്തിയത്. പൊക്കി വെച്ചിരുന്ന കാൽ അവൻ പുറകോട്ടു വെച്ചു. അവനറിയാതെ തന്നെ കാലുകൾ പിന്നോട്ടു പോയ്ക്കൊണ്ടിരുന്നു. തന്റെ പുതിയ ബൈക്കിനടുത്തെത്തിയപ്പോൾ അവൻ സുബോധം വീണ്ടെടുത്ത് ബൈക്ക് നേരെയാക്കി, ധൃതിയിൽ കേറിയിരുന്ന് ഓടിച്ചു പോയി. മുന്നത്തേക്കാളും വേഗതയുണ്ടെങ്കിലും ആക്സിലേറ്ററിലെ കൈ ഇത്രമാത്രം വിറകൊണ്ടിരുന്നില്ല.

യാന്ത്രികമായ ആ യാത്ര, എന്തിനും പരിഹാരം കണ്ടെത്തുന്ന അവന്റെ ചങ്ക്സിന്റെ മുന്നിൽ ഒരു വിധം കൊണ്ടെത്തിച്ചു. പുതിയ ബൈക്ക് കണ്ട് അത്ഭുതം കൂറിയ ആ ഓരോ യുവമുഖങ്ങളിലും ആശങ്കയും സന്തോഷവും മിന്നിമറഞ്ഞു. അവരുടെ ഒച്ചപ്പാടിനിടയിലേക്ക് ഒരു വിധേനയാണ് അവൻ കാര്യങ്ങൾ പറഞ്ഞൊപ്പിച്ചത്. ആദ്യത്തെ ഒരു നിശബ്ദതക്കു ശേഷം "നീയവിടുന്ന് പോന്നതു നന്നായി" എന്ന നിലപാടിലെത്തി എല്ലാ ചങ്ക്സും. ഇല്ലേൽ വിവരിക്കാൻ കഴിയാത്ത നൂലാമാലകളിൽപ്പെട്ട് ജീവിതം തുലഞ്ഞേനെ. പിന്നീട് അവന്റെ തന്നെ നിർബന്ധത്തിനു വഴങ്ങി ചങ്ക്സെല്ലാം കൂടെ ഒന്നു അവിടെ പോകാനും തീരുമാനിച്ചു. അകലെ നിന്നേ ചെറിയൊരു ആൾക്കൂട്ടം കണ്ട്, അവന്റെ കണ്ണുകൾ അമ്പരന്നു. കുറച്ചു ദൂരം മുമ്പേ വണ്ടിയൊതുക്കി അവരെല്ലാംമിറങ്ങി... ആൾക്കൂട്ടത്തിനിടയിലേക്ക് നടന്നടുക്കുമ്പോൾ ചെറുതായി മഴ ചാറുന്നുണ്ടായിരുന്നു. വിരിഞ്ഞു കിടന്ന ആ ചോരയിൽ മഴത്തുള്ളികൾ വീണ് പരത്തിക്കൊണ്ടിരുന്നു. വിറയാർന്ന കൈയ്യോടെ ആൾക്കൂട്ടത്തെ വകഞ്ഞ്, വിറക്കുന്ന ചുണ്ടുകളും കണ്ണുകളുമായി നടുക്കലെത്തിയതും മഴത്തുള്ളികൾ ശക്തി പ്രാപിച്ചു വീണു കൊണ്ടിരുന്നു. സകലശക്തികളോടെ അവൻ കണ്ണുകൾ ഉയർത്തി നോക്കിയതും ഒരിടി ആകാശത്തുനിന്നും അവന്റെ ഹൃദയത്തിൽ വന്നു വെട്ടി.... അവൻ നിറഞ്ഞുവന്ന കണ്ണുകളോടെ വീട്ടിൽ സ്ഥിരം കണ്ടിരുന്ന ആ പഴഞ്ചൻ സ്കൂട്ടറെ നോക്കി... കണ്ണുകളിൽ ഇരുട്ട് കയറുന്നതേ അവനറിഞ്ഞിരുന്നുള്ളു... ചങ്ക്സിലൊരുവൻ അവന്റെ മുട്ടുകൈയ്യിൽ വിറയലോടെ പിടിച്ചു. അവന് അനക്കമില്ലെന്ന കണ്ടപ്പോൾ ശക്തിയോടെ വലിച്ച് ദേഹത്തടുപ്പിച്ച് വലിച്ചിഴച്ച് ദൂരേക്ക് കൊണ്ടുപോയി.... അപ്പോഴും മഴ ശക്തിയോടെ പെയ്തിരുന്നു. അവൻ ആ കറുത്ത റോഡിൽ വെള്ളത്തുള്ളികൾ വീഴുന്നതും നോക്കി യാന്ത്രികമായി നടന്നു. സ്വാതന്ത്ര്യത്തോടെ പറന്ന ആ ചാരപക്ഷി ചിറകുകളറ്റ് കണ്ണു തുറിച്ച് ആ റോഡിൽ കിടക്കുന്നത് കണ്ടപ്പോൾ മാത്രം അവന്റെ കാലൊന്നിടറി... ദൃഷ്ടി മാറ്റി... മുകളിലേക്കായി... മഴത്തുള്ളികൾ അവന്റെ മുഖത്തൂടെ ഒഴുകി ഭൂമിയിലേക്ക് പതിച്ചു. അടുത്ത "Elelctric post "You are under camera survelliance" എന്ന ബോർഡ് ചരിഞ്ഞു കിടപ്പുണ്ടായിരുന്നു. അപ്പോൾ മാത്രം അവനൊന്നു ഇമ ചിമ്മി. കോളേജിലെ സിസി സിസ്റ്റത്തെ നോക്കി കൊഞ്ഞനം കുത്തിയിരുന്ന അവൻ, അവയുടെ ഒറ്റകണ്ണുള്ള നോട്ടത്തെ അതിജീവിക്കാനാവാതെ മുഖം കുനിച്ചു. പിന്നീടുള്ള ദിവസങ്ങളിലൊക്കെ അവനത്തരം ബോർഡുകളോട് യുദ്ധം ചെയ്തു. വെറും ബോർഡ് മാത്രം സ്ഥാപിക്കപ്പെട്ട ആ വഴിയിലെ ആ അതിദാരുണമായ വാഹനാപകടവും മരണവും കാലം തേച്ചുമാച്ചു കളഞ്ഞു.

പക്ഷേ, അത്തരം ബോർഡുകളും യഥാർത്ഥ സിസിടിവിയും അവന്റെ കുറ്റബോധത്തെ വളർത്തുകയായിരുന്നു. അവൻ മറ്റുള്ളവരെടുക്കുന്ന സെൽഫികളിൽ അറിയാതെ പോലും പെടാതിരിക്കാൻ ഓടി രക്ഷപ്പെട്ടു. പക്ഷേ ഒരു ഒറ്റക്കണ്ണ് അവനെ എപ്പോഴും നോക്കിക്കൊണ്ടിരിക്കുന്നു എന്ന ചിന്ത മാത്രം വർദ്ധിച്ചു വന്നു. ക്യാമറക്കണ്ണുകൾ അവനെ മുഖം പൊത്തിക്കാൻ പ്രേരിപ്പിച്ചു. എന്നാലിന്ന് അവന് പേടിയില്ല, അവയെ നോക്കാൻ... കാരണം തന്നെ വലിഞ്ഞു മുറുക്കുന്ന വിവിധ വികാരങ്ങളുടെ പുറത്തിരുന്ന് അവൻ നിസ്സഹായതയോടെ ആ ഒറ്റക്കണ്ണനെ നോക്കിക്കൊണ്ടിരുന്നു.... ഇമ ചിമ്മാതെ, ഉരിയാടാതെ, ഒറ്റയ്ക്ക്, ഇരുട്ടത്ത്.. ഭ്രാന്തിന്റെ മണമുള്ള ആ ചുമരുകൾക്കുള്ളിൽ അവനാ ഒറ്റക്കണ്ണിനെ നിസ്സഹായതയോടെ നോക്കി... ആ ഒറ്റക്കണ്ണൻ യാതൊരുവിധ വികാരമില്ലാതെ അവനെയും....

തൊട്ടിൽ കാണുമ്പോൾ വീണ്ടും അതിൽ കയറിക്കിടന്ന് ആടാൻ തോന്നുന്നിടത്താണ് മനുഷ്യന്റെ അസ്തിത്വം.

ധനാമാഞ്ചി അന്ന് കിലോമീറ്ററോളം തന്റെ പ്രിയതമയുടെ വിറങ്ങലിച്ച ശരീരവുമെടുത്ത് നടന്നു നീങ്ങിയെന്നാരോ പറഞ്ഞു. കണ്ണുകൾ നേരത്തെ കെട്ടപ്പെട്ടതിനാൽ അതും കാണേണ്ടി വന്നില്ല. അല്ല ! ഞാൻ നോക്കുകുത്തിയാണ്. വെറുമൊരുകോലം അനങ്ങാൻപാടില്ല. മിണ്ടാൻ പാടില്ല. ശരീരമനങ്ങി ഒന്നും ചെയ്യാൻ കഴിയാതെ വെറുമൊരു നോക്കുകുത്തിയായ് ഞാൻ നിന്നു. എനിക്ക് രണ്ടു കൈയ്യല്ലേ ഉള്ളൂ. .....

# മഞ്ഞ

ഹേ ! അധികാരികളേ ...
നിങ്ങളുടെ കണ്ണിലെന്തേ അവൾ
കൂത്തച്ചികളാകുന്നു ?
ഒന്നിച്ചൊരുരാത്രിയിൽ അന്തിയുറങ്ങിയ
പെൺകിടാങ്ങൾക്ക് നിങ്ങളെന്തേ
സ്വവർഗ്ഗാനുരാഗികളെന്നു ചാപ്പകുത്തുന്നു ?
തെറ്റു പറയുന്നില്ല, കാമം
നീളൻ കുപ്പായത്തിനുള്ളിലൊളിപ്പിക്കും നിങ്ങളേയും !

പഴമക്കാർ പറഞ്ഞതുപോലെ
മഞ്ഞപ്പിത്തം ബാധിച്ചവന്
എല്ലാം മഞ്ഞ തന്നെ...

**കിരൺ കൃഷ്ണൻ**
രണ്ടാം വർഷം
ബി.എ. മലയാളം



# "ബക്കാർഡി"

എണീക്കെടാ.. എന്ന ആക്രോശം ചെവിക്കരണം പൊട്ടിച്ചതും കരാളഹസ്തങ്ങൾ എന്റെ നെടുമ്പുറത്ത് പതിച്ചതും ഒന്നിച്ചായിരുന്നു.

വയറു നിറഞ്ഞ ഒരു ഊണിനുശേഷം ഉച്ചമയക്കത്തിലായിരുന്ന ഈയുള്ളവനെ ദേഷ്യപ്പെടുത്താൻ ഇതിലുപരി മറ്റെന്തു വേണം. കണ്ണ് തുറന്ന പാടെ കാല് മടക്കി ഒന്ന് കൊടുത്താലൊ എന്നായിരുന്നു ആദ്യ ചിന്ത.

പെറ്റമ്മയാണ് തല്ലരുത്

എന്നിലെ സദാചാരവാദി ഉണർന്നു. എന്നിരുന്നാലും അതിഥികൾ വരുമ്പോൾ മാത്രം അണിയാറുള്ള അമ്മയുടെ സെറ്റ് സാരിയുടെ വാസന എന്റെ ദേഷ്യത്തെ ശമിപ്പിച്ചു.

എഴുന്നേറ്റ് പോയി നോക്കുമ്പോൾ അമ്മാവന്റെ കത്തി അച്ഛനെ തലങ്ങും വിലങ്ങും വീശുകയാണ്. അദ്ദേഹത്തിന്റെ നർമശൈലിയിൽ കത്തിയുടെ മൂർച്ച അറിയാതെ അച്ഛൻ മയങ്ങി ഇരിക്കുന്നു. കേരളകോൺഗ്രസ്സ് "W" വിഭാഗത്തിന്റെ ഉത്തരകേരളം മേഖലയുടെ ചുമതല അദ്ദേഹത്തിനാണെത്ര. അതിന്റെ ഭാഗമായി വീടിന് അടുത്തുള്ള കവലയിൽ പ്രസംഗിക്കാൻ തെക്കൻ കേരളത്തിൽനിന്നും വാഹനമാർഗ്ഗം വന്നതാണ്.

ഇരുട്ടു വീണു. അച്ഛൻ ബന്ധുക്കൾക്കായി മാറ്റിവച്ചിരിക്കുന്ന ശ്രേണിയിൽനിന്നും ഒരു "ബക്കാർഡി" കുപ്പി അവരുടെ നടുവിൽ പ്രത്യക്ഷപ്പെട്ടു. കുപ്പിയുടെ വിഹിതം കിട്ടിയില്ലെങ്കിലും, ചർച്ചയിൽ എനിക്കു ഒരു വിഹിതം ഉണ്ടായിരുന്നു. കാലാവസ്ഥാ വ്യതിയാനം എന്ന വിഷയം തിമിർത്തു കൊണ്ടിരിക്കുമ്പോൾ അമ്മാവൻ എന്നോട് കൽപ്പിച്ചു.

"നീ പോയി കാറിൽ ഇരിക്കുന്ന മിനറൽ വാട്ടറിന്റെ കുപ്പി ഇങ്ങെടുത്തിട്ടു വാ'' ആ ബോട്ടിലും കൈയ്യിൽ പിടിച്ച് അയാൾ അച്ഛനോടു പറഞ്ഞു. "ഇത് ഞാൻ ഇന്നലെ ഇരുപത് രൂപ കൊടുത്ത് വാങ്ങിയതാണ്". ശേഷം എന്റെ നേർക്ക് തിരിഞ്ഞ് അദ്ദേഹം ഒരു സംഭവം വിവരിക്കുവാൻ തുടങ്ങി.

"പണ്ട് 1982ൽ എനിക്ക് ഏർക്കാട് ഒരു തോട്ടമുണ്ടായിരുന്നു. അന്ന് ഡൽഹിയിലുള്ള എന്റെ അമ്മാവൻ, അതായത് നിന്റെ അമ്മാവന്റെ അമ്മാവൻ എന്റെ തോട്ടം സന്ദർശിക്കാൻ എത്തി. തോട്ടത്തിൽ പാറക്കെട്ടിനിടയിലൂടെയുള്ള ഒരു ചെറിയ അരുവിയുടെ വക്കത്തായിരുന്നു ഓലകൊണ്ട് മേഞ്ഞ ഔട്ട്ഹൗസ്, അവിടിരുന്ന് അരുവിയിലേക്ക് ചൂണ്ടിക്കൊണ്ട് എന്റെ അമ്മാവൻ എന്നോട് പറഞ്ഞു എടാ നീയി വെള്ളം കുപ്പിയിലാക്കി വിൽക്ക്. നല്ല ശുദ്ധ വെള്ളമല്ലെ".

"ഞാൻ ചോദിച്ചു വെള്ളമൊ, കുപ്പിയിലോ? വെള്ളമൊക്കെ ആരെങ്കിലും പൈസ കൊടുത്ത് കുപ്പിയിൽ വാങ്ങി വീട്ടിൽ കൊണ്ടുപോകുമോ. പോയി വേറെ പണി നോക്ക് മനുഷ്യാ എന്ന് ഞാൻ അമ്മാവനോട് പറഞ്ഞു".

കഥ അവസാനിച്ചു. എന്റെ അമ്മാവൻ യാഥാർത്ഥ്യത്തിലേക്ക് മടങ്ങിയെത്തി എന്നിട്ട് പറഞ്ഞു.

ആ ഞാൻ ഇതാ ഇന്ന് 30 കൊല്ലങ്ങൾക്കു ശേഷം ഇന്ന് ഇരുപത് രൂപാ കൊടുത്ത് കുപ്പിവെള്ളം വാങ്ങിയിരിക്കുന്നു. ഇനി ഞാൻ നിന്നോടൊരു കാര്യ പറയാം എന്ന് മെല്ലെ പറഞ്ഞുകൊണ്ട് എന്റെ മുന്നിൽ എഴുന്നേറ്റു നിന്നു.

നീ എന്റെ പ്രായമാകുമ്പോൾ നിന്റെയും നിന്റെ മക്കളുടേയും മൂക്കിന്റെ അറ്റത്ത് ഒരു മെഷീൻ ഘടിപ്പിക്കും, നീ എടുക്കുന്ന ഓരോ ശ്വാസത്തിനും അത് എണ്ണം എടുക്കും. ഓരോ എണ്ണത്തിനും ഒരു പ്രത്യേക യൂണിറ്റ് ചാർജ് നിന്റെ പക്കൽനിന്ന് ഈടാക്കും.

ഞാൻ ഒരു പുച്ഛം കലർന്ന ചിരിയുമായി നിൽക്കുകയായിരുന്നു. അദ്ദേഹം തുടർന്നു.

നീ ഇപ്പോൾ ഇത് വിശ്വസിക്കില്ല. ഞാൻ എന്റെ അമ്മാവനെ അവിശ്വസിച്ച പോലെ, തന്നെ. പക്ഷേ ഇന്ന് ഇവിടെ സംഭവിച്ച സംഭാഷണം ഒരു നീറ്റലോടെ നീ നിന്റെ അനന്തരവനോട് പറയും, അന്ന് നീയെന്നെ വിശ്വസിക്കും.

അയാളുടെ ഉള്ളിൽ കിടക്കുന്ന അരക്കുപ്പി "ബക്കാർഡി" തിളക്കുന്നുണ്ടായിരുന്നു. അതെനിക്കയാളുടെ കണ്ണുകളിൽ കാണാം.



**കുര്യാക്കോസ് ജൂനിയർ**
രണ്ടാം വർഷം
ബി.എസ്.സി. സുവോളജി

## വരൂ...
## സ്വകാര്യതയിലേക്ക്
## ഒളിഞ്ഞു നോക്കാം...

സ്വകാര്യത എന്നാൽ എന്ത് ? ഭരണഘടനയുടെ 21-ാം അനുച്ഛേദത്തെ സുപ്രീംകോടതി നിർവ്വചിക്കുന്നത് ഇങ്ങനെയാകുന്നു. "ഒരു വ്യക്തി ജീവിതത്തെ അർത്ഥമാക്കുന്ന സമൂഹത്തെ ദോഷപരമായി ബാധിക്കുന്നതും ഒരു വ്യക്തിയും അവന്റെ കഴിവുകളും ചിന്തകളും സങ്കീർണതകളും അടങ്ങുന്ന നിയമ സംവിധാനമാണ് സ്വകാര്യത" ഈ സ്വകാര്യതാനയത്തെ കാറ്റിൽ പറത്തിയാണ് പൗരന്റെ അടിസ്ഥാന ആവശ്യങ്ങൾ സംരക്ഷിക്കേണ്ട ജനാധിപത്യ സംഹിത തന്നെ ഇത്തരം വിവരങ്ങൾ 2016 ൽ ഒരു കോർപ്പറേറ്റ് കമ്പനിക്ക് അടിയറ വെച്ചിരിക്കുന്നത്.



വെറും ഒരു പതിനാറക്ക ആധാർ നമ്പറുമായി മൊബൈൽ കടയിലേക്ക് സിംകാർഡിനായി കയറി ചെല്ലുന്ന വ്യക്തിയുടെ സകലമാന വിവരങ്ങളും ഇതുവഴി നാനാദിശയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. ഏതൊരു ഇന്ത്യൻ പൗരനും തന്റെ ഭരണഘടന അനുശാസിക്കുന്ന പരമാധികാരത്തെ വിശ്വസിച്ച് കേന്ദ്രസർക്കാരിനെ ഏൽപ്പിക്കുന്ന വിവരങ്ങളാണ് ഇത്തരത്തിലുള്ള തുഗ്ലക്ക് പരിഷ്ക്കാരത്തിലൂടെ പെട്ടിക്കടയിൽ വരെ സുലഭമാകുന്നത് എന്ന് ഓർക്കണം. ആധാർ വിവരങ്ങൾ ചോർന്നു എന്ന് ജനാധിപത്യത്തിന്റെ നെടും തൂണായ മാധ്യമങ്ങൾ ചർച്ച ചെയ്യുമ്പോഴാണ് 2017 മെയ് 7ന് കേന്ദ്ര സർക്കാർ തന്നെ സുപ്രീം കോടതിയിൽ ആധാർ വിവരങ്ങൾ ചോർന്നു എന്നു കുറ്റസമ്മതം നടത്തുന്നത്.

അമേരിക്കൻ രഹസ്യാന്വേഷണ സംഘടനയായ സി.ഐ. എ ലോകത്താകമാന ജനങ്ങളെയും നിരീക്ഷിക്കുന്നുണ്ടെന്ന ലോകം മുഴുവൻ പിടിച്ചു കുലുക്കിയ വിവരം എൻ.എസ്.എ ഉദ്യോഗസ്ഥനായ എഡ്വേർഡ് സ്നോഡൻ വെളിപ്പെടുത്തിയ വേളയിലാണ് ആധാറിന്റെ സ്വകാര്യ നയത്തെ പറ്റി രാജ്യത്തിലൂടനീളം ചർച്ചയാവുന്നത്. അന്നത്തെ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോദി പറഞ്ഞ വാക്കുകൾ ഇങ്ങനെയാണ്. 'സ്വകാര്യതയ്ക്ക് വേണ്ടി ലോകം പോരാടുമ്പോൾ നമ്മളെ ഗവൺമെന്റ് വില്പന ചരക്കാക്കിയിരിക്കുന്നു. പ്രതിപക്ഷത്ത് ഇരിക്കുമ്പോൾ ഇങ്ങനെ പ്രസ്താവിച്ച അതേ നരേന്ദ്രമോദി തന്നെയാണ് ആധാറിനെ ഗ്യാസ് സബ്സിഡിയുമായു, ബാങ്ക് അക്കൗണ്ടുമായും എന്തിന് പാവപ്പെട്ടവന്റെ മക്കളുടെ മാത്രം ആശ്രയമായ ഉച്ചക്കഞ്ഞിയുമായി വരെ ബന്ധിപ്പിച്ചിരിക്കുന്നത്. ഭരണപക്ഷത്തിന്റെ കസേരയുടെ 'ഘനം' നൽകിപോന്ന വിരോധാഭാസം എത്രത്തോളം നിസ്സാരവത്ക്കരിക്കപ്പെട്ടിരിക്കുന്നു എന്ന് ശ്രദ്ധേയമാണ്. സ്വകാര്യതയിൽ തുടങ്ങി തീൻ മേശയിൽ വരെ എത്തി നോക്കുന്നതിന്റെ ആവശ്യകത എന്താണ്? ഭരണക്കൂടത്തെ അതിന്റെ വിഷയങ്ങളുമായി ഒരു 16 അക്ക ചങ്ങല ബന്ധിപ്പിക്കുന്നതിന്റെ ഔചിത്യം എന്ത്? ഏതു രാഷ്ട്രീയ പ്രത്യയശാസ്ത്രമാണ് ഭരണകൂടം ഇതിലൂടെ നമ്മളിൽ അടിച്ചേൽപ്പിക്കുന്നത്. ഇതിലൂടെ ഭരണകൂടം സദാ നമ്മെ നിരീക്ഷണ വലയത്തിൽ അകപ്പെടുത്തുകയാണ്. ഓരോ പൗരന്റേയും ബയോമെട്രിക്ക് രേഖകൾ തുടങ്ങി നാം ആയിരിക്കുന്ന, ഉൾപ്പെട്ടിരിക്കുന്ന എല്ലാറ്റിനെയും വച്ച് ബന്ധിപ്പിക്കുന്നത് എത്രത്തോളം സ്വീകാര്യമായതാണ്. നമ്മുടെ അഭിപ്രായങ്ങളും ചിന്തകളും തുടങ്ങി സകലമാന നാഡി വ്യവസ്ഥയെയും നിരീക്ഷിക്കുക എന്നതാണ് ഇവയുടെ മൂല ഉദ്ദേശം. നമ്മുടെ ചിന്തയ്ക്കും രാഷ്ട്രീയത്തിനും സ്വാതന്ത്ര്യ ത്തിനും അതിർവരമ്പുകൾ നിശ്ചയിക്കപ്പെടു ന്നത് ഏതു രാഷ്ട്രീയത്തിന്റെ ചരടുവലിയിൽ നിന്നാണ്?

ഇവിടെ പ്രത്യക്ഷത്തിൽ പ്രകടമാവുന്നത് ശുദ്ധ ഫാസിസം അതിലുപരി ഞങ്ങളെ ആർക്കും തടുക്കുവാൻ പറ്റില്ല എന്ന നിദൂരവും.

ഭാവിയിൽ സുനിശ്ചിതമായും നമ്മുടെ ആരോഗ്യ ഉൽപ്പന്ന സേവനങ്ങൾക്കും ആധാറിന്റെ ബന്ധനം കടന്നുവരുമ്പോൾ, ഒരു ജനതയുടെ മുഴുവൻ ആരോഗ്യ രോഗവിവരങ്ങളുടെ പട്ടിക ഏവർക്കും മുന്നിൽ തുറന്നിടുക വഴി നമ്മുടെ അഭിരുചികളും ചിന്തകളും മറ്റൊരിടത്തുനിന്ന് അംബരചുംബികളായ കോർപ്പറേറ്റ് കമ്പനികൾ നിയന്ത്രിക്കുന്ന ഗതിയിലേക്ക് എത്തി ചേർന്നിരിക്കുന്നു. ജനങ്ങളാൽ രൂപപ്പെട്ട ജനാധിപത്യ സംവിധാനത്തിൽ ഇന്നു വരെ കേട്ടുകേൾവി പോലുമില്ലാത്ത ഒരു പ്രവർത്തന ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രം എന്ന് സ്വയം അഹങ്കരിക്കുന്ന ഇന്ത്യയിൽ നടക്കുമ്പോഴും മുഖ്യ പ്രതിപക്ഷപാർട്ടികളുടെ മൗനം പോലും ഏറെ ഭയപ്പെടുന്നതാണ്.

ഇത്തരമൊരു സാഹചര്യത്തിൽ പശുക്കൾക്കു പോലും ആധാർ നിർബന്ധമാക്കണമെന്ന ചില പരിഷകളുടെ വാദം. ഏതെല്ലാം സാമൂഹിക വികാസ പരിണാമത്തെ സഹായിക്കുന്നതായാലും ലജ്ജാവഹമായ പ്രവർത്തിക്കു തുല്ല്യമാണ്.

അതെ, നാം നഗ്നരാണ് കോപ്പറേറ്റ് കമ്പനികൾക്കും റേറ്റിംഗ് ഏജൻസികൾക്കും ലോക രാഷ്ട്രങ്ങൾക്കും മുമ്പിൽ തൂക്കിവിൽക്കപ്പെടുന്ന - അല്ലെങ്കിൽ അങ്ങനെ ആവാൻ വിധിക്കപ്പെട്ടിരിക്കുകയാണ് നാം. ഏറെ വിശ്വസിച്ചു തിരഞ്ഞെടുത്ത നമ്മുടെ രാജ്യത്തിന്റെ പരമാധികാരത്തെ കൂട്ടുപിടിച്ച്, ഫാസിസം നമ്മുടെ തീൻമേശയും, ചിന്തയും, ആശയവും, സ്വാകാര്യതയും കീശയും എന്തിനേറെ, നാവിൻ തുമ്പിലെ രുചി പോലും നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നുണ്ട്. ജാഗരൂകരാവുക !

**അഷിൻ ആന്റണി**
**രണ്ടാം വർഷം**
**ബി. എ. എക്കണോമിക്സ്**





# നീ...



ഇന്നലെ വരെ ഏറ്റവും വലിയ ദുരന്തം സുനാമിയായിരുന്നു. എന്നാൽ ഇന്ന് ഏറ്റവും വലിയ ദുരന്തം നീയാണ്. വെട്ടിന് വെട്ട്, ചോരയ്ക്ക് ചോര എന്ന സിദ്ധാന്തവുമായി എത്ര ദൂരം നീ മുന്നോട്ടുപോകും? ഭൂമിയിലെ ഏറ്റവും വലിയ ദുരന്തം നീയാണ്... നാളുകളോളം ഓക്സിജൻ മെഷീൻ വായയിൽ തിരുകിയിട്ടും ആ 'അമ്മ' യെ നിനക്ക് രക്ഷിക്കാനായില്ല... എന്തിന് ആ സരിതയെന്ന 'ധീര' വനിതയുടെ സാരിത്തുമ്പിൽ പിടിക്കാൻ പോലും നിനക്ക് കഴിഞ്ഞില്ല...സൗമ്യ കീഴടങ്ങിയപ്പോൾ നീ പറഞ്ഞു ഇനിയൊരു സൗമ്യയില്ലെന്ന്... എന്നാൽ ജിഷ മറ്റൊരു സൗമ്യയായി മാറിയപ്പോൾ നീ തല കുനിച്ചു...

രോഹിത്തും ജിഷ്ണുവും ഒരേ നാണയത്തിന്റെ ഇരു വശങ്ങളായി . ഇനിയെത്ര രോഹിത്തും ജിഷ്ണുവും ഉണ്ടാവുമെന്ന് കാലത്തിനു മാത്രമേ പറയാനാകു ...

500 നും 1000 ത്തിനും വധശിക്ഷ വിധിച്ചിട്ടും അംബാനികൾ ഇന്നും അംബാനികൾ തന്നെ. മദ്യം നിരോധിച്ച സർക്കാർ പോലും മഹാകുടിയന്മാർക്കു മുമ്പിൽ അടിയറവു പറഞ്ഞു...

ഇനി മാധ്യമലോകത്തിലേക്ക് വരാം. തേച്ചിട്ട് പോകുന്ന പെണ്ണിന് പണി കൊടുക്കാൻ ഇതിലും നല്ലത് വേറെയൊന്നില്ല. മരിച്ചിട്ടില്ലാത്തവരെ മരിപ്പിക്കാനുള്ള കഴിവ് വാട്ട്സപ്പിന്റെ മാത്രം സിദ്ധി.

ഉപ്പുമാവിന്റെ ഇംഗ്ലീഷ് 'സാൾട്ട് മാംഗോ ട്രീ' എന്നു പറയുന്നവനുപോലും 'പി.എച്ച്.ഡി' നൽകുമ്പോൾ വിദ്യാഭ്യാസത്തിന്റെ മാറ്റ് 916 നെക്കാളും കൂടുന്നതായി തോന്നുന്നു...

ഒടുവിൽ ഈ പരാജയത്തിന്റെ ബഹുമതി ഏറ്റുവാങ്ങുമ്പോഴും നീ അഹങ്കാരത്തോടെ പറയുന്നു. 1947 ആഗസ്റ്റ് 15 ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി. മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തി. ഫെസ്ബുക്കിൽ ഞാനിട്ട Pic ന് കാക്കത്തൊള്ളായിരം ലൈക്ക് കിട്ടി ...

**എൽസ ചിറയത്ത്**
രണ്ടാം വർഷം
ഫങ്ഷണൽ ഇംഗ്ലീഷ്

# പൗരബോധം REDEFINED



സമയം 8.30
എടിയേ ആ ചാനൽ ഒന്നു മാറ്റിയെ
എന്താ ഈ കാണുന്നത് ?
എന്നാലും നമ്മുടെ നാട്
എന്താ ഇങ്ങനെ ?
ഈ നാട് എന്താ ? ഇങ്ങനെ ?
ഈ സർക്കാരിന് ഇത് എന്തിന്റെ കേടാ ?
ആ പാവം ബാല്യങ്ങൾ ...
ആര് ഇതിന് സമാധാനം പറയും ?
ഈ മണ്ണിൽ എന്താ മറ്റു മതസ്ഥർക്കും
ജീവിക്കണ്ടെ ?
എല്ലാ ദരിദ്രരും വീണ്ടും ദരിദ്രരാവുന്നു
അല്ലേലും സർക്കാരെന്നും മുതലാളിമാരുടെ ഒപ്പാ
പാവം പെൺകുട്ടി ...
സമയം 9.30
എടിയേ കുറച്ചു പരിപ്പുകറി കൂടി
ഏഹ് _ (നീളത്തിലൊരു ഏമ്പക്കം)
ശുഭനിദ്ര ... സുപ്രഭാതം വീണ്ടും ...

**അഷിൻ ആന്റണി**
രണ്ടാം വർഷം
ബി.എ. എക്കണോമിക്സ്



# തലേക്കെട്ടും കാവിയും കണക്ക...ാാ കണക്ക് !

ചുറ്റും ഇരുട്ടാണ്. ആ ഇരുട്ട് അവളുടെ മനസ്സിനേയും ബാധിച്ചിരുന്നു. അവൾക്കത് ഉറക്കമില്ലാത്ത മറ്റൊരു രാത്രിയായി മാറി. പതിവുപോലെ ഫോണിൽ ഫേസ്ബുക്ക് തുറന്ന് സുഹൃത്തുക്കളുടെ അപ്ഡേറ്റ്സ് നോക്കുമ്പോൾ വീണ്ടും അതാ Me Too എന്തവളുടെ ഉറക്കം കെടുത്തിയോ അത് തന്നെ വീണ്ടും മുമ്പിൽ. ഫോൺ ഓഫ് ചെയ്ത് അവൾ കണ്ണടച്ചു. വർഷങ്ങൾക്ക് മുൻപ് അവൾ പഠിച്ചിരുന്ന ഒരു ക്ലാസ് മുറിയാണ് ഓർമയിൽ വന്നത്. അന്നവൾ രണ്ടാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. മുട്ടോളം നീള മുള്ള ഫ്രോക്കുമിട്ട് കൂട്ടുകാർക്കൊപ്പം കളിച്ചു ചിരിച്ചു നടന്നിരുന്ന ആ കാലത്ത് അവളുടെ ബുദ്ധിക്കും ചിന്തകൾക്കുമപ്പുറത്തുള്ള സംഭവങ്ങൾ അവിടെ അരങ്ങേറിയിരുന്നു. പഠനത്തിനൊപ്പം തന്നെ മതവിദ്യാഭ്യാസ ത്തിനും ഒരു പോലെ പ്രാധാന്യം കൊടുക്കുന്ന ആ സ്കൂളിൽ പുതിയ തായി അറബി പഠിപ്പിക്കാനായി വന്ന മാഷ്; അദ്ദേഹത്തിന്റെ ആദ്യ വര വിൽ കയ്യിൽ ചൂരൽ ഇല്ല എന്ന് മനസ്സിലാക്കിയ കുട്ടികൾ സന്തോഷിച്ചു.

എന്നാൽ അവർക്കാർക്കും മനസ്സിലാക്കാൻ കഴിയാത്ത ശിക്ഷകളാണ് ആ അധ്യാപകൻ കൊടുത്ത് കൊണ്ടിരുന്നത്. മാഷ് ചോദിച്ച ചോദ്യത്തിന് ഉത്തരം തെറ്റിച്ച് പറഞ്ഞ കൂട്ടുകാരിയെ അയാൾ അടുത്തേക്ക് വിളിച്ചു. അയാളുടെ കൈകൾ ശിക്ഷ കൊടുക്കുമ്പോൾ എപ്പോഴും കുട്ടികളുടെ തുടയുടെ ഇടയിലേക്കാണ് പോയിരുന്നത്. ലിംഗഭേദമില്ലാതെ അയാൾ ആൺകുട്ടികളേയും പെൺകുട്ടികളേയും അമർത്തി അവിടെ പിച്ചും. ജീവിതത്തിൽ ആദ്യമായി ഇങ്ങനൊരു കാഴ്ച കണ്ട് അവൾക്ക് അത് എന്തെന്ന് നിർണ്ണയിക്കാൻ സാധിച്ചില്ല അവളുടെ ഊഴം എത്തുന്നത് വരെ. ചീത്ത എന്നും അനാവശ്യമായി തൊടരുതെന്നും പറയരുതെന്നും വിലക്കിയ സ്വകാര്യഭാഗത്ത് ആദ്യമായി ഒരാൾ അമർത്തി പിച്ചി. അവൾക്കത് നന്നായി വേദനിച്ചു, മനസികമായും ശാരീരികമായും. അയാൾ ചെയതത് ശരിയായ ഒരു കാര്യമല്ല എന്ന് മാത്രമേ ആ കുഞ്ഞ് മനസ്സിനന്ന് പറയാൻ കഴിയുമായിരുന്നുള്ളു.

പെട്ടെന്ന് കണ്ണ് തുറന്നു. സുഹൃത്തുക്കൾ പലരും ചോദിച്ചു. നിന്റെ Me too ഒന്നും കണ്ടില്ലല്ലോടി, നിനക്കിതുവരെ ചെറുതായിട്ട് പോലും മോശമായൊരനുഭവം ഉണ്ടായിട്ടില്ലേ? ഇല്ല, എന്ന് പറഞ്ഞ ഉടനെ ഫോൺ കട്ട് ചെയത് മണിക്കൂറുകളായി ഒറ്റക്കിരിപ്പാണ്. മനസ്സിൽ നൂറു ചോദ്യങ്ങൾ ഉണ്ട്. ഉത്തരം കിട്ടാൻ, ഇന്നിതുവരെ ഇതാരോടും പറഞ്ഞിട്ടുമില്ല. അവൾ വീണ്ടും ഉറങ്ങാൻ ഒരു ശ്രമം നടത്തി. കണ്ണുകൾ വീണ്ടും അടച്ചു.

വെള്ളവസ്ത്രമണിഞ്ഞ താടിക്കാരനായ ഒരു മുല്ലയുടെ രൂപമാണ് ഇത്തവണ മനസ്സിൽ വന്നത്. ഒരു വേനലവധിക്കാലത്ത് അവൾക്ക് ഖുർ ആൻ പഠിപ്പിക്കാനായി വീട്ടുകാർ ഏർപ്പാടാക്കിയ ഒരു താടിക്കാരൻ മുല്ല. അന്നവൾക്ക് 9 വയസ്സാണ്. തലമുഴുവൻ മറച്ച് അങ്ങേയറ്റം പേടിയോടേയും ബഹുമാനത്തോടേയും നിശ്ശബ്ദയായാണ് അവൾ അദ്ദേഹത്തിന്റെ മുമ്പിലേക്ക് ചെല്ലാറ്. എന്നും ക്ലാസ്സ് കഴിഞ്ഞ് പോകുമ്പോൾ കവിളിൽ ഒരു ഉമ്മ തരുന്ന പതിവ് ആൾക്ക് ഉണ്ടായിരുന്നു. ഉപ്പയും ഉമ്മയും തരുന്ന ഉമ്മപോലെ അവളതു സ്വീകരിച്ചു. ദിവസങ്ങൾ കടന്നു പോയി. ഒരു ദിവസം ഉമ്മ വെക്കുന്ന സ്ഥാനം കവിളിൽ നിന്ന് ചുണ്ടിലേക്ക് മാറി. ദിവസങ്ങൾ കടന്നുപോയി. അപ്പോഴും കുറ്റം മുല്ലാക്കയ്ക്കായിരുന്നില്ല. "നിനക്ക് ഖുർ ആൻ പഠിക്കാനുള്ള മടികാരണം ഓരോന്ന് പറയാണ്, മുല്ലമാർ അങ്ങനെയൊന്നും ചെയ്യില്ലാ" എന്നും, അവർ ദൈവത്തിന്റെ ഗ്രന്ഥം മനഃപാഠമാക്കിയവരാണെന്നുമായിരുന്നു പരാതിയുമായി ചെന്നപ്പോൾ വീട്ടുകാരിൽനിന്നും വന്ന പ്രതികരണം.

ഇന്ന് കാലം തെളിയിച്ചു, മതഗ്രന്ഥങ്ങൾ മനപ്പാഠമാക്കിയവരുടെ വിശ്വരൂപം. സ്ത്രീപീഡനത്തിൽ പ്രതികളായവരുടെ കൂട്ടത്തിൽ സ്വാമിമാരും, അച്ചന്മാരും വന്നു. മുല്ലമാരുടെ മുഖം മൂടിയഴിയാൻ ഇനിയും ബാക്കി. സുരക്ഷ ഉറപ്പുവരുത്താതെ ഭക്തിയിൽ അന്ധമായി മുഴുകി മക്കളെ ഇത്തരം കപട പണ്ഡിതന്മാരുടെ അടുത്തേക്ക് നമ്മൾ വീണ്ടും പറഞ്ഞയക്കും. എല്ലാം ദൈവത്തിന് വേണ്ടി ആയതുകൊണ്ട്.

**ദിൽന റിയാസ്**
രണ്ടാം വർഷം
ബി.എ. ഹിസ്റ്ററി ഇംഗ്ലീഷ് ഡബിൾ മെയിൻ

എന്റെ പേര് നോക്കുകുത്തി. കൈയ്യിൽ ആളെ വെട്ടിയാൽ മുറിയാത്തൊരു വാളും ഒരിക്കലും തൂക്കമൊക്കാത്ത തുലാസുമേന്തി കണ്ണുംകെട്ടി കാലം കുറെയായി ചുറ്റിക അടികളാൽ ഞാൻ വിറച്ചുകൊണ്ടിരിക്കുന്നു. തലസ്ഥാന നഗരിയിൽ വലിച്ചിഴയ്ക്കപ്പെടുന്ന പെൺകുട്ടികളുടെ ഒരിക്കലും നിലയ്ക്കാത്ത നിലവിളികൾ കേട്ടുകൊണ്ട്. യുദ്ധങ്ങളിൽ ജീവൻ വെടിഞ്ഞ ഓരോ പട്ടാളക്കാരന്റെയും ആത്മാവിന്റെ  രോദനം കേട്ടുകൊണ്ട്, കോടികളുമായി ഉന്നതന്മാർ ദാരിദ്രരേഖയ്ക്കും കീഴെ വാഴുന്നതും കണ്ടുകൊണ്ട് നോക്കുകുത്തിയായി അന്തംവിട്ട് കുന്തം വിഴുങ്ങിയിരിക്കയാണ് ഞാൻ. പണ്ട് വളരെപ്പണ്ട് എന്റെ പേര് നിയമദേവതയെന്നായിരുന്നു. ഗ്രീക്ക് പുരാണം മുതൽക്കേ എന്റെ പേരിൽ തീർപ്പ് കൽപ്പിച്ച് പോന്നിരുന്നു. അസമത്വങ്ങളുടെ അവസാന വാക്കും അന്ന് ഞാനായിരുന്നു. ആ ഞാനാണിന്ന് വെറുമൊരു നോക്കുകുത്തിയായിരിക്കുന്നത്. ഒരു ജ്യോതിയണഞ്ഞപ്പോൾ അവർ പറഞ്ഞു ഇനിയൊന്നില്ലായെന്ന്. എന്നാൽ ജ്യോതിമാർ ജിഷകളായ് മാറിയപ്പോൾ തലകുനിച്ച് പോയത് ഞാനായിരുന്നു. രാഷ്ട്രത്തെ മെനയേണ്ടവർ കസേരക്കളി കളിച്ച് കയ്യാംകളിയിലേക്ക് നീങ്ങിയപ്പോൾ ഞാൻ വായും പൊത്തി. എൻഡോസൾഫാൻ ബാധിതരെന്ന് പറഞ്ഞ് അവരന്ന് കുറെ ചീഞ്ഞ മാംസമെന്റെ മുന്നിൽ കുടഞ്ഞിട്ടു. അന്നു ഞാൻ മൂക്കും പൊത്തി. രോഹിത്തും ജിഷ്ണുവും ചോദ്യചിഹ്നമായി ഉയർന്നു വന്നപ്പോൾ ചെവിയും തെല്ലടച്ചു പൊത്തി ഞാൻ.



# എന്താേേേല്ലേ...

നിങ്ങളേലും എന്റെ സങ്കടം ഒന്ന് കേൾക്കണം... ആദ്യം തന്നെ പറയണല്ലോ, ഞാൻ പ്ലാച്ചോട്ടിലെ വേലായുധന്റെ പോത്താണ്. എന്തേ നെറ്റി ചുളിക്കണേ ? ശരിക്കും പോത്ത് തന്നെയാടോ ! ഇത്രേം കാലം വടക്കേപ്പുറത്തെ പാടത്തായിരുന്നു ഞാനും കൂട്ടരും കളിച്ച് മദിച്ച് നടന്നിരുന്നത്... വേലായുധേട്ടൻ വല്ലാണ്ട് പണി ചെയ്യിപ്പിച്ച് ബുദ്ധിമുട്ടിക്കാറൊന്നും ഇല്ല്യ... അതോണ്ട് തന്നെ, രാവിലെ വേലായുധേട്ടൻ വന്ന് പാടത്തേക്ക് കൊണ്ടോവുമ്പോ പോവാൻ വല്യ ഉഷാറാ...

പക്ഷേ ഇന്ന് ആരെത്ര നിർബന്ധിച്ചിട്ടും ഞാൻ തൊഴുത്തീന്ന് ഇറങ്ങീല്ല്യ... പേടിച്ചിട്ടാ സത്യം! രണ്ട് ദെവസായിട്ട് കൂട്ടരിൽ ചിലരെ പാടത്ത് കാണാറില്ല്യ... ചോദിച്ചപ്പോ ബാക്കി എല്ലാർക്കും മൗനം... ഒടുക്കം മൂത്തേടത്തെ ദാസേട്ടന്റെ എരുമക്കുട്ടിയാ പറഞ്ഞേ, അവരെയൊക്കെ കൊറെ പേര് കൂടി കശാപ്പ് ചെയ്തെന്ന്... അത് കേട്ടപ്പോ ന്റെ നെഞ്ചൊന്ന് ആളി... സന്ധ്യക്ക് വേലായുധേട്ടൻ വരണ വരെ നിക്കൊരു സമാധാനോം ഇല്ല്യേർന്നു... വല്ലോനും പിടിച്ചോണ്ടു പോവോന്നായിരുന്നു പേടി, കൊണ്ടോയാൽ കൊല്ലൂലേ ! എങ്ങന്യാവും കൊല്ലാ ! ഓരൊക്കെ വല്ലാണ്ട് വേദനിപ്പിക്കുംന്നാ കേട്ടേ.... നടുറോഡില് ആൾക്കാരടെ ഇടയിലിട്ടാത്രെ കൊറ്റാട്ടിലെ രാമേട്ടന്റെ പോത്തിനെ കൊന്നെ... ചോര വാർന്ന് ചാവുമ്പോഴും ഒരു നോട്ടംകൊണ്ടു പോലും ആരും അതിനെ സമാധാനിപ്പിച്ചിട്ടുണ്ടാവില്ല്യാ... ന്നിട്ട് കൊന്ന പോത്തിനെ കറിവെച്ച് എല്ലാരും ഒരുമിച്ചിരുന്ന് തിന്നുംന്നാ ഞാൻ അറിഞ്ഞേ... എന്തോ വല്ല്യ പ്രതിഷേധാത്രെ... പക്ഷേ, ന്റെ അറിവിൽ ഞങ്ങളാരും ഒന്നും ചെയ്തിട്ടില്ല്യ... കഴിഞ്ഞാഴ്ച അവറാച്ചന്റെ എരുമ കൊതിമൂത്ത് ഇത്തിരി നെൽചെടി തിന്നിരുന്നു, അതോണ്ടാവോ ഇനി ! പേടി കാരണം ഒന്നുറങ്ങാൻ പോലും വയ്യാ...

കണ്ണടയ്ക്കുമ്പോ ആ സുന്ദരി എരുമേന്റെ ഓർമ്മ വരും ഓളോട് ഇനീം ഞാനെന്റെ ഉള്ളിലുള്ളത് പറഞ്ഞിട്ടില്ല്യ... ഓൾടെ നോട്ടത്തിലും ന്നോട് ഇത്തിരി താല്പര്യം ഉള്ളതായ് ബാക്കിയുള്ളോർ പറയാറുണ്ട്. ഓളേ ആരേലും എന്തേലും ചെയ്യോ ! ഈശ്വരാ ... ഞങ്ങൾ മിണ്ടാപ്രാണികളായി പോയില്ലേ ... നിങ്ങക്കെന്താ... ഇങ്ങള് കൊന്ന് തിന്നണേന് മുമ്പ് ഓളോടൊന്ന് ഇഷ്ടാന്ന് പറയണം... പിന്നേ ചേറ് കാരണം ചൊറി സഹിക്കാൻ പറ്റാതാവുമ്പോ, പുറത്ത് കേറിയിരുന്ന് അതൊക്കെ തിന്നണ കൊറ്റിയോടും ഒരിത്തിരി പറയാനുണ്ട്... ചാവണേനും മുമ്പ് വേലായുധേട്ടന്റെ ഉണ്ണിക്കുട്ടനെന്റെ വാലിൽ തൊടാൻ സമ്മതിക്കണം. പാവം ചെക്കൻ വാലിൽ തൊടാൻ വരുമ്പോ ഞാനൊന്ന് നീട്ടി അമറി പേടിപ്പിക്കാറാ... ചത്താൽ അവരെന്റെ വാലെന്താണാവോ ചെയ്യാ, അതും തിന്വോ ! ഇങ്ങക്കെല്ലാർക്കും ഈ പ്രതിഷേധം ഒന്ന് നിർത്തിക്കൂടെ... ഞങ്ങളെ കൊന്ന് തിന്നുള്ള പ്രതിഷേധം... ഇത്തിരികൂടെ വേലായുധേട്ടന്റെ തൊഴുത്തിലും, വടക്കേപ്പുറത്തെ പാടത്തും, സുന്ദരി എരുമേടെ നാണത്തിലും ജീവിക്കാനുള്ള കൊതിയോണ്ടാ...

**അരുന്ധതി രാജ്**
**രണ്ടാം വർഷം**
**ഫങ്ഷണൽ ഇംഗ്ലീഷ്**







# FRAILITY, THY NAME IS WOMAN!

Women are half of the world's population, work two third's of the world's working hours, earn 10% of the world's income and own less than 1% of the world's property.

I wish I were born in a world where my birth is celebrated like Diwali. I wish I were born in a world where I would not have to feel the pain and heat of humiliating stares of my body parts as I walk around. I wish I would not be made to feel like a worm by hurling objectifying remarks at me, because I happen to be a girl. I wish I were born in a world where I am not judged for what lies between my feet and chest, but for what lies above that - A SENSITIVE HEART AND A SENSIBLE BRAIN.

"Fraility, thy name is women" Shakespeare said this so, so many years back in a completely different context. Today, four hundred years later, it is still the stark reality glaring at us- Women are weak. They are fragile. Pounce on them and tear them apart.

I belong to a century where the women has proved her mettle in all spheres of life. From climbing mountains to conquering world business to ruling over some very powerful nations, yet her sole achievement lies in getting married and making babies. Her birth continues to be mourned in most parts of India, till date. Her wedding day is doomsday for her parents. As for education? Why bother when all that she is to do is spend a lifetime in the contines of her home as wife and mother?

Having been born and brought up in the Northern part of our country, I realized that a new puppy, bought as a pet is more welcome in a family than a baby girls is. I know of so many place where baby girls are brutally murdered within minutes of their birth. In Rajasthan and Haryana, more tame methods are practised like feeding the child, milk filled with broken glass pieces. Don't they feel anything even for their very own blood?

Why blame people when spiritual leaders and governments refuse and resist to any positive change in the situation? Women across India are fighting to be let into various temples and mosques. How much more can we cheapen our thoughts? The creator creates man and woman with no difference in mind, with the same amount of love but man decides if the women is fit to offer her prayers to the very same God. And why? Just because her anatomy happens to be different from his.

I believe that the cows and stray dogs of my country are better of than me. Atleast the gais have their rakshak-sena and the stray dogs have their Mother protector, Manekaji. And women ? They pray in terror that they don't end up in the rear seats of cars driven around for hours on desolate roads on ill- fated nights. Animal Rights of India stand tall and supreme, but when it comes to the plight of the Indian woman, we have political leaders who say,

" Marital Rape cannot be criminalized because India is a poor and illiterate country"



Really ? You need education and money to give basic human respect to another human being?

Even when it comes to some of the most developed nations of the world, people become skeptical when it comes to bringing a women to power. Women, including Hilary Clinton have contested the US Presidential Election 12 times, but failed miserably every time. The Americans would rather have a powerful First Lady than a powerful President.

"Men are afraid that women are an over- match for them, hence they chose those weaker and ignorant. If they did not think so, they would not be afraid of a woman knowing as much as themselves."

- Samuel Johnson -

Rapes and murders in cold blood are forgotten. The name of the rapist is never once asked, but all that people are bothered about are where exactly the girl was and what she was wearing. Then comes the usual concluding line,

"Good girls don't go gallavanting around at night."

End of conversation

If my clothes certify my character and decide whether I am good enough to be violated or not, then the number of raped men in India would have broken all records! Nowhere else in the world have I seen public toilets being built , but yet, men peeing straight on their walls, looking around in between, smiling gleefully at women passing by.

If that is not morally wrong, how can my clothes and choices decide my morals?

Its been a year now in college and we have attended multiple seminars in the past one year. Every counseller who happened to come spent every ounce of his or her energy explaining to us the "psyche"of men and how our clothes insinuated them. 'Leggings' worn beneath kurtis and tops seemed to be everybody's choice and chief concern. You have the cheek to say that? Its a shame that you justify heinous crimes by pointing fingers at a mere piece of clothing. I'm sure the reason is much more than just two meters of cloth.

Any women who claims to be a feminist is looked at in horror as if she is some wicked witch or demoness. I wish they looked at wife - beaters and rapists with the same horror and dismay.

"It is also the responsibility of men to fight sexism- Every partner, spouse and boyfriend has to work hard for an equal relationship."

-Barack Obama-

We belong to a country embellished with stories of chaste women. The mere words of a washerman questioned the ever- virtuous Sita's chastity so much so that even the 'agnipareeksha' was not enough to prevent her from going into exile. We belong to a country where Yagnaseni Draupadi was stripped in open court while her five power full husbands looked on and all this to protect DHARMA- what bigger Dharma is there then protecting a women's honour? It is for every Indian mother to decide whether she needs to tame her daughter into a virtuous Sita or make men out of her sons to protect her daughters when the need arises.

On a concluding note, lets not use ' religion', 'culture' and 'values' as shields to hide beneath and as ways to justify atrocities on women - Eventually, all social norms and rules are man - made . They should be done away with if they stiffle the very same people they were made for.

Yes, the women is frail. Yes, she has a delicate frame, but she also has an inner strength that can surpass any man's. Let us understand and acknowledge that.

" For 400 years, men defined culture by looking at other men Now, the time has come to change that"

- Gerda Lermer -

By -
**Alphy Tom**
1st year English History
Double Main

# ഒരു എഴുത്ത്. . .







പ്രിയപ്പെട്ട രാമൂന്,

ദേവൂട്ടി എഴുതണത്. രണ്ടു ദിവസായീലോ ക്ലാസില് ഞാൻ വന്നിട്ട് ന്റെ അമ്മാളുവേച്ചീനെ കാണാനില്ലാന്നേയ്. ടീവിയിലും പത്രത്തിലും വല്ല്യ പടൊക്കെ വന്നിരുന്നു. ഞാൻ ഒന്നില് പഠിക്കുമ്പഴാ ഏച്ചീന്റെ പിറകേ ചെറിയൊരു മീശുള്ള മ്മടെ വടക്കേലെ ദിവാരൻ നടക്കണത് ഞാൻ രണ്ടിലെത്തിട്ടും മൂന്നിലെത്തിട്ടും ഓൻ നടത്തം നിർത്തീല്ല്യായിരുന്നു. ഇപ്പോ അടുത്തുള്ള അപ്പൂന്റെ

വീട്ടിലെ മുത്തി പറേണത് കൊണ്ടോയത് ഓൻ തന്ന്യാവും ന്നാ. പനയ്ക്കലെ കള്ള് ഷാപ്പില് മൂന്നു നേരോം ദിവാരൻ സേവിക്കാൻ പോണ പോക്കൊക്കെ നാട്ടിലും പാട്ടല്ലേ. . . ഒന്നും ചെയ്യാൻ മടിയില്ലാത്ത ജാത്യോളാ ഭഗോതി. . , ന്റെ അമ്മളേച്ചിനെ കാത്തോണേ. . . ഇഷ്ടില്ല്യാന്ന് പറഞ്ഞതാ നൂറുവട്ടം. ന്ന്ട്ടും, അന്ന് കുളക്കടവീന്ന് എന്നെ തോർത്തീച്ച് കേറ്റി വരണ വഴിക്ക്, ആ ചോന്ന കണ്ണുള്ള ദിവാകരൻ കയ്യില് കേറി പിടിച്ചപ്പോ അമ്മാളേച്ചി ഒന്നും മിണ്ടീലല്ലോ.

ഇന്നേയ്ക്ക് മൂന്നീസായി കാണാണ്ടായിട്ട് . ഒരു കൂസലുവില്ലാണ്ട് നാട്ടില് നടക്കണിണ്ട് ആ ദിവാരൻ. അമ്മയാണെങ്കിലോ ജലപാനം ചെയ്തിട്ടില്യാ. എനിയ്ക്ക് വിശന്നപ്പോ ഇക്കഴിഞ്ഞ ചിങ്ങത്തില് അമ്മാളേച്ചി ഉണ്ടാക്കി പത്തായത്തില് വച്ച ശർക്കരുണ്ട തീന്നു ഞാൻ. അച്ഛന്റെയാ പടത്തിന് പൊറകില് എപ്പഴും വരാറ്ള്ളയാ പല്ലി ഇന്നലെ വല്ല്യ ബഹളാരുന്നു. രാവിലെ രണ്ട് തടിയമ്മാർ പോലീസാര് വന്നപ്പോ, മഞ്ചാടിക്കുരുക്കള് ചെപ്പിലിട്ട് വച്ചിരുന്ന എന്റെ മുറീല് അമ്മേനെ കയറ്റി വാതിടച്ചു. കുടുക്ക് പൊട്ടിയ ഷർട്ടും ഒതുക്കി കുറേക്കഴിഞ്ഞ് അതിലൊരാള് പുറത്തുവന്ന് എന്റെ നേരെ കണ്ണുതുറുപ്പിച്ചു. ഞാൻ നെലവിളിച്ചോടി വടക്കിനീലൊളിച്ചു. പിന്നെയവര് പൊയ്ക്കഴിഞ്ഞിട്ടേ പുറത്തു വന്നുള്ളു. അമ്മ അപ്പഴും കരയ്യാരുന്നു . സാരില്യ അമ്മാളേച്ചിനെ കാണാഞ്ഞിട്ടാവും ഇങ്ങ് വരുമ്പോ ഈ സങ്കടൊക്കെ പൊയ്ക്കോളും . ഇതിനിടയ്ക്ക് വല്ല്യ കുന്തോം കൊടചക്രോം കൊണ്ട് രഘുവരനൊപ്പം അശ്വതിയെന്നെല്ലാം പറഞ്ഞ് ചാനലുക്കാര് വന്ന് വീടും തൊടീം ഏച്ചിന്റെ ആൽബത്തിലുള്ള പഴേ ചിത്രങ്ങളും ഒക്കെ പിടിച്ചോണ്ട് പോയിട്ട്ണ്ട്. അമ്മയോട് എന്തെക്കൊയോ ചോദിക്കുന്നതിനിടയില് അറിയാതൊന്ന് വിങ്ങിയപ്പോ 'ക്ലോസ് അപ്പ്' എന്നെല്ലാം പറേണത് കേട്ടു. ന്താണോ എന്തോ?

ഒരു വിരുതൻ രാത്രീല് ചർച്ച നടത്തിയപ്പോ പറഞ്ഞൂത്രേ, ന്റെ അമ്മളേച്ചി ആള് കൊള്ളാത്തോണ്ട് ആണ് കാണാണ്ടായേന്ന്. കഴിഞ്ഞ മാസത്തില് കറണ്ട് കുടിശ്ശിക തീർക്കാത്തോണ്ട്, കറണ്ടൂല്യ, അതൊന്നും കാണാനും പറ്റീല്ല്യ. പിന്നെ ഒക്കെ ജാനുന്റെ അമ്മ പറഞ്ഞാ അറിയണത്.

എന്റെ അമ്മാളേച്ചി ഇങ്ങുവരട്ടേ. അസത്ത്ക്കള് ഒക്കെത്തിനും കൊട്ക്കണിണ്ട് ഞാൻ. അമ്മാളേച്ചിക്ക് രാജകുമാരനെ കുറുക്കനാക്കി മാറ്റിയ കഥേലെ ദുഷ്ട മന്ത്രവാദിനീടെ മന്ത്രറിയാലോ . ഞാൻ കുരുത്തക്കേട് കാട്ടുമ്പോന്നെ വയസ്സൻ കടുവയാക്കി മാറ്റൂന്നാ പറയാറ്. അമ്മാളേച്ചി വന്നു കഴിഞ്ഞ് ഞാനുവാന്ത്രം പഠിക്കും. ന്ന്ട്ട് ആ പോലീസാരെ കരടികളാക്കി മാറ്റും. ഏച്ചിന്റെ കൂടെ കഴിഞ്ഞ വേനലവധിക്ക് പോയ കാഴ്ച ബംഗ്ലാവില് കൊണ്ടിടും അവരെ. അവ്ടള്ള ശക്തമാനായ കാവൽക്കാരന്റെ കയ്യിലെ തടിച്ച വടികൊണ്ട് അവർക്ക് തല്ല് കിട്ടണതുനോക്കി ഞാനും അമ്മാളേച്ചിയും കൈകൊട്ടി ചിരിക്കും. പിന്നെയാ ദിവാരനെ നമ്മ്ടെ കണക്ക് മാഷ് കോവാലൻ നായര്ടെ കയ്യില് കൊടുക്കും. കൊള്ളട്ടെ നല്ലോണം. മാഷ് നുള്ളി നഖത്തിന്റെടേല് തൊലി കുടുങ്ങുമ്പോ ദിവാരൻ ഉറക്കെ കരേണത് കേൾക്കണം നിക്ക്.

എനിയ്ക്കറിയാലോ വേറെങ്ങും പോയതാവില്ല ഏച്ചി. തേവര്ടെ അമ്പലത്തില് വേലയ്ക്ക് പോയിരിക്ക്യാവും, എനിയ്ക്ക് കൊരങ്ങൻ വാല് മേടിച്ച് കൊണ്ടരാൻ കഴിഞ്ഞ തവണ ഒത്തിരി കെഞ്ചീട്ടും വാങ്ങി തരാൻ പറ്റാണ്ട് പോയപ്പോ അന്നേ പറഞ്ഞതാണ്, അടുത്ത തവണ ന്തായാലും ന്റെ ദേവൂട്ടിയ്ക്ക് കൊരങ്ങൻ വാല് മേടിച്ച് തരാട്ടോന്ന് . അതൊന്നും ഇവ്ട്ള്ള ചാത്തന്മാർക്ക് അറീല്ല്യല്ലോ. അതൊക്കെ പോട്ടെ കൊരങ്ങൻ വാല് രണ്ടെണ്ണം കൊണ്ടരാണച്ചാല് ഒരെണ്ണം നിനക്കും തരാട്ടോ. . .

എന്ന്

ദേവു IIIC

**സുവർണ്ണ ബെന്നി**

രണ്ടാം വർഷം

ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്

## ഓർമ്മയുടെ ശബ്ദം

വെളിച്ചം ഇരച്ചു കയറാത്ത അറയിൽ -
ശ്വസിക്കാതുറങ്ങുന്നവന്റെ,
ഇനിയുമഴുകാത്ത ഓർമ്മകൾക്കും
രാത്രിയിൽ മാത്രമുണരുന്ന ശബ്ദമുണ്ട് ...
ഒരിറ്റ് ഉറക്കംപോലും തീണ്ടാത്തവന്റെ
നാഡികളിലലിയാൻ ഇരുട്ടത്തവരിറങ്ങും...
പുലരുവോളം ചിന്ത തുളച്ചവ പായും ...
പകലിൽ, ഒടുവിലാ ഓർമ്മകളെല്ലാം
കണ്ണീരിലും മഷിയിലും പടർന്ന് മൂകരാകും...

## ഒരാത്മഹത്യ പോലെ.

നിറനിലാവിന്റെ ശോഭയിൽ
ഇന്നലെ പെയ്ത മഴത്തുള്ളി
ദൂരെയാ കുന്നിൻ ചെരുവിൽനിന്നും
ആത്മാഹുതി ചെയ്തിരിക്കുന്നു.
ഒരിക്കലും ഒന്നിക്കാനാവില്ലെന്ന കാരണത്താൽ
കൊഴിഞ്ഞുവീണ ഇലയ്ക്കിപ്പോൾ
കാറ്റിന്റെ കൈപിടിച്ച്
മരത്തിന്റെ ചില്ലയിലെത്തണം
അവിടെനിന്നും താഴോട്ട് കുതിക്കണം
ഒരാത്മഹത്യപോലെ.

**മനീഷ സി.**
മലയാളം ബിരുദം
രണ്ടാം വർഷം



# ആ രാത്രി

വലിച്ചുക്കൂട്ടിയ ബീഡിതെറുപ്പുകളുടെ എണ്ണം ഇന്നു എണ്ണിത്തിട്ടപ്പെടുത്താവുന്നതിനു മപ്പുറമായിരുന്നു. കാൽവെയ്ക്കുന്നിടത്തെല്ലാം പാതി കത്തിക്കരിഞ്ഞ ആളെക്കൊല്ലിയുടെ നീറ്റുന്ന സ്പർശം. ഈ ദിനം മറ്റു ദിവസങ്ങളിൽനിന്നും വ്യത്യസ്തമാവുകയാണ്. അതിന്റെ ലക്ഷണങ്ങൾ പ്രകൃതിയിൽ വെളിപ്പെടുന്നുണ്ട്. കൈയിലുണ്ടായിരുന്ന അവസാന ബീഡിക്കും ഞാനീ വൈകിയ വേളയിൽ തിരികൊടുത്തു. എന്റെ മുറിയുടെ അഴികളിൽ നിലാവു പതിച്ചു തുടങ്ങിയിരുന്നു. ഇന്നത്തെ നിലാവിന് ഒരു പ്രത്യേക ഭംഗി ! വല്ലാത്തൊരു വശ്യത-പുകയുന്ന മനസ്സിലും ഞാനത് ആസ്വദിച്ചു കൊണ്ടിരുന്നു. ഊതിവിടുന്ന പുകച്ചുരുളു കളോരോന്നും ആ നിലാവിന്റെ യാമത്തിനു നിറച്ചാർത്തു നൽകുന്ന പോലെ.

സാധാരണ ഈ സമയമാവുമ്പോഴേക്കും തല താഴ്ത്തിക്കാണും. പരിഭവിച്ചു നിന്നിരുന്ന നിദ്രയെന്ന കാമുകി എന്നെ വെറുത്തുകൊണ്ട് അകന്നു കൊണ്ടിരിക്കുകയാ ണെന്ന തോന്നൽ എന്റെയുള്ളിൽ ശക്തിയായി അലയടിച്ചു. നിലാവിന്റെ ഉദയത്തിന് ആക്കം കൂടുന്നുണ്ട്. മുറിക്കുള്ളിലെ ചുവർബിംബങ്ങൾ അവരെ ആവാഹിച്ചു വരുത്തി കൂടെ നിറുത്തുന്ന പോലെ. മറക്കാൻ ശ്രമിക്കും. നശിച്ച ഓർമ്മകൾ പതിയെ എന്റെ അടുത്തേക്ക് വന്നു തുടങ്ങി അകറ്റുവാൻ ശ്രമിക്കുന്തോറും അവർ അടുത്തു കൊണ്ടിരുന്നു. ഇനിയത് ഈ അന്തരീക്ഷത്തിന്റെ പ്രത്യേകത യായിരിക്കുമോ ? എന്റെ ഉപബോധ മനസ്സിനെ ഒരു മനക്കോട്ട കെട്ടി ഞാൻ തടവിലാക്കി ഉറക്കം. അതുമാത്രമാണ് ഇതിനുള്ള ഒറ്റമൂലിയെ ന്നോർത്തു. ഞാൻ ഉറങ്ങാൻ കിടന്നു. സമയം ഇരവിഴുങ്ങിയ പെരുമ്പാമ്പിനെപ്പോലെ ഇഴയുവാൻ പോലും മടിച്ചുനിൽക്കുകയാണെന്നു തോന്നുന്നു. ചെരിഞ്ഞ കിടപ്പ് അവസാനിപ്പിച്ചു. മലർന്നു കിടന്ന് കൺപോളകൾ പൂട്ടി ഇറുക്കിയടച്ചുനോക്കി. വെറുതെ ഒരു രക്ഷയുമില്ല. എന്റെയാകാമുകിയുടെ സൗന്ദര്യപ്പിണക്കങ്ങളൊ ന്നും ഇല്ലാതാക്കാൻ എനിക്കായില്ല. തോൽവി മനസ്സില്ലാ മനസ്സോടെ സമ്മതിച്ചു. കണ്ണുകൾ തുറന്നതും, ഒരു കുഞ്ഞു ചിത്രശലഭത്തി നെയാണ് കണികണ്ടത്.

ആദ്യമായിട്ടാണെന്നു തോന്നുന്നു, വർണ്ണ ചിത്രങ്ങൾ പേറുന്ന ഒരു ശലഭം ഈ മുറിയിൽ വരുന്നത്. അത് യാതൊരു വിധ പരിഭ്രാന്തിയോ വെപ്രാളമോ ഇല്ലാതെ അനങ്ങാതെ ഒറ്റയിരുപ്പാണ് എവിടെ നിന്നോ കൂട്ടം തെറ്റി വന്നതാവാം. ! അല്ലെങ്കിൽ എവിടെ നിന്നെങ്കിലും ഇത്തിരി മനസ്സമാധാനം തേടി വന്നതാവാം. പാവം ശലഭം ഇവിടെ എവിടെയാണ് സമാധാനം !

> ക്ഷണിക്കപ്പെടാത്ത അതിഥി ഈ മുറിയ്ക്കുള്ളിൽ വന്നു. അവൻ അപ്രതീക്ഷിത സമ്മാനവുമായി മടങ്ങിപ്പോയി.

മനസ്സിൽ നിലയ്ക്കാത്ത ചോദ്യങ്ങളുടെയും ഉത്തരങ്ങളുടെയും വേലിയേറ്റവുമായി ഞാനങ്ങനെ ഇരുന്നു. എന്റെ ശ്രദ്ധ മുഴുവനായും ആ ശലഭം പിടിച്ചു പറ്റിയിരുന്നു. മനുഷ്യനായിപ്പിറന്നാൽ സ്വപ്നങ്ങൾ കാണാത്തവരുണ്ടാകില്ല. അറിഞ്ഞുകൊണ്ടുതന്നെ ഒരിക്കലും നടക്കില്ലെന്നറിയാവുന്ന കാര്യങ്ങൾ നടക്കുന്നതു മനുഷ്യ മനസ്സുകൾക്കു ഒഴിച്ചു മാറ്റാനാവാത്ത സ്വപ്നമാണ്. എല്ലായ്പ്പോഴും ഈ ചിത്രശലഭത്തെപ്പോലെ കാറ്റിനൊപ്പം പാറിനടക്കാനുള്ള സ്വപ്നമായിരുന്നു. ആ നിമിഷങ്ങളിൽ എന്റെയുള്ളിൽ നിറയെ. എന്നാൽ എന്റെ സ്വപ്നങ്ങളുടെയും ആ ശലഭത്തിന്റെയും അന്തകൻ ഒരു നിഴൽകോണിനുമപ്പുറം ഒളിച്ചിരിക്കുന്നുണ്ടായിരുന്നെന്ന് ഞങ്ങൾ രണ്ടുപേരും അറിഞ്ഞിരുന്നില്ല. ഹ്രസ്വമാണെന്നറിഞ്ഞിട്ടും ആ നല്ല നിമിങ്ങളെ ഓർമ്മകളിലേക്കു പറഞ്ഞു വിടരുതെന്ന മൗന പ്രാർത്ഥനയി ലായിരുന്നു ഞാൻ.

എല്ലാവരുടെയും പോലെ വികാരങ്ങളും ആഗ്രഹങ്ങളും സഹതാപചിന്തകളുമുള്ള സമൂഹ ജീവിയാണല്ലോ ഞാനും. പച്ചയായ മനുഷ്യൻ എനിക്ക് ഇനിയുമൊരു ജീവിതമുണ്ട്. ഭൂമി എന്ന പരിണാമങ്ങളുടെ സ്വർഗ്ഗത്തിൽ ജീവിതത്തിന്റെ അന്ത്യനാളുകൾ വാതിൽപ്പടി വരെ എത്തിനിൽക്കുന്നു വെന്ന് മനസ്സിന്റെ ഒരു കോണിനാൽ വിശ്വസിക്കുമ്പോൾ തന്നെ അതിന് എതിർശക്തിയായി മറുകോണിൽ ജീവിതത്തോടുള്ള ആസക്തി കുമിഞ്ഞുകൂടി. പറയാതെ ബാക്കിവെച്ച വാക്കുകൾ പ്രാർത്ഥനയായി മനസ്സിൽ പെയ്തിറങ്ങുമ്പോൾ ആ പല്ലി തന്റെ ഇരയ്ക്കടുത്തേക്ക് എത്തിക്കൊണ്ടിരിക്കുകയായിരുന്നു. എനിക്കുറപ്പുണ്ട്, ആ ശലഭത്തെ അതിന്റെ ഇരപിടിയൻ കണ്ണുകളിൽനിന്നും മോചിപ്പിക്കാനാവുമെന്ന് ജീവിതത്തിൽ ചെയ്തു തീർത്ത പാപങ്ങൾക്കുള്ള ചെറിയൊരു പരിഹാരം പക്ഷേ.... അതു സംഭവിച്ചു. ഒരേയൊരു പിടച്ചിൽ മാത്രമേ വേണ്ടി വന്നുള്ളൂ. മരണം തന്നെ കീഴടക്കിയെന്ന് അതിനു വിശ്വസിക്കാൻ കഴിയുന്നുണ്ടാവില്ല. കുറച്ചു നിമിഷത്തേയ്ക്ക് അതിനോടൊപ്പം എന്റെ മനസ്സും മരണമടഞ്ഞു.

ഉയിർത്തെഴുന്നേല്ക്കപ്പെട്ട എന്റെ മനസ്സ് ചിന്തകളുടെ ചങ്ങലപ്പൂട്ടുകളിൽനിന്നും മുക്തനായിരുന്നില്ല. കടന്നുപോയ സമയം എന്നെ വല്ലാതെ വേദനിപ്പിച്ചു. മനസ്സിൽ എവിടെയൊക്കെയോ നന്മയുടെ കണങ്ങൾ അവശേഷിക്കുന്നുവോ ? ഞാൻ സ്വയം ആശ്വസിപ്പിച്ചു. ഞാനെന്തൊരു വിഡ്ഢിയാണ്! എന്തെല്ലാം വിഡ്ഢിത്തമാണ് ആലോചിച്ചു കൂട്ടുന്നത്. ! ക്ഷണിക്കപ്പെടാത്ത അതിഥി ഈ മുറിയ്ക്കുള്ളിൽ വന്നു. അവൻ അപ്രതീക്ഷിത സമ്മാനവുമായി മടങ്ങിപ്പോയി. പിന്നേയും എന്റെ നശിച്ച അതിരുകടന്ന ചിന്താഗതി പുതിയൊരു ശാപം കൂടി ഏറ്റുവാങ്ങി. അറിഞ്ഞുകൊണ്ട് ഞാനൊരു കൊലപാതകത്തിന്റെ നിശബ്ദനായ ദൃക്സാക്ഷിയായി. അല്ലാ; ആ ക്രൂരതയ്ക്കു ഞാൻ കൂട്ടുനിന്നു.

ഭക്ഷണത്തിന്റെ വലിപ്പക്കൂടുതൽ കൊണ്ടാവാം, പല്ലി അവിടെതന്നെ നിലയുറപ്പിച്ചിരിക്കുകയാണ്. ഒരു സ്വപ്നലോകത്തിലെന്നപോലെ ഞാനാ പല്ലിയോടു കയർത്തു സംസാരിച്ചു, "നിന്റെ പാപത്തിനുള്ള ശിക്ഷ ഞാൻ കല്പിക്കുന്നു. ചത്തുചീഞ്ഞളിഞ്ഞ ശവങ്ങളുടെ ദുർഗന്ധവും, ഘാതകന്മാരുടെ ചൂടും പ്രസരിക്കുന്ന ഈ കാരാഗൃഹത്തിൽ എന്നോടൊപ്പം ശിഷ്ടകാലം വെടിഞ്ഞു തീർക്കുക." എന്തിനെന്നില്ലാതെ ഞാൻ അട്ടഹസിച്ചു എന്റെ ശബ്ദം ആ മുറിക്കുള്ളിൽ മുഴങ്ങി.

ഈ പ്രപഞ്ചത്തിലെ ഒരു ജീവിയേയും തെറ്റു പറയാനാവില്ല തന്നിലിളയത് തനിക്കിര ! അതിനും ജീവിക്കണ്ടെ ? ആവാസ വ്യവസ്ഥകളേയും പ്രകൃതി നിയമങ്ങളേയും ഞാൻ മാനിക്കുന്നു. ചെയ്തു കൂട്ടിയ ദുഷ് പ്രവൃത്തികളെ ഈ നിസ്സാര സംഭവത്തോടു ഉപമിയ്ക്കാൻ ഒരിയ്ക്കലുമാവില്ല. മനുഷ്യ മനസ്സിന്റെ ചില നേരത്തെ താളം തെറ്റലുകൾക്കുള്ള ശിക്ഷയാണല്ലേ ഈ ഇരുമ്പഴി. ഈ അജ്ഞാതവാസത്തെ ഇന്നു ഞാനൊരു നിയോഗമായി കാണുന്നു. അന്നത്തെ ഓർമ്മകൾ തൂങ്ങി മരിച്ച ആ രാത്രിക്ക് ഇന്നത്തെ ഈ രാത്രിയുമായി യാതൊരു ബന്ധവുമുണ്ടാകാതിരിക്കട്ടെ.

**സൂരജ് സോമചന്ദ്രൻ**
എം.എസ്.ഡബ്ല്യു
ഒന്നാം വർഷം



വേട്ടയാടലിന്റെ
ഉന്മാദത്തെക്കാൾ
ആഴം,
ജീവനുവേണ്ടിയുള്ള
പോരാട്ടത്തിനാണ്

# അതിജീവനം



അരയ്ക്കു താഴെ കൊടിയ നീറ്റൽ ...
നീയിതുവരെയെന്നെ വിടാതെ
പിന്തുടർന്നൊരു ദുഃസ്വപ്നം !
കാലങ്ങളായുള്ള അടക്കിപ്പിടിച്ച
എന്റെ നിലവിളി,
കൺമുന്നിൽ നീട്ടിപ്പിടിച്ച
ആൺവിശാലതയുടെയട്ടഹാസം.
ഒരു നിമിഷത്തെ ചെറുത്തു നില്പ്,
ഒരുയിർത്തെഴുന്നേല്പ്,
സ്വാമിയും പെൺകുട്ടിയുമിനി വാർത്തകളിൽ.

# നാളെ

ആഗോളതാപനം ഉച്ചസ്ഥായിൽ നിൽക്കുന്ന ഒരു വരുംകാല മദ്ധ്യാഹ്നത്തിലാണ് അവളാ കച്ചവടത്തിനിറങ്ങിയത്. വിൽക്കാൻ വച്ചത് മറ്റൊന്നുമായിരുന്നില്ല. പക്ഷെ അവളെ തന്നെയായിരുന്നു! സ്വയമൊരു വില്പനച്ചരക്കാക്കുന്നതിൽ ലാഭമോ നഷ്ടമോ ഇല്ലെന്നറിയാഞ്ഞിട്ടല്ലെങ്കിലും ഏറ്റവും കൂടുതൽ വാങ്ങുക എന്നത് തന്നെയായിരുന്നു ആരെപ്പോലെയും അവളുടെ ലക്ഷ്യം. ഒരുപാട് അലച്ചിലുകൾക്ക് ശേഷമാണ് അയാളെ കണ്ടത്. ഒരു വഴിക്കച്ചവടക്കാരിയുടെ സാമർത്ഥ്യത്തോടെയാണവൾ വിലപേശിയത്. പക്ഷെ അയാളെക്കാൾ ആവശ്യം അവൾക്കായതുകൊണ്ട് അയാൾ പറഞ്ഞതിനാണ് കച്ചവടം ഉറപ്പിക്കപ്പെട്ടത്. ഇത്രയും കാലം പൊക്കിളിനു താഴെ കൊണ്ടു നടന്ന അമൂല്യമായ ധനം നഷ്ടപ്പെടുത്തേണ്ടി വന്നതിൽ അവൾക്കൊട്ടും വിഷമം തോന്നിയതേയില്ല. ഇത്തിരി കൂടുതലാണ് എന്ന ആമുഖത്തോടെയാണവൾ പെട്ടി തുറന്നത്. അത്യാർത്തിയോടെ നീട്ടിയ കൈകളിൽ ഔദാര്യം പോലെ അത് നൽകപ്പെട്ടു.

ഒരു കുപ്പി വെള്ളം ............. !

**വർഷ രാഘവൻ**
രണ്ടാം വർഷം
ബി.എസ്.സി. ജിയോളജി

# ヤマハ株式会社

Away crusing past the present
Screaning thundrous throbs down my vein
Hacking into the laws of nature
Raucous rev, blissful it feels

Abourd the machine positioned like on a stallion
Red in colour, gleaming danger to others
There's no looking back when on it
It's pure energy marks my hungry lust

Seizing time on a leash
I feel like I am lashing and conquering it
Kissing the corners throttling furious ddrenaline
No other drug I seek

**Harikrishnan**
IInd Year BA Functional English

# ഒരു ദൃക്സാക്ഷിയുടെ ആത്മഹത്യാകുറിപ്പ്

പ്രിയപ്പെട്ട എന്റെ അപ്പയ്ക്കും അമ്മയ്ക്കും

ഇതെന്റെ മരണക്കുറിപ്പാണ്. ഈ കത്ത് കയ്യിൽ കിട്ടുമ്പോഴേക്കും ഡോക്ടർ എന്റെ മരണം സ്ഥിരീകരിച്ചിരിക്കും. എന്റെ മരണത്തിന് ഞാൻ മാത്രമാണ് ഉത്തരവാദി. എന്റെ മരണത്തെ ഒരാഘോഷമാക്കി ചാനലിനും പോലീസിനും വിട്ടുകൊടുത്താൽ എന്നെ വളർത്തി വലുതാക്കിയ സമൂഹം മുഴുവൻ പ്രതിക്കൂട്ടിൽ നിൽക്കേണ്ടിവരും. അതൊഴിവാക്കുന്നതല്ലേ നല്ലത്. എങ്കിലും എന്തിനാണ് ഞാനീ കടുംകൈ ചെയ്തതെന്ന് എന്റെ അപ്പനും അമ്മയും അറിയണം. അതിനുള്ളതാണീ കത്ത്.

അന്ന് ഒരു വെള്ളിയാഴ്ചയായിരുന്നു. എല്ലാ തവണത്തെയും പോലെ ഈ വീക്കെന്റും അടിച്ചു പൊളിക്കണമെന്നു കരുതിയാണ് ഞാൻ രാത്രി തന്നെയുള്ള ബസ് കയറിയത്. സമയം തെറ്റാതെ രാത്രി 8 മണിയോടെ ബസ് സ്റ്റാന്റിലെത്തി. അന്നെന്തോ അപ്പ തിരക്കിലായിരുന്നു. എന്നെ പിക്ക് ചെയ്യാൻ വരാൻ പറ്റിയില്ല. ഇടവഴിയിൽ കൂടി രാത്രി നടക്കരുതെന്ന് അമ്മ പറഞ്ഞിട്ടുണ്ടെങ്കിലും നമ്മുടെ നാടല്ലേ നമ്മുടെ സ്വന്തം ആൾക്കാരല്ലേ എന്നു കരുതി ഞാൻ ഭാസ്ക്കരേട്ടന്റെ ചായക്കടയുടെ അതിലേയാ വന്നത്. ചായക്കട കഴിഞ്ഞ് കുറച്ചങ്ങോട്ടു പോയപ്പോഴേക്കും വെളിച്ചം മങ്ങിത്തുടങ്ങി. ഒരു ചെറിയ പേടി തോന്നാതിരുന്നില്ല. എങ്കിലും മൊബൈലിലെ ഫ്ളാഷ് ഓൺ ചെയ്തുകൊണ്ട് നടത്തം തുടർന്നു.

വീടിന്റവിടേക്കു തിരിയുന്ന വളവിനടുത്തെത്തി യപ്പോ കുറ്റിക്കാട്ടിൽ നിന്നും ഞാനൊരു ഞരക്കം കേട്ടു. പേടികൊണ്ടാണോ ആകാംക്ഷ കൊണ്ടാണോ ഞാനവിടെ നിന്നു. ചുറ്റും



ആക്കിയിട്ട് ആരേയും കാണാനില്ല. എനിക്ക് വെറുതെ തോന്നിയതാണോ എന്ന് ഞാൻ സംശയിച്ചു. നടക്കാൻ തുടങ്ങിയപ്പോ അവിടെ നിന്ന് വീണ്ടുമൊരനക്കം. മൊബൈലിന്റെ ഫ്ളാഷ് ഞാനാ കുറ്റിക്കാട്ടിലേക്ക് തിരിച്ചു. ഭയാനകമായിരുന്നു ആ കാഴ്ച.

ഒരു പെൺകുട്ടി അവിടെ കിടക്കുന്നു. അവൾ വിവസ്ത്രയായിരുന്നു. മൂന്നാളുകൾ അവൾക്കു ചുറ്റിലുമുണ്ടായിരുന്നു. അവരവളെ ബലമായി പിടിച്ചിട്ടുണ്ടായിരുന്നു. ശബ്ദം പുറത്തു വരാതിരിക്കാൻ ഒരു തുണിക്കൊണ്ട് അവളുടെ വായ അടച്ചിരുന്നു. മൊബൈലിന്റെ ഫ്ളാഷും എന്നെയും അവർ കണ്ടു. എന്നിലെ സ്ത്രീ ഉണരുകയല്ല, തളരുകയാണ് ചെയ്തത്. ഒന്നുറക്കെ നിലവിളിക്കാൻ എന്റെ ശബ്ദം പൊങ്ങിയില്ല. എങ്ങിനെയും രക്ഷപ്പെടണം അതുമാത്രമായി മനസ്സിൽ. മുന്നിലേക്കു നീണ്ടു കിടക്കുന്ന വഴിയിലൂടെ ഞാൻ ഓടി. ആരൊക്കെയോ എന്റെ പുറകിലും . ശബ്ദമുണ്ടാക്കാൻ കഴിയാത്ത വിധം എന്റെ നാവ് മരവിച്ചുപോയിരുന്നു. ഇരുട്ടിന് കട്ടി കൂടി വരുന്നു. വഴി വീണ്ടും നീണ്ടു കിടക്കുന്നു. ഓട്ടത്തിനിടയിൽ ഫോണും കയ്യിൽനിന്നു പോയി. അധികം വൈകാതെ എന്തിലോ തട്ടി ഞാനും വീണു. ആരോ എന്നെ പിടിച്ചെഴുന്നേൽപ്പിച്ചു.

ഈ മൂന്നുപേരിൽ ഒരാളാണ്. ആരോടും ഒന്നും പറയരുതെന്ന് പറഞ്ഞു എന്നോടെന്തോ കരുണ കാണിച്ചു. ഞാൻ നടന്നു വീട്ടിലേക്ക്. രക്ഷപ്പെട്ടല്ലോ എന്നൊരാശ്വാസം. കരുണ കാണിച്ചത് ദൈവമാണോ? എനിക്ക് സംശയമാണ്. എന്റെ ചേട്ടനായിക്കൂടെ അത്. കാരണം ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കു വരുമ്പോൾ അയാൾക്ക് എന്റെ ചേട്ടന്റെ ഛായയായിരുന്നു. എന്നെ അന്ന് പിടിച്ചെഴുന്നേൽപ്പിച്ചതും എനിക്ക് ഫോൺ തന്നതും എന്റെ ചേട്ടനായിരുന്നു. എന്നാൽ ആ പെൺകുട്ടിയുടെ അടുത്ത് ഉണ്ടായിരുന്നതും അവളെ ഉപദ്രവിച്ചതും എന്റെ ചേട്ടനാണെന്ന് വിശ്വസിക്കാൻ എനിക്ക് കഴിയുന്നില്ല.

അന്നുമുതൽ ഇന്നീ നിമിഷം വരെ ചേട്ടനുവേണ്ടി എല്ലാം ഞാൻ മറച്ചുവെച്ചു. ആരോടും ഒന്നും പറഞ്ഞില്ല. എന്റെ ചേട്ടനും കൂട്ടുകാരും കൂടി കാട്ടിക്കൂട്ടിയതിന് ഇരയായത് എന്നെ പോലൊരു പെൺകുട്ടിയാണെന്ന കാര്യം ഞാൻ മറന്നു. അതായിരുന്നുവെന്ന് അറിയാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ അവൾക്കു സംഭവിച്ച ദുരന്തം ഏറ്റെടുക്കാൻ ആരും വന്നില്ല. ഒരുതവണയേ കണ്ടിട്ടുള്ളു. ദയനീയമായി നോക്കുന്ന ആ മുഖം എന്റെ മനസ്സിലുണ്ട്. അതെന്നെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. ഇനിയും എനിക്കിത് താങ്ങാൻ കഴിയില്ല.

ഇങ്ങനെയൊരു ചേട്ടനെ കിട്ടാൻ ഭാഗ്യം ചെയ്യണം എന്ന് അമ്മ പറയാറുണ്ടല്ലോ ആ ഭാഗ്യത്തിന് ഞാൻ അർഹയല്ല. എന്റെ ചേട്ടനെ എനിക്ക് നഷ്ടപ്പെട്ടു. ഇനി തിരിച്ചു കിട്ടുമോ എന്നറിയില്ല. ആ രാത്രിക്കുശേഷം എന്റെ ചേട്ടനാണെന്ന് വിശ്വസിക്കാൻ എനിക്ക് കഴിയില്ല. എന്റെ ചേട്ടനൊരിക്കലും ആരെയും ഉപദ്രവിക്കാൻ കഴിയില്ല. നമ്മുടെ കൂടെ ഉള്ളത് മറ്റാരോ ആണ്. എല്ലാം ഞാൻ ഉള്ളിലൊതുക്കി, അപ്പയുടേയും അമ്മയുടേയും മുമ്പിൽ ചേട്ടന്റെ നല്ല കുട്ടിയായി അഭിനയിച്ചു. ആരും ഒന്നും അറിയരുതെന്നു കരുതിയാണ് ഈ ശ്വാസം മുട്ടൽ സഹിച്ചത്. ഇനിയും വീർപ്പുമുട്ടി ജീവിക്കാൻ എനിക്കു വയ്യ.

അയാളെ എന്റെ ചേട്ടനായി കാണാൻ എനിക്കിനി കഴിയില്ല. ചേട്ടനെ കാണുമ്പോഴെല്ലാം ഞാൻ കാണുന്നത് അവളെയാണ്. ചേട്ടൻ സംസാരിക്കുമ്പോ, ഒന്നു കരയാൻപോലും കഴിയാതെ കിടക്കുന്ന ആ പെൺകുട്ടിയെയാണ് എനിക്ക് ഓർമ്മ വരുന്നത്. ഈ കുറച്ചു ദിവസങ്ങൾകൊണ്ടുതന്നെ ചേട്ടൻ നല്ലൊരു നടനാണെന്ന് തെളിയിച്ചു കഴിഞ്ഞു. ഇത്രയേറെ സംഭവിച്ചിട്ടും ഒന്നും സംഭവിക്കാത്ത മട്ടിൽ നിൽക്കാൻ ചേട്ടനെങ്ങനെ കഴിയുന്നു? ചോദ്യം ചെയ്യാനോ കൂടെ നിൽക്കാനോ ഞാനില്ല. ഞാൻ പോകുവാണ്. എനിക്കിനി ഒന്നിനും വയ്യ

എന്നെ വളർത്തി വലുതാക്കിയ സമൂഹം അവൾക്കു നേരെ കണ്ണടയ്ക്കാനാണ് എന്നെ പഠിപ്പിച്ചത്. ഞാനും ഒരു പെൺകുട്ടിയാണ്. നാളെ എനിക്കും ഇതേ ഗതി വന്നാലോ? പലരും എന്റെ നേരെയും കണ്ണുകളടച്ചാലോ? ഓർക്കാൻ കൂടി വയ്യ. മരണം മാത്രമേ ഇനി എനിക്കു മുന്നിലുള്ളു. അത് മാത്രമേ പാപിയായ എന്നെ സ്വീകരിക്കൂ. മരണത്തെ വെറുത്തിരുന്ന ഞാനിപ്പോ അതിനെ ഗാഢമായി പ്രണയിക്കുന്നു. ഒരു പക്ഷേ, ആ രാത്രിക്കു ശേഷം അവളും മരണത്തെ പ്രണയിച്ചിട്ടുണ്ടാകും. ചിലപ്പോൾ എന്നേക്കാൾ കൂടുതലായി. ഞാൻ ഒരു യാത്ര പോകുകയാണ്. മരണത്തോടൊപ്പം.

ഇത്രയുമാണ് എനിക്ക് പറയാനുള്ളത്. എനിക്ക് പോകാനുള്ള സമയമായി. ഞാൻ തന്നെയാണ് എല്ലാത്തിനു കാരണം. എന്റെ പേരുപറഞ്ഞ് ആരെയും കുറ്റപ്പെടുത്തരുത്. ഞാൻ ചെയ്ത പാപത്തിന്റെ കൂലി ഞാൻ ഏറ്റുവാങ്ങുന്നു. ഇനിയാരും ഇങ്ങനെ ചെയ്യരുതെന്ന് ഞാനാ ഗ്രഹിക്കുന്നു. ഒരു കാര്യം കൂടി

I love you അപ്പ, അമ്മ...
എന്ന്, നിങ്ങളുടെ സ്വന്തം
വാവാച്ചി

**അനു ആന്റണി**
രണ്ടാം വർഷം
ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്

# തടവറയിലെ തൂലിക

വാക്കെന്ന ശക്തിയെ
തടുക്കുവാനാകുമോ?
വാക്കിന്റെ മൂർച്ചയെ
തളർത്തുവാനാകുമൊ
ഇല്ലെന്നു പലരും മൊഴിഞ്ഞിടും നേരം
ഇല്ലൊരു തെല്ലൊരു
ഭയമതിൻ കൂട്ടിനായ്
തൂലിക പിടയുന്ന നേരമിതെങ്കിലും
അണിചേർന്നു പോരാടാൻ മുതിരണം
സോദരാ,
വാക്കിന്റെ വിലയായി
ജീവനെടുക്കുന്ന നേരമിതെങ്കിലും
ഉറക്കമുണരൂ നീ
യാത്രക്ക് നേരമായ്
തൂലിക തളരുന്ന നേരമതിൽ
തളരുന്നതാരെന്നറിയുക നീ
ഇതുതന്നെ ഉത്തമനേരമെന്ന്
അറിയുന്ന നേരം തുടങ്ങുന്നു
രോദനം.
തൂലിക ഇനിയും
ചലിച്ചില്ലായെങ്കിൽ ചലനം
നഷ്ടമായത് നിനക്കു തന്നെ

**ആൽബർട്ട് ഡേവിഡ്**
രണ്ടാം വർഷം
ബി.എ. ഇംഗ്ലീഷ്

# ഇത് എന്റെ സെൽഫി

വടി മാറ്റി 'ആയുധം' വെച്ചു തന്ന
കൈകളേ
എഴുതുവാനറിയില്ലൊന്നുമേ-
യെങ്കിലും ഒരു ചിന്തയിവിടെ-
ക്കുറിച്ചിടട്ടെ ........

അത്രമേൽ ശോഭിതമല്ലാത്തയെൻമുഖം
ഉത്തമ തേജസാൽ തിളങ്ങിക്കാണവേ
ഒരു മുഖം ഇരുമുഖം പലമുഖം തേടി
ഞാൻ എൻമുഖം തന്നെ വരച്ചീടവേ
ഓർക്കുന്നു ഞനെന്റെ ബാല്യകാല്യം
അവ്യക്തമായ ഒരൊറ്റചിത്രം !

മുറിവുണ്ട് ചതവുണ്ട് വികലതയും
പക്ഷേ, സെൽഫിയിൽ ഞാൻ
എത്ര നിർമല !! ഹാ ധന്യം .......
കോമള, സുസ്മിതയെന്നെ
തിരിച്ചറിഞ്ഞ സെൽഫിയേ
നിനക്കുണ്ട് എന്റെ നന്ദി !

ഇന്നെന്റെ സമ്പാദ്യം എന്റെ സെൽഫി
നാളെയ്ക്കുള്ള കരുതലും സെൽഫി മാത്രം .....
ഞാൻ എന്ന ചിന്ത നാൾക്കു നാൾ കൂടവേ,
നാട്ടുകാർ പേരിട്ടു സെൽഫിസ്റ്റ്
ഹാ ശുഭം !!

നാൾക്കു നാൾ എന്റെ സെൽഫികൾ
ഒരു അതിശയച്ചെപ്പിൽ നിറച്ചീടുമ്പോൾ
ഓർത്തില്ല ഞാൻ പല മുറിവേറ്റ
ഇടറിയ, വിയർത്തൊലിച്ച, കറപുരണ്ട
ചുറ്റിലെ മങ്ങിയ സെൽഫികളെ
തിരിഞ്ഞൊന്നു നടക്കാമെന്നോ-
ർത്തു ഞാൻ പക്ഷേ,
തെളിഞ്ഞ രൂപം എന്റെ ഒറ്റചിത്രം !

# പുകവലി ആരോഗ്യത്തിന് ഹാനികരം



കൽപ്പറ്റ നാരായണന്റെ 'ഒരു പുകകൂടി' എന്ന കവിത ഓർമ്മപ്പെടുത്തിയ പുകഞ്ഞ നിമിഷങ്ങൾ...

സിഗററ്റുതുണ്ടിനോട് ചുണ്ട് ചേർത്തപ്പോൾ ഉള്ളിലേക്കു പടർന്ന ചൂടിന് പ്രണയത്തേക്കാൾ കുളിരു തോന്നി. തുടങ്ങുന്നതിന് മുമ്പ് 'പുകവലി ആരോഗ്യത്തിന് ഹാനികരം'

സമർപ്പണം: ജീവിതത്തിൽ അന്തവും കുന്തവുമില്ലാത്തവർക്ക് ആനന്ദത്തിന്റെ വേരുകൾ തേടിയുള്ള യാത്രയിൽ ഒരു ബീഡിത്തുണ്ടു നീട്ടി പുളകം കൊള്ളിച്ച ആത്മാർത്ഥ സുഹൃത്തുക്കള വെറുത്തിട്ടില്ല... പുസ്തകിടിൽ കൂടി കൈയ്യോടിച്ചപ്പോൾ കിട്ടിയ തണുപ്പിനും എന്നെ ആനന്ദിപ്പിക്കാൻ കഴിഞ്ഞു. ആർക്കാനും വേണ്ടി ഓക്കാനിച്ചു വയറു കാലിയായി... വിശക്കുന്നു... ആരുമില്ല ഊട്ടാൻഒടുക്കം അവിടെയും ഉണ്ടായതു സിഗററ്റ്.

വാരിവലിച്ചെഴുത്തുകൾ അയ്യോ വായിച്ചപ്പോ എനിക്കുതന്നെ മുകളിൽ പറഞ്ഞതൊന്നും മനസ്സിലായില്ല. ദാനം കിട്ടിയ ദനാറ മണ്ണിൽ കുഴിച്ചിട്ടാൽ മുളപ്പൊട്ടുക പോലുമില്ല. ചടപ്പ്, ആദ്യമേ തുടങ്ങാം...

ജനിച്ച ഉടനെ വേർത്തിരിവു കിട്ടി ആണ്, പെണ്ണ്... ആ അവൻ പണിക്കു പോട്ടെ അവൾ അടുപ്പ് പുകയ്ക്കട്ടെ. കുറ്റപ്പെടുത്തലല്ല . ഇതു സമൂഹത്തിന്റെ ഒരു ചര്യയാണ്. പഴകിപ്പോയ ഈ ചര്യയെ തള്ളി പറയാൻ എളുപ്പം സാധിക്കില്ല. എന്നാൽ, ഇവിടെനിന്നും പിഴവുകൾ ആരംഭിക്കുകയായി... ലിംഗനിർണ്ണയം അസാധ്യമാണെന്ന് ശാസ്ത്രം തെളിയിച്ചതു വിശ്വസിച്ചാൽ ദൈവകോപം ഉണ്ടാകും. പുരുഷൻ, സ്ത്രീ പിന്നെ ഭിന്നലിംഗം മൂന്നാമതു ഞാൻ പറഞ്ഞ ലിംഗത്തിനും ഇതുവരെ പേരു നിശ്ചയിക്കാത്തതിനാൽ ആദ്യം തന്നെ ആ വാക്കുപയോഗിച്ചപമാനിച്ചതിനു "മാപ്പ്"

ലിംഗം മാത്രം നോക്കി നിർണ്ണയിക്കുന്നതാണ് ഉന്നതെ മേൽപറഞ്ഞ ലിംഗങ്ങളെല്ലാം...

"ശിവലിംഗം എന്ന വാക്കിന്റെ അർത്ഥം ആർക്കും ഊഹിക്കാവുന്നതാണല്ലോ... എന്റെതല്ലാത്ത ഒരു ലിംഗത്തെ പൂജിക്കാൻ എന്നെ കൊണ്ടു വയ്യ... അയ്യോ വീണ്ടും ദൈവ(ലിംഗ) നിന്ദ... ഈ പാപം ഒക്കെ ഞാൻ എവിടെ കൊണ്ടു തീർക്കാന"

ലിംഗത്തിലേക്കു തിരിച്ചുവരാം. ആണിനെക്കാൾ കരുത്തുള്ള പെണ്ണുങ്ങളും മെലിഞ്ഞുണങ്ങി ഒടിയനായ ആണുങ്ങളും മേൽ പറഞ്ഞ രണ്ടു ലിംഗങ്ങളിൽ പെടും. ആ തെളിവു വച്ചു തന്നെ പറയാം. ഇതൊക്കെ ഹോർമോണിന്റെ കളിയാടോ... ആണ് പെണ്ണായും പെണ്ണാണായും മാറിയ... ട്രാൻസ്ഫോർമഡ് ജെന്റേഴ്സ് നമ്മുടെ ഇടയിലുണ്ടല്ലോ. ഏതു നിമിഷവും ആർക്കും ഇത് സംഭവിക്കാം എന്ന സാധ്യതയെ ശാസ്ത്രം ശരി വെയ്ക്കുന്നുണ്ട്. ഒരു പക്ഷെ Fluid genders ആകും നമ്മളൊക്കെ. അതായത് ഇവിടെ ആണിന്റെ ഹോർമോൺ അനുപാതവും പെണ്ണിന്റെ ഹോർമോൺ അനുപാതവും ലിംഗനിർണ്ണയ നിബന്ധനകളായി വച്ചിട്ടില്ല. ഈ അനുപാതം എല്ലാവരിലും വ്യത്യസ്തവു മാണ്. അതിനാൽ തന്നെ ആണ്, പെണ്ണ് മൂന്നാം ലിംഗം എന്ന വേർത്തിരിവിൽനിന്ന് മനുഷ്യൻ എന്ന ഒറ്റവർഗ്ഗത്തിലേക്ക് കണ്ണുതുറക്കാൻ സമയമായി...

എന്നാൽ ദേ അടുത്ത പിഴവ്, മനുഷ്യനും പ്രകൃതിയും. മനുഷ്യൻ ചിന്തിക്കുന്നത് മനുഷ്യനാണ് പ്രകൃതിയുടെ കേന്ദ്രം എന്നാണ്. പക്ഷെ പ്രകൃതി അതു സമ്മതിച്ചിട്ടില്ലാട്ടോ... കുറച്ചു കഴിഞ്ഞാൽ നമ്മളും മണ്ണടിയും. ബാക്ടീരിയ കുഞ്ഞുങ്ങളുടെ ഭക്ഷണം ആയിമാറും. എന്നാൽ ആ സത്യം അംഗീകരിക്കാതെ ആഹാരം ശൃംഖല 6-ാം ക്ലാസ്സിൽ പിള്ളേർക്കു പഠിപ്പിച്ചു കൊടുക്കും, സമ്പൂർണ്ണമായി ഇവിടേം പിഴവ് അവിടെ ശാസ്ത്രം പിഴച്ചു.

ഹാ... ഈ പിഴവൊക്കെ പഠിച്ചു ഞാനും പിഴച്ചുപോയി. ശരീരത്തെ അടക്കിപിടിച്ചു ജീവിക്കാനായി അടുത്തത്... പിഴച്ചു എന്ന വാക്കാണ് ഉദ്ദേശിച്ചത്. ആരെങ്കിലും വന്നു അവരുടെ ആധിപത്യം സ്ഥാപിച്ച് നുണഞ്ഞുപോയാൽ അവള പിഴപ്പിച്ചു എന്നായി. എന്നിട്ട് Rape victim - നെ കല്ല്യാണം കഴിക്കുന്നത് പുണ്യ പ്രവർത്തിയും ഹയ്യോ... ശരിക്കും ഈ പിഴച്ച ചിന്ത ഉള്ളിലുള്ളതുകൊണ്ടല്ലേ ഇതൊക്കെ. ഇവിടെ ആർക്കും ആരുടേയും ഇഷ്ടത്തിനു ജീവിക്കാം. അതു പ്രകൃതി തടയുന്നില്ല. തടയുന്നത് പ്രകൃതിക്കുമേൽ ആധിപത്യം സ്ഥാപിച്ചെന്ന് പൊള്ളയായി വിശ്വസിക്കുന്ന മനുഷ്യൻ മാത്രമാണ്. ശരീരം എന്നത് നശ്വരമാണ്. അത് അല്ലായെന്ന് ആർക്കും പറയാൻ പറ്റില്ലല്ലോ ഇനിയും തുടർന്നു പറഞ്ഞാൽ അവിഹിതങ്ങളിലൂടെ കടന്നു പോകും...

ഉള്ളിൽ പുകഞ്ഞു പൊന്തിയ പ്രണയത്തിലേക്ക് തിരിച്ചെത്താം. ഊട്ടി ഉറക്കുന്ന ആത്മാർത്ഥ സുഹൃത്തായ സിഗററ്റ് മനുഷ്യത്വം ഉള്ള മനുഷ്യനല്ലാത്ത ഒരു എന്തോ ആണ്. മനുഷ്യത്വം എന്നത് മനുഷ്യ നോടുള്ള ഒരു 'ത്വം' ആണ്.. ത്വം.. ? സംസ്കൃത ത്തിൽ അതിനർത്ഥം നീ എന്നാണ്. പക്ഷേ കൂട്ടിവായിക്കുമ്പോൾ അതിന്റെ അർത്ഥം എന്താണാവോ. 'ത്വം.. '? ഇതും മനുഷ്യകേന്ദ്രീകൃതമായ എന്തോ ഒന്നാണെന്നു സാരം. കാരണം ജീവികൾക്ക് അങ്ങനെ ഒരു 'ത്വം' ഇല്ല. അപ്പോ ഈ ബീഡി മനുഷ്യനോട് ത്വം പ്രകടിപ്പിക്കുന്നതുകൊണ്ട് നമുക്ക് തള്ളി പറയാനാവില്ല. ഇതേ ത്വം ഉള്ള മനുഷ്യൻ മാരുടെ അനാവശ്യമായ അലോസരപ്പെടുത്തലുകൾ തന്നെയാണ് ഈ ത്വം ധാതാവായ സിഗററ്റിനെ പ്രണയിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത്.

നാരായണൻ മാഷ് പറഞ്ഞ പോലെ "ഒച്ച താഴ്ത്തി ബീഡി പറഞ്ഞു എനിക്കിനിവയ്യ നാണം കെട്ടു കഴിയാൻ. നിങ്ങൾക്കറിയാമോ

ഒരിക്കൽ ചങ്കൂറ്റത്തിന്റെ പ്രതിരൂപമാണ് ഞാൻ കൂസലില്ലാതെ ജീവിച്ചവരുടെ ചുണ്ടിൽ ഞാൻ ജ്വലിച്ചു.

എന്റെ വെളിച്ചത്തിൽ ഒറ്റടി പാലങ്ങൾ തെളിഞ്ഞു."

ഒറ്റയടിപ്പാലങ്ങൾ എന്നത് ഒറ്റപ്പെടലുകളുടെയും പെടുത്തലുകളുടെയും സൂചനയാണ്. ജനനം തന്ന ആൺ പെൺ വേർത്തിരിവുതൊട്ടു തുടങ്ങുന്ന സാമൂഹ്യരീതികൾ ജീവിതത്തിന്റെ പച്ച പടർപ്പുകളെ അഭിമാനം, പ്രൗഢി എന്നിവയുടെ പേരിൽ കരിയിക്കുമ്പോൾ സ്വന്തം ഇഷ്ടങ്ങള വെടിഞ്ഞു. നാട്ടുകാരുടെ മുന്നിൽ അഭിമാനം കാത്തുസൂക്ഷിക്കേണ്ടി വരുമ്പോൾ സിഗററ്റിന്റെ മൃദു ചുംബനം ആരും ഒന്നു കൊതിക്കും. ചങ്കെരിയുമ്പോൾ കൂടെ എരിഞ്ഞു തീരുന്ന ആത്മാർത്ഥ സുഹൃത്ത് അഭിമാനത്തിന്റ മണമടിക്കു മ്പോൾ ആരും കാണാതെ കക്കൂസിലും, കുറ്റിക്കാട്ടിലും ഇരുട്ടിന്റെ മറവിലും മാത്രം വച്ച് അവിഹിതം സ്ഥാപിക്കേണ്ടി വന്ന പ്രണയം ശരിക്കും സമൂഹത്തിന്റെ സ്വഭാവം തന്നെയാണ് ഈ സിഗററ്റ് കമ്പനിക്കാർക്ക്. എല്ലാ വിഷവും വെച്ച് ഉണ്ടാക്കിയിട്ട് ... ഉപയോഗിക്കാൻ പ്രേരിപ്പിച്ചിട്ട്... 'പുകവലി ആരോഗ്യത്തിന് ഹാനികരം' എന്നു പറയുന്നത് പോലെ തന്നെ അല്ലേ, സമൂഹവും ഈ ആർക്കാനും വേണ്ടി ഓക്കാനിച്ച് (ജീവിച്ച്) ആരുമില്ലാത്തപ്പോഴും കൂടെ ഉണ്ടായിരുന്നത് സിഗരറ്റ് ആണ്. അത് മനുഷ്യൻമ്മാരുടെ വികാരമായി മാറി കഴിഞ്ഞു.

ദാനം കിട്ടിയ ദനാറ മണ്ണിൽ കുഴിച്ചിട്ട പോലെ ചിലർ എന്തിനോ വേണ്ടി നിന്നിടത്തു തന്നെ ജീവിക്കുന്നു. ജീവൻ എങ്ങിനെ ആര് തന്നു എന്ന് അറിയാതെ ആലോചിക്കാതെ അത് മുളപ്പിക്കാൻ എന്ന ഭാവേന നിന്നിടത്തു നിന്ന് തന്നെ ജീവിച്ച് ഒരുതരത്തിൽ പറഞ്ഞാൽ ചലനമറ്റ് ജീവിച്ച് അതിൽ വീണ്ടും പ്രൗഢിയുടെ അളവുകോലുകൾ ഉണ്ടാക്കി അതിൽ അതൃപ്തരായി ജീവിച്ചു തീർക്കുന്നു.

ചുമതല എന്ന വാക്കിനർത്ഥം തലയിൽ ചുമക്കുക എന്നാണോ എന്തോ? ഒരുപാടു കെട്ടുപാടുകൾ ഉണ്ടാക്കി കൂട്ടും കുടുംബം, വീട്, ജോലി, കല്ല്യാണം

എന്നിട്ടവസാനം ചുമതല എന്നു പറഞ്ഞ് ഈ ചുമടൊക്കെ തലയിൽ വച്ചുകൊടുക്കും. എന്നിട്ടതും ചുമന്ന് ജീവിതവസാനം വരെ, ഈ ചുമടുകളുടെ സങ്കൽപ്പങ്ങൾ ഇല്ലാതാവണം. സ്വതന്ത്രനായി ജീവിക്കുന്ന മനുഷ്യൻ എല്ലായിടത്തും ചങ്ങലക്കെട്ടിലാണെന്ന് റൂസ്സോ പറഞ്ഞത് വെറുതെയല്ലല്ലോ. ജീവിക്കാൻ ആരോ പണ്ട് ഉണ്ടാക്കി വച്ച ചിട്ടയുണ്ടല്ലോ?

ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, സന്യാസം, വാനപ്രസ്ഥം എന്താലേ? ഇതിൽനിന്ന് അങ്ങോട്ടോ ഇങ്ങോട്ടോ മാറിയാൽ അഭി 'മാനം' ഇടിഞ്ഞുവീഴുമല്ലോ. സ്വതന്ത്രമായി മനുഷ്യർ ചിന്തിച്ചു തുടങ്ങിയാൽ ഇന്നത്തെ ഈ കെട്ടുപാടുകൾ ഒടുങ്ങിയാൽ തന്നെ ജീവിതം സുഖകരമാകും എന്നാണ് എന്റെ കാഴ്ചപ്പാട്. പ്രകൃതിയിൽ പരസ്പര ആശ്രയത്വം അനിവാര്യമാണ്. പക്ഷേ ആശ്രയിക്കേണ്ടാത്തപ്പോൾ നമ്മൾ അധികാരത്തിനടിമപ്പെടുകയാണ് ചെയ്യുന്നത്. ചിന്തകളോടും ആരോ എഴുതിവച്ച ഘടനകളോടും ഉള്ള അടിമപ്പെടൽ.



ദൈവികമായ ഒന്നിനെയും അല്ല ഞാൻ ഇനി വലിച്ചെഴുതാൻ പോകുന്നത്. മാനുഷികമായ ചില ദൈവികതകളെ മാത്രം. പണ്ടേതോ 'ഒരു' ക്രിസ്തു വെള്ളയടിച്ച കുഴിമാടങ്ങൾ എന്നു വിശേഷിപ്പിച്ചവർ തന്നെ ഇന്ന് അതേ ക്രിസ്തുവിനെ കുരിശിൽ തറച്ചിട്ട് വ്യഭിചരിക്കുമ്പോൾ കാർക്കിച്ചു തുപ്പേണ്ടത് ഇതേ വെള്ളയടിച്ച കുഴിമാടങ്ങളെ തന്നെ. അടുത്ത പിഴവ് മതം. ജന്മംകൊണ്ട് കൊളുത്തുന്ന ആദ്യത്തെ ചങ്ങലക്കണ്ണി. മതം എന്ന് പൊതുസമൂഹത്തിൽ ഇടപ്പെട്ടുവോ അന്ന് അതിന്റെ വ്യാഖ്യാനം വ്യത്യാസപ്പെട്ടു. മതം എന്നത് തീർത്തും വ്യക്തിപരമായ നിലപാട് മാത്രമാണ്. അതിനെ ആൾക്കൂട്ടങ്ങളുടെ ഒത്തുചേരലായും. അതേ ആൾക്കൂട്ടങ്ങളുടെ അരാഷ്ട്രീയവൽക്കരണം വഴി ഒരു പൊതുരാഷ്ട്രീയത്തെ (അധികാരം) ഉണ്ടാക്കിയെടുക്കലും മാത്രമാണ് ഇന്ന് മതം എന്നു പ്രസ്താവിക്കപ്പെട്ട അധികാരകേന്ദ്രങ്ങൾ ചെയ്യുന്നത്. സാമ്പത്തികമായി ഇന്ന് ഉയർന്ന നിലവാരം പുലർത്തുന്ന മതകേന്ദ്രങ്ങൾ പാവപ്പെട്ടവരുടെ ദുരവസ്ഥയെ വിൽക്കുന്നുമുണ്ട് ഇന്ന്. ഒരു തരത്തിൽ പറഞ്ഞാൽ ഇന്ന് ആളുകൾ ആ പഴയ മെർക്കന്റലിസം പിൻതുടരുന്നുണ്ട്. ഒരു രാജ്യത്തിന്റെ ലാഭം മറ്റൊരു രാജ്യത്തിന്റെ നഷ്ടം കൊണ്ടേ ഉണ്ടാകൂ എന്നു പറയുന്ന രീതി. മനുഷ്യൻ അന്നും ഇന്നും പ്രാകൃതർ തന്നെ. കാലം മാറിയിട്ടും കോലം മാറാത്ത പ്രാകൃതർ.

ജീവനേക്കാൾ ഉപരി അവരിൽ അടിച്ചേൽപ്പിക്കപ്പെട്ട മതത്തേയും കുടുംബത്തേയും എല്ലാത്തിലുമുപരി അവർ കെട്ടിപ്പൊക്കിയ അഭിമാനത്തേയും ഒക്കെ ചുറ്റി വരിഞ്ഞു മുറുകെ പിടിച്ചിരിക്കുന്ന മനുഷ്യർ. സത്യത്തിൽ ആരാണാവോ സാത്താന്റെ പിടിയിൽ. ഇപ്പോൾ മനസ്സിലായില്ലേ നന്മയാണ് സാത്താൻ എന്ന്. ഒന്നുമറിയാതെ ജീവിക്കുന്ന നമ്മളൊക്കെ ആരുടേയോ മണ്ടത്തരങ്ങളായ നന്മതിന്മകളുടെ പിടിയിലും കൂടിയാണ്. അടുത്ത പിഴവ്. ആരെങ്കിലും തിരികെ ചിന്തിച്ചാൽ പിന്നെ അവർ ലോകാത്ഭുതങ്ങളിൽ ഒന്നായി. അത്തരക്കാരെ കാണുന്നതേ ലോകത്തിന് അന്താളിപ്പാണ്. എന്നാൽ, എന്നും അലോസരപ്പെടുത്തുന്ന ജീവികളുണ്ട്. അവർ സിഗററ്റിന്റെ ചുടുചുംബന ത്തിൽ വീർപ്പുമുട്ടും. കൽപ്പറ്റ നാരായണന്റെ "സിഗററ്റ് തുണ്ടിന്റെ പരാതി" വെറുതെയല്ലല്ലോ ചങ്കൂറ്റത്തിന്റെ പ്രതിരൂപമായ സിഗററ്റ് ഇപ്പോൾ ഭീരുത്വത്തിന്റെ ചുണ്ടുകളെക്കൂടി ചുംബിക്കേണ്ടി വരികയല്ലേ.

എങ്കിലും ഒരു കാര്യം കൂടി പറഞ്ഞേക്കാം, "പുകവലി ആരോഗ്യത്തിന് ഹാനികരം" !!!

**അയന്ന പ്രസാദ്**
രണ്ടാം വർഷം
ബി.എ. ഇക്കണോമിക്സ് ബിരുദം



# ഇന്റർവെൽ

പുറമെ ചുട്ടുപൊള്ളുന്നവെയിലിൻ
ചൂടിൽ ഉഷ്ണക്കാറ്റു വീശിയടിക്കുമ്പോഴും
ഇന്നെന്റെ ഉള്ളം ആർദ്രമായിരുന്നു.
തുടച്ചു പഴകിയ ഭീമൻ ബ്ലാക്ക് ബോർഡിൽ
ടീച്ചറെഴുതിയ പ്രോഗ്രാമുകളോരോന്നും
എനിക്കു നേരെ കണ്ണുരുട്ടിക്കാട്ടുന്നു...

ആളൊഴിഞ്ഞ ശ്മശാനത്തിൻ നടുവിൽ
അകപ്പെട്ടുപോയ പോൽ ഞാൻ അലയവേ
ദൂരെയെവിടെയോ കാതടപ്പിക്കും ഒരലർച്ച
ഭാഗ്യം, അത് ഇന്റർവെൽ ആയിരുന്നു.

**ശിതിൻ ടി.കെ.**
രണ്ടാം വർഷം
ബി.എസ്.സി. മാത്തമാറ്റിക്സ്

# അരാഷ്ട്രീയതയുടെ രാഷ്ട്രീയം



"രാഷ്ട്രീയം ദൈനദിന ജീവിതം തന്നെയാണ്, അത് നമ്മെക്കുറിച്ചുള്ളതാണ്. നമ്മുടെ ആവശ്യങ്ങളെക്കുറിച്ച്, നമ്മുള്ളവർക്ക് വേണ്ടതെന്തൊക്കെയാണെന്ന് നാം കരുതുന്നവയെക്കുറിച്ചാണ്" (ബ്രിട്ടീഷ് തെരെഞ്ഞെടുപ്പിൽ ലേബർ പാർട്ടിക്ക് വൻ തിരിച്ചുവരവ് സമ്മാനിച്ച ജറമി കോർബിൻ രാഷ്ട്രീയത്തിന് നൽകിയ നിർവചനമാണിത്. രാഷ്ട്രീയം എങ്ങിനെ ഒരു വ്യക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതിന് ഇതിൽ വ്യക്തത ആവശ്യമില്ല. രാഷ്ട്രീയം വ്യക്തിത്വമാകുന്ന സാഹചര്യത്തിൽ രാഷ്ട്രീയം എന്തെന്നോ അരാഷ്ട്രീയത എന്തെന്നോ അറിവില്ലാത്ത ഒരു തലമുറക്ക് നല്ല ഒരു നാളെയെ പടുത്തുയർത്തുവാനുള്ള വെല്ലുവിളി ചെറുതല്ല. തക്കാളിപ്പെട്ടിയിലും രാഷ്ട്രീയമുണ്ട് എന്ന് വിശ്വസിക്കുന്ന നമ്മുടെ നാട്ടിൽ കലാലയങ്ങളിലെ രാഷ്ട്രീയവാദങ്ങളെ അവഗണിക്കുന്നത് യഥാർത്ഥത്തിൽ ജനാധിപത്യധ്വംസനമാണ്. മറ്റാരെയുംപോലെ രാഷ്ട്രീയബോധവും നിലപാടുമുള്ളവരാണ് വിദ്യാർത്ഥികളും. പൗരസ്വാതന്ത്ര്യത്തിനും സ്വകാര്യതയ്ക്കും വിലകൽപ്പിക്കുന്ന നീതിന്യായ വ്യവസ്ഥിതിയുള്ള രാജ്യത്ത് കലാലയങ്ങളിലെ രാഷ്ട്രീയസ്വാതന്ത്ര്യത്തിന് വിരാമമിടുന്ന നടപടി എത്ര മാത്രം യുക്തിഭദ്രമാണെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയം കണ്ടും കേട്ടും വളർന്ന ഒരു യുവജനതയ്ക്കങ്ങനെ തങ്ങളുടെ ആശയങ്ങളെയും സംശയങ്ങളെയും പൂട്ടിയിടാനാവും? അധികാരവർഗ്ഗത്തിന്റെ ശാസനകളെല്ലാം മൂളിക്കേൾക്കുന്നതാണ് ഉത്തമപൗരത്വം എന്ന മിഥ്യാധാരണയാണ് പലർക്കും. കപടരാജ്യസ്നേഹവും ഇല്ലാത്ത പൗരബോധവും അസ്ഥിത്വത്തിന്റെ അളവുകോലായി നിർണ്ണയിക്കുന്ന നടപടികൾ വിദ്യാഭ്യാസ സാംസ്ക്കാരിക മേഖലകളിലുണ്ടാക്കുന്ന ആഘാതങ്ങളെക്കു-റിച്ച് പഠിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഒരു ജനതയിലേക്ക് വിദ്യാഭ്യാസം അതിന്റെ പൂർണ്ണതയിൽ എത്തുകയുള്ളൂ.

ഒരർത്ഥത്തിൽ കോളേജ് മാനേജ്മെന്റുകളുടെ രാഷ്ട്രീയ താൽപര്യമല്ലേ നമ്മുടെ കഴുത്തിൽ തൂങ്ങിയാടുന്ന ഐഡന്റിറ്റി കാർഡുകൾ? വിദ്യാർത്ഥികൾ സംഘടിക്കുന്നത് പേടിയോടെയാണ് മാനേജ്മെന്റുകൾ നോക്കിക്കാണുന്നത്. ക്യാമ്പസുകളിലെ ക്രമസമാധാന പ്രശ്നങ്ങളെത്തുടർന്നാണ് രാഷ്ട്രീയസംഘടനാസ്വാതന്ത്ര്യത്തിന് വിലക്കേർപ്പെടുത്തുന്നത് എന്നാണ് ഔദ്യോഗിക വിശദീകരണം. എന്നാൽ, വിദ്യാർത്ഥികളുടെ അരക്ഷിതാവസ്ഥയെ ചൂഴ്ന്നുതിന്നാനുള്ള മാനേജ്മെന്റുകളുടെ തൽപരബുദ്ധിയാണ് ഇതിന് പിന്നിലെന്ന് മനസ്സിലാക്കാൻ 'ജോസഫ് അലക്സിന്റെ സെൻസും സെൻസിബിലിറ്റിയുമൊന്നും' വേണമെന്നില്ല. ഏതാനും രാഷ്ട്രീയപാർട്ടികളെയും രാഷ്ട്രീയ ദല്ലാൾമാരേയും കൂട്ടുപിടിച്ച് കണ്ണടച്ച് ഇരുട്ടാക്കാനാണ് കോളേജ് മാനേജ്മെന്റുകളുടെ ശ്രദ്ധ. തങ്ങളെയാരും ചോദ്യം ചെയ്യരുതെന്ന ധാർഷ്ട്യമനോഭാവമാണ് ഇതിന് പിന്നിൽ.

ക്യാമ്പസുകളിൽനിന്നും വിദ്യാർത്ഥിരാഷ്ട്രീയം പടിയിറങ്ങുമ്പോൾ അതോടൊപ്പം കാലാകാലങ്ങളായി നമ്മുടെ കാമ്പസുകളിൽ രൂപപ്പെട്ടുവന്ന ഒരു വിദ്യാഭ്യാസ സംസ്ക്കാരവും നമുക്ക് നഷ്ടപ്പെടുകയാണ്. കലയും വിപ്ലവവും സൗഹൃദവും പ്രണയവുമൊക്കെ അതോടൊപ്പം അസ്തമിക്കുകയാണ്. കുട്ടികൾക്ക് ഒന്നിച്ചിരുന്ന്

സംസാരിക്കാനും, ചിന്തകളും സ്വപ്നങ്ങളും പങ്കുവെക്കാനുള്ള ഇടങ്ങളും മെല്ലെ അപ്രത്യക്ഷമാകും. വിദ്യാർത്ഥികളെ അരാഷ്ട്രീയവാദികളായി ചിത്രീകരിക്കാനാണ് അധികാരികൾ ശ്രമിക്കുന്നത്. എന്നാൽ വിദ്യാർത്ഥിസമൂഹത്തന്റെ രാഷ്ട്രീയബോധത്തിനും സ്വാതന്ത്ര്യത്തിനും കൂച്ചുവിലങ്ങിടുന്ന ദുർനടപടി രാജ്യത്തിന്റെ രാഷ്ട്രീയ സാമൂഹിക അടിത്തറയ്ക്ക് മങ്ങലേൽപ്പിക്കുകയാണെന്ന സത്യം അധികാരികൾ അംഗീകരിക്കേണ്ടതുണ്ട്. വിദ്യാർത്ഥികൾക്ക് സ്വതന്ത്രരായി സംഘടിക്കാനുള്ള അവകാശം നിഷേധിക്കുന്നത് മൗലികാവകാശലംഘനമാണ്. ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ കേരളത്തിലെ ക്യാമ്പസുകൾ മികച്ച നിലവാരം പുലർത്തുന്നുണ്ടെങ്കിൽ പോലും രാഷ്ട്രീയ സാംസ്ക്കാരിക സാമൂഹികരംഗത്തുനിന്നും വിദ്യാർത്ഥികൾ പിൻവലിയുന്ന ഒരു സ്ഥിതിയിലേക്കാണ് അധികാര ഭ്രാന്ത് പിടിച്ച ചിലരുടെ നടപടികൾ വിരൽചൂണ്ടുന്നത്.

ക്ലാസിലെ ബെഞ്ചിലും ഡെസ്കിലും പിറന്നു വീഴുന്ന സർഗ്ഗാത്മകതയും ഹോസ്റ്റലിലെ കുളിമുറിയുടെ ചുമരിൽ വിരിയുന്ന വിപ്ലവവും ഗാർഡനിലെ മരച്ചോട്ടിൽനിന്നുമുയരുന്ന ശബ്ദങ്ങളും എങ്ങനെ മായ്ച്ചു കളയാനാണ്. ഒന്നും ഒന്നും ഇമ്മിണി ബല്യ ഒന്ന് എന്ന് പറയുന്ന ബഷീറുമാരെ വേണ്ടിടത്തോളം കാലം വിദ്യാർത്ഥി രാഷ്ട്രീയത്തോട് നമുക്ക് മുഖംതിരിക്കാനാവില്ല. തെറ്റേത്, ശരിയേത് എന്ന് എഴുതിപ്പഠിപ്പിക്കുന്നതിന് പകരം അതെങ്ങനെ ശരിയാകും എന്ന് ചോദിക്കാനുള്ള ആർജ്ജവം വിദ്യാർത്ഥികൾക്ക് പകരുന്നതാണ് വിദ്യാഭ്യാസം. വിദ്യാർത്ഥികളുടെ ശബ്ദം നാലുചുമരുകൾക്കപ്പുറം ഉയരുന്നത് അച്ചടക്കലംഘനമാണ് എന്ന് ആക്രോശിക്കുന്നതിന് മുൻപ് അത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടികളിലേക്കെത്തുന്നതിന്റെ പ്രതിപ്രവർത്തനമാണെന്ന് മനസ്സിലാക്കാൻ അധികാരികൾ ശ്രമിക്കണം. വിദ്യാർത്ഥികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നത് ചോദ്യം ചെയ്യുന്നിടത്താണ് ക്യാമ്പസുകളിലെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ പ്രസക്തി.

അങ്ങനെയിരിക്കെ ഇത്തരമൊരവസരം വിദ്യാർത്ഥികളിൽനിന്നും തട്ടിപ്പറിക്കുന്നത് അവരെ മുതലെടുക്കുന്നതാണെന്നുള്ളത് വ്യക്തമാണ്. വലിച്ച സിഗരറ്റ് കുറ്റി ചവിട്ടയരക്കണോ അതോ വലിച്ചറിയണമോ എന്ന് തീരുമാനിക്കുന്നത് ഒരു വ്യക്തിയുടെ രാഷ്ട്രീയമാണ്. നമ്മുടെ ജീവിതത്തിന്റെ ഓരോ മുഖത്തിനും വ്യക്തമായ രാഷ്ട്രീയമുണ്ട്. അതുകൊണ്ടു തന്നെ സ്വതത്തോടും സമൂഹത്തോടും നീതിപുലർത്താനുള്ള ഒരു തലമുറയുടെ അവകാശം ഇവിടെ ഹനിക്കപ്പെടുകയാണ്. ചില വ്യക്തികളുടേയോ ഒരു കൂട്ടം വ്യക്തികളുടേയോ നിക്ഷിപ്തതാൽപര്യത്തിനു വഴങ്ങി നാം തച്ചുടയ്ക്കുന്നത് നല്ല ഒരു നാളേയാണ്. അതുകൊണ്ടുതന്നെ ഒരു വെമുലയും, തന്റെ ജനനമാണ് തന്റെ തെറ്റെന്ന് പറയാതിരിക്കാൻ, ഒരു മുഴം കയറിനായി പരതുന്ന ജിഷ്ണുമാർ ആവർത്തിക്കാതിരിക്കാൻ, ഒരു നജീബിനേയും നഷ്ടപ്പെടാതിരിക്കാൻ ക്യാമ്പസ് രാഷ്ട്രീയത്തിന്റെ സാധ്യതകളെ ഏകോപിപ്പിക്കുന്ന നടപടികൾ അനിവാര്യമാണ്.

ഇത്തരമൊരു സാഹചര്യത്തിൽ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ നന്മകൾ സമൂഹത്തിലേക്കെത്തിക്കാനുള്ള അടിത്തറ പാകാൻ വിദ്യാർത്ഥികളും ഇറങ്ങി വരേണ്ടതുണ്ട്. എങ്കിൽ മാത്രമേ വിദ്യയിലേക്കും ജ്ഞാനത്തിലേക്കുമെത്താൻ നമ്മുടെ വിദ്യാർത്ഥിസമൂഹത്തിന് കഴിയുകയുള്ളൂ.

ജിഷ്ണുമാർക്കും വെമുലമാർക്കും ഇനി കൈയിൽ തടയേണ്ടത് കയറല്ല. അനീതിക്കും ചൂഷണത്തിനുമെതിരെ ചൂണ്ടാനുള്ള ചോദ്യശരങ്ങളാണ്. അതിന് വിദ്യാർത്ഥി രാഷ്ട്രീയത്തിനേറ്റ കൂച്ചു വിലങ്ങുകൾ നമ്മുടെ ക്യാമ്പസുകളിൽനിന്നും അഴിച്ചു മാറ്റേണ്ടതുണ്ട്. കോൺക്രീറ്റ് സ്ലാബുകളുടെ ഉയരം കൂട്ടുന്നതും, കെട്ടിടങ്ങൾ പണിതുയർത്തുന്നതും മാത്രമല്ല മികച്ച കലാലയത്തിന്റെ ലക്ഷണങ്ങൾ. കോളേജിന്റെ മതിലിനു മുകളിലെ വിപ്ലവകാവ്യങ്ങൾക്കു മുകളിൽ എത്ര വെള്ളപൂശിയാലും അതിലെ ഓരേ വരിയും വിദ്യാർത്ഥികളുടെ മനസ്സുകളിൽ ഇന്നും മുഴങ്ങുന്നുണ്ട്. കാലമെത്ര കഴിഞ്ഞാലും അത് അങ്ങനെ തന്നെ തുടരുകയും ചെയ്യും.

**ഫഹീം മുഹമ്മദ്**
രണ്ടാം വർഷം
ബി. എ. ഇ‌ംഗ്ലീഷ്

# സൗഹൃദം

പഴകുംതോറും വീര്യം കൂടുന്ന വീഞ്ഞ്. ഇന്നിന്റെ സൗഹൃദ ബന്ധങ്ങൾ പുതിയ രീതിയിൽ അന്നിന്റെ വാതായനങ്ങൾ തുറക്കുകയാണ്. ഈ കാലഘട്ടത്തിൽ ആൺ-പെൺ സൗഹൃദങ്ങൾ ഏറെ ചർച്ചയ്ക്ക് വിധേയമാവുന്ന ഒന്നാണ്. സദാചാരക്കോമരങ്ങൾ വാക്കുതർക്കങ്ങൾക്കും കൈയ്യാംകളിക്കും വിഷയമാക്കുന്ന ഒന്നാണ് ഇന്നിന്റെ സൗഹൃദങ്ങൾ.

സദാചരിക്കുന്നതിന് വിപരീതമായി നടക്കുന്നതന്തും സദാചാര വിരുദ്ധമാണ്. ഇത്തരത്തിലുള്ള ഒരു ചെറിയ മാറ്റത്തെപ്പോലും അംഗീകരിക്കാൻ തയ്യാറാകാത്ത സംഹിത- പഴമയുടെ ജീർണ്ണിച്ച നൂലിനെയാണ് കൂട്ടു പിടിക്കുന്നത്. നല്ല സൗഹൃദങ്ങൾ ഇവിടെ ഉണ്ടാകുന്നതേയില്ല. ലിംഗവ്യത്യാസമുള്ള കൂട്ടുകെട്ടുകൾ പടർത്തുന്നത് സൗഹൃദത്തെയല്ല മറിച്ച്, കാമം പടരുന്ന പ്രണയത്തെയാണ്. ഇവിടെ ഉടലെടുക്കുന്ന സൗഹൃദങ്ങൾ പോലും വിചിന്തനങ്ങൾക്ക് വിധേയമാകുന്നത് ലിംഗബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്. ആണും പെണ്ണും ഒന്നിച്ചിരുന്നാൽ അവിടെ ഉണ്ടാകുന്നത്, സദാചാര വിരുദ്ധതയാണ്. അത്തരത്തിലുള്ള പ്രവൃത്തിയെ വീക്ഷിക്കാൻ കൂടിയാകാം വരാന്തകളിലും ക്ലാസ്സ് മുറികളിലും ക്യാമറകൾ സ്ഥാപിതമാക്കിയത്. തുറിച്ച് നിൽക്കുന്ന ക്യാമറ കണ്ണുകളേ, നിങ്ങളൊന്നു മാറി നിൽക്കൂ... ഞാനൊന്നു സ്വതന്ത്രമായി പുഞ്ചിരിക്കട്ടെ.

ഇലയും മുള്ളും ഉപമ പറഞ്ഞ് നീ ഇലയാണെന്നോർമ്മപ്പെടുത്തിയുള്ള എത്രയെത്ര കുത്തു വാക്കുകൾക്ക് വിധേയരായിട്ടുണ്ട്. അവർക്ക് മുന്നിലും പിന്നിലും ഇരുന്ന് എത്രയേറെ തമാശകൾക്ക് ഉച്ചത്തിലും, പതുക്കെ [illegible]മായും നാം ചിരിച്ചിരിക്കുന്നു.

പ്രണയത്തിന്റെ പിൻബലത്തോടുകൂടി മാത്രമേ പെണ്ണിനും ആണിനും പരസ്പര പൂരകങ്ങളായി ഇരിക്കാൻ [illegible] എന്ന ധാരണയാണ് പല അപ്രക്യാപിത അടക്കം പറച്ചിലിനും അലിഖിത നിയമങ്ങളിലേക്കും വിരൽ [illegible]ന്നത്. ഹൃദയഭിത്തികളിൽ സിമന്റുകട്ടകൾ അടുക്കിവച്ച് വികാരരഹിതരായി ജീവിക്കുന്ന തലമുറയ്ക്കാണ് [illegible] ജന്മം നൽകുന്നതെങ്കിൽ ഈ പറഞ്ഞതൊന്നും തന്നെ സദാചാരവിരുദ്ധമാകില്ല. നാണത്തിൽ മുങ്ങിയ [illegible]മൊഴി നടത്താതെ, നല്ല സൗഹൃദബന്ധത്തെ പറഞ്ഞ് പറഞ്ഞ് വഷളാക്കി പ്രേമമാക്കാതിരുന്നാൽ ഒരുപക്ഷേ [illegible] ഞാനും ഞങ്ങളും നിങ്ങളും നമ്മളാകുന്നിടത്ത് ഒരു പുതിയ തലമുറ സൃഷ്ടിക്കപ്പെട്ടേക്കാം.

**മനീഷ സി.**
രണ്ടാം വർഷം
ബി.എ. മലയാളം







# തോരാതെ!

മഴകൾ പെയ്യുന്നത് പോലും
മനുഷ്യവികാരങ്ങൾക്കനുസരിച്ചല്ലേ ?
പൊട്ടിയ ഓടിന്റെ വിടവിന് താഴെ
കാത്തിരിക്കുന്ന വക്കു പൊട്ടിയ പാത്രങ്ങൾക്കും
നിലനിൽപ്പ് കൊതിക്കുന്ന പൂക്കൾക്കും
പുകമണം പ്രാപിച്ച വസ്ത്രങ്ങൾക്കും
ആകാശം മേൽക്കൂരയാക്കിയവർക്കും
മഴ ഒരു ദുരിതമാണ്.
നനയാൻ കൊതി പൂണ്ട മണ്ണിന്
മഴ ജീവനാണ്.
കിനാവ് കണ്ടുറങ്ങുന്നവന്
മഴ പ്രണയിനിയാണ്.
എന്നോ
ആരോ
സമ്മാനിച്ച മഴക്കാലത്തിന്റെ
സ്മരണയുള്ളവർക്ക്
മഴ ഓർമ്മകളാണ്.
ഒഴുകാൻ കൊതിക്കുന്ന പുഴയ്ക്കും
മുളയ്ക്കാൻ കൊതിക്കുന്ന വിത്തിനും
വലിച്ചെടുക്കാൻ തുടിക്കുന്ന വേരുകൾക്കും
നിറയാൻ കൊതിക്കുന്ന മനസ്സുകൾക്കും
മഴ കാത്തിരിപ്പിന്റെ തണുപ്പാണ്.
പൊട്ടിത്തകർന്ന ജനലുകൾക്കപ്പുറം
ഈണം കൊതിക്കുന്ന രാപ്പാടികൾക്ക്
മഴ ഏകാന്തതയാണ്.
കൂട്ടു ചേരാൻ കൊതിക്കുന്ന
ഇടിമിന്നലിനും കോടമഞ്ഞിനും കാറ്റിനും
മഴ പങ്കാളിയാണ്
മനസ്സിലൊന്നുമില്ലാത്തവർക്കും
മരിച്ചുപോയവർക്കും
മരത്തിലിരിക്കുന്നവർക്കും
മഴ ജലരേഖയാണ്.

# SALT

I have a hole inside me.
Dark and more dark.
I switched the lights,
the room lighted, not
the corner.
May be, I had
Eaten up the emptiness...
Now it grows big
inside me.
Eating upon me, and
my fears !
It grows big, each
day.
To fill the hole,
I had eaten up the
Salt.
Now I have salt within,
slowly crystallising
and re-crystallising.
Piercing the flesh,
You have sharp edges.
I have eaten up the
chocolates, candies
but salty it remains.
The numbness of salt.
Cold, melting ... within
And you know,
You don't decay
in salt ...



**Heinz Rose**
II[nd] Bsc. Geology



# ജിഷ്ണു പ്രണോയി ... നിന്നോട്

ചില ആളുകൾ അങ്ങനെയാണ്. നമ്മളുമായി ഒരു ബന്ധവും ഉണ്ടാവാൻ സാധ്യതയില്ലാത്ത ചിലർ എങ്ങിനെയൊക്കെയോ നമ്മുടെ മനസ്സിലോ ഹൃദയത്തിലോ ചലനങ്ങളുണ്ടാക്കും... ജിഷ്ണു പ്രണോയി.. ഒരു അപരിചിതനായ വ്യക്തി, പേര്, രൂപം, പക്ഷെ, നീ ഈ ഭൂമിയിൽ നിന്ന് പോയിട്ട് നാളേയ്ക്ക് ഒരു മാസമാകും. .

നീ അന്നു കൊളുത്തിയ തീപ്പൊരി ആളിപ്പടരാനായിരുന്നെന്നെനിക്കറിയാം... പക്ഷേ ഈ നശിച്ച ലോകം... വൃത്തിക്കെട്ട സമൂഹം ഏറ്റവും എളുപ്പത്തിൽ നിന്നെയും മറന്നു കളയും എന്ന് നീ എന്തേ ഓർത്തില്ല ? ? ?

ഇത്രയും ചിന്താശക്തിയും പ്രതികരണശേഷിയും ഉള്ള നീ... ജിഷ്ണു... ഇന്നാണ് ഈ ലോകത്തെ ശരിക്കും വെറുക്കുന്നത്.. സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ പ്രവർത്തിച്ച നിന്റെ കൈകളിൽ ആത്മഹത്യ ചെയ്യാനുള്ള കുരുക്ക് എങ്ങിനെ വന്നു ചേർന്നു.

എങ്ങനെയാണ് വിപ്ലവവീര്യം തുടിക്കുന്ന നിന്റെ ഹൃദയത്തിന്റെ ധൈര്യം ചോർന്നു പോയത്. തിന്മകൾ മാത്രം നിറഞ്ഞ ലോകത്തിൽ ജീവിക്കുന്നത് നിരർത്ഥകമാണെന്ന് നിനക്ക് തോന്നിയോ.. ?

എങ്കിൽ തെറ്റുപറയാനാകില്ല. എങ്കിലും... നിന്റെ അച്ഛനെയും അമ്മയെയും നിന്നെ സ്നേഹിക്കുന്നവരെയും നീ മറന്നുകളഞ്ഞതെന്തേ അനിയാ ...

നീ ഒരു ദീപമാണ്... നിന്റെ സ്മരണ - ഒരിക്കലും അണഞ്ഞു പോകാനുള്ളതല്ല. . . ആളിക്കത്താനുള്ളതാണ്... പക്ഷെ എനിക്കറിയാം ഈ ലോകം മാറാൻ പോകുന്നില്ലെന്ന് .. അത് മനസ്സിലാക്കിയതുകൊണ്ടാണോ നീ ഇവിടം വിട്ടുപോയത്. . . ഇപ്പോൾ ഒരുപാട് പേരുടെ ഹൃദയങ്ങളിൽ ഒരു വിങ്ങലായി നീയുണ്ട്.... നാളെയും ഉണ്ടാകാം... എന്നാൽ, ജീവിച്ചിരിക്കുന്നവർ എല്ലാം മറന്നുകളയും ജിഷ്ണു... വളരെയെളുപ്പം... ഞാനും മറന്നേക്കാം .. പക്ഷെ.. എനിക്കെളുപ്പമല്ലെന്നു തോന്നുന്നു... നിനക്ക് എന്റെ അനിയന്റെ മുഖച്ഛായ ഉള്ളതുകൊണ്ടു മാത്രമല്ല... മറ്റെന്തൊക്കെയോ.. നിന്റെ ഫേസ്ബുക്ക് പോസ്റ്റുകളിൽ നിറഞ്ഞു കണ്ട ആത്മവിശ്വാസവും പ്രത്യാശയും ധൈര്യവും ഇപ്പോളെവിടെയാണെന്ന നിരാശ എന്നിൽ നിന്റെ ഓർമ്മകളെ ഉണർത്തിക്കൊണ്ടിരിക്കും... ഹൃദയം പിളർക്കുന്ന ഒരു വേദനയായി ചിലരുടെ മനസ്സിൽ മാത്രം അവശേഷിക്കാനായിരുന്നോ ജിഷ്ണു നീ... ജനിച്ചത്.. എന്തിനു വേണ്ടി.. ?

ആരോടുള്ള പ്രതികാരമാണ് നീ ചെയ്തത് അവർക്കെന്തെങ്കിലും നഷ്ടപ്പെട്ടോ? അവർ ഇപ്പോഴും സുഖമായി, പൂർവ്വാധികം സുഖമായി ജീവിക്കുന്നില്ലേ...കരയുന്നത് നിന്റെ അമ്മയാണ്... അച്ഛനും നീ സ്നേഹിച്ചവരും നിന്നെ സ്നേഹിച്ചവരുമാണ്. ഒരിക്കൽ പോലും നിന്നെ കണ്ടിട്ടും അറിഞ്ഞിട്ടുമില്ലാത്ത ചിലരും താൽക്കാലികമായി... നീ ചെയ്തതു മണ്ടത്തരമായില്ലേ അനിയാ നീ ജീവിച്ചു കാണിച്ചു കൊടുക്കണമായിരുന്നു... തോൽക്കാൻ സമ്മതിക്കരുതായിരുന്നു.... നിന്റെ ഫേസ് ബുക്ക് പോസ്റ്റുകളിൽ കണ്ട ധൈര്യം ചോർന്നുപോവാൻ അനുവദിക്കരുതായിരുന്നു.... ഇതിപ്പോൾ നിന്നെ സ്നേഹിച്ചവർക്കാണ് നഷ്ടപ്പെട്ടത്.. നിന്റെ കഴിവും വിലയും അറിയാവുന്നവർക്കാണ് നഷ്ടപ്പെട്ടത്... ഈ നാടിന്റെ ഭാവിക്കാണ് നഷ്ടപ്പെട്ടത്. ... നീ എന്റെ അനിയനാണ്.. നിന്റെ മരണം എന്റെ മനസിനേയും കൊന്നുകളഞ്ഞപോലെ... മറന്നേക്കാം.. ഞാനും നിന്നെ ... പക്ഷേ, ഇടയ്ക്കെങ്കിലും ഓർക്കാൻ വേണ്ടിയാണ് ഈ താളുകൾ ... നിനക്കുവേണ്ടി പ്രാർത്ഥിക്കാം... ജിഷ്ണു.. ദൈവം ആദ്യം വിളിച്ചവർ ഭാഗ്യവന്മാർ... അവർ ദൈവത്തിന് പ്രിയപ്പെട്ടവർ..

നിന്നോട് സംസാരിക്കാൻ കഴിയില്ലെന്നറിയാവുന്നതുകൊണ്ടാവും ഞാനിവിടെ എഴുതിക്കൊണ്ടിരിക്കുന്നത്... കഴിയുന്നില്ല.... നിന്റെ വാക്കുകളെയും സ്വപ്നങ്ങളെയും മറന്നുകളയാൻ അവയെ അവഗണിച്ചുകൊണ്ട് എന്റെ ലോകത്തിൽ പഴയപോലെ മുഴുകുവാൻ

നീ... നിന്റെ വാക്കുകൾ .. ഫേസ്ബുക്ക് പോസ്റ്റുകൾ അതിൽ തെളിഞ്ഞ പ്രത്യാശ അതെല്ലാം ഇന്നെന്റെ നിരാശയാണ്. നിന്റെ അമ്മയുടെ കണ്ണീരിലെ ഓരോ തുള്ളിക്കും ഉത്തരം ഇനി ആരാണ് നൽകുക ജിഷ്ണു.... നീ തെറ്റ് ചെയ്തത് നിന്റെ അമ്മയോടാണ്... നിനക്കുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ ഒരവസരം നീ നൽകിയില്ല... നിന്റെ പ്രായം നീ ചെയ്ത തെറ്റിനുള്ള ന്യായീകരണമല്ല അനുജാ...



ഇന്നും... ഓരോ രാത്രിയും ഇനിയുള്ള ഓരോ പകലും നീ നിന്റെ അമ്മയ്ക്ക് സമ്മാനിച്ചത് കണ്ണീരിന്റെ ഒരു കടലല്ലേ... ആ അമ്മയെ നീ ഓർക്കേണ്ടതായിരുന്നില്ലേ... പെട്ടെന്ന് തോന്നിയൊരു നിമിഷത്തെ ദേഷ്യത്തിലോ നിരാശയിലോ ജീവിതം തന്നെ അവസാനിപ്പിക്കാൻ നിനക്കാരാണ് അധികാരം തരുന്നത്.. നീ ധീരനായിരുന്നില്ലേ.... നീ പലർക്കും സ്നേഹമായിരു ന്നില്ലേ അനുജാ. നിന്റെ ആരുമല്ലാത്ത ഞാൻ ഇത്ര ദൂരെ, നിന്നെയോർത്ത് കരയുന്നുവെങ്കിൽ നിന്റെ പ്രിയപ്പെട്ടവർ നിന്നെ കാണാതെ എങ്ങിനെയാവും സഹിക്കുന്നുണ്ടാവുക. അറിയില്ല... നിന്റെ ജീവിതം നീ തന്നെ തീർത്തു.

ആർക്കോ വേണ്ടി, നിന്നെ വേണ്ടാത്തവർക്കു വേണ്ടിയാണ് നീ ജീവൻ കളഞ്ഞത്. നിന്നെ വേണ്ടവർ അതിലും ഒരുപാടുണ്ടായിരുന്നില്ലേ. അവർക്കുവേണ്ടി നീ ജീവിക്കേണ്ടതായിരുന്നില്ലേ. നിന്റെ അമ്മയ്ക്കിനി ആരാണുള്ളത്. നിന്നെപ്പോലൊരു മകനെ മറക്കാൻ ആ അമ്മയ്ക്ക് എങ്ങിനെയാണ് കഴിയുക ?

**സൂര്യ പി.എസ്.**
രണ്ടാം വർഷം
ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്

# Running Away



Besides a neatly scibbled piece of paper
reassuring them that am safe
And to red roses each for them
I won’t leave any foot prints
I won’t even stop when my hearing
becomes my sight on the road infront
of that I recognize starts to face
I won’t stop we when an scared
to take another step
and I won’t even stop when all those
year of abuse starts echoing in my ears
And even when the pains I hid and
the fears I shelded from this world,
Starts pulling me towards the darkness
with all my heart, I won’t stop
and I’ ll leave my hair out and
dance to the rythem of the wind
until I reach my destmation
One day
One day  I will run away
leaving this life behind

# ആരാണ് നമ്മെ നിശ്ശബ്ദരാക്കുന്നത്?

പ്രതികരണം അനിവാര്യമായ കാലമാണിത്. എഴുന്നേറ്റ് നിൽക്കുന്നതും ശബ്ദമുയർത്തുന്നതും ജീവൻ നഷ്ടമാവാൻ കാരണമായേക്കാവുന്ന കാലം. മനുഷ്യവർഗ്ഗത്തിന്റെ അസ്തിത്വപരമായ ഐക്യത്തെ ഉപരിപ്ലവമായ വിഡ്ഢിത്തങ്ങൾകൊണ്ട് വിഭജിക്കാൻ ശ്രമിക്കുന്ന കാലം. ആരാണ് നമ്മുടെ ജീവിതങ്ങളെ നെടുകെയും കുറുകെയും പകുക്കുന്നത്? ആരാണ് വിശപ്പിനേക്കാൾ വലുത് മതമാണെന്ന് പറയുന്നത്? മനുഷ്യന്റെ ആന്തരവ്യവഹാരങ്ങളെപ്പോലും നിയന്ത്രിക്കനായി അധികാരവ്യവസ്ഥ ഏതുപകരണത്തെയാണ് ഉപയോഗിക്കുന്നത്? കടലോളം വിവരങ്ങൾ കൺമുമ്പിലുണ്ടെങ്കിലും ആരാണ് നമ്മുടെ കണ്ണുകൾ മൂടുന്നത്? മാനുഷികതയുടെ സത്ത ഉൾക്കൊള്ളാനാവാത്ത വിധം നമ്മുടെ വിദ്യാഭ്യാസ പദ്ധതികളിൽ ആരാണ് കള്ളം ചേർക്കുന്നത്? ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കാൻ പോലും ശേഷിയില്ലാത്തവരായി നമ്മെ ഞെരുക്കുകയും ഒതുക്കുകയും ചെയ്യുന്നതാരാണ്. കാലകാലങ്ങളിൽ പലരും ചോദിക്കുകയും സമരസപ്പെടാതെ കലഹങ്ങൾ ഉണ്ടാക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ, അതതുകാലങ്ങളിൽ അധികാരം കൈയ്യാളിയിരുന്നവർ തങ്ങളുടെ മാത്രം താത്പര്യങ്ങൾക്കുവേണ്ടി ബാക്കി വരുന്ന മനുഷ്യരെ തമ്മിലടിപ്പിക്കാനും കൊല്ലാനും കൊല്ലപ്പെടാനും പ്രേരിപ്പിച്ചുകൊണ്ടിരുന്നു. മതങ്ങളുടെ സാമ്രാജ്യത്വവും സങ്കുചിത ദേശീയതയും, വംശീയതയും തുടങ്ങിയ മറ്റ് പലതും ഓരോ വരുംകാലത്തിലും അതതിന്റെ രീതികളിൽ ഏകാധിപതികളായി വ്യക്തികളും സ്ഥാപനങ്ങളും, സ്ഥാപനവത്ക്കരിക്കപ്പെട്ട പ്രത്യയശാസ്ത്രങ്ങളും, ഏകാധിപത്യത്തിന്റെ സൗകര്യങ്ങൾ അനുഭവിച്ചപ്പോൾ വിദ്യാഭ്യാസത്തേയും അതിന്റെ രീതിശാസ്ത്രത്തേയും തങ്ങൾക്കനുകൂലമാക്കി (ബലപ്രയോഗത്തിലൂടെയും അല്ലാതെയും) മാറ്റിക്കൊണ്ടാണ് അവർ തങ്ങളുടെ പദ്ധതികൾ സാക്ഷാത്കരിച്ചത്. ഏകാധിപതികൾ ഓരോ കാലത്തും പെരുമാറിയത് ജനങ്ങളുടെ സാമൂഹ്യവ്യവസ്ഥിതിയെ അട്ടിമറിച്ചുകൊണ്ടല്ല. മറിച്ച് അതിന്റെ ഏറ്റവും വികലവും സങ്കുചിതമായ ഏടുകളെ മാത്രം ഉയർത്തിക്കാണിച്ചുകൊണ്ടാണ്. പ്രത്യക്ഷത്തിൽ നിരുപദ്രവകരമെന്ന് തോന്നാൻ തക്ക വിധത്തിൽ പല രീതികളിലുള്ള പ്രത്യയശാസ്ത്രനിർമ്മിതികളെ അവർ കൂട്ടുപിടിക്കുകയും ചരിത്രത്തെ തന്നെ തിരുത്തിയെഴുതാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇത്തരത്തിലുള്ള സങ്കുചിതത്വങ്ങളെ പ്രേരിപ്പിക്കാനും പ്രതികരണങ്ങളെ ഇല്ലാതാക്കാനുമുള്ള എളുപ്പവഴി വിദ്യാഭ്യാസത്തിന്റെ മൗലികതയെ തകർക്കുന്നതാണെന്ന് അവർ കണ്ടെത്തുകയും ചെയ്തു. ഇപ്രകാരം പല കാര്യങ്ങളിൽ പല ദേശങ്ങളിൽ അവതരിപ്പിച്ച ഇവരുടെയെല്ലാം രീതിശാസ്ത്രങ്ങൾ വ്യത്യസ്തങ്ങളായി പ്രത്യക്ഷത്തിൽ തോന്നിക്കുമെങ്കിലും അവരുടെ ലക്ഷ്യങ്ങളെല്ലാം ഒന്നു തന്നെയായിരുന്നുവെന്ന് കാണാൻ കഴിയും.

ഇത്തരത്തിൽ ജനാധിപത്യത്തിന്റെ പഴുതുകളെ കൃത്രിമത്വത്തിലൂടെ വലുതാക്കി. തിരഞ്ഞെടുപ്പുകളുടെയും കേവല ഭൂരിപക്ഷത്തിന്റേയും മൂടുപടമണിഞ്ഞ് പ്രത്യക്ഷപ്പെടുന്ന 'രാജ്യസ്നേഹി'കളായ നാട്യക്കാരുടെ സങ്കേതമാവുകയാണ് നമ്മുടെയും രാജ്യം. കാലങ്ങളായി തുടർന്നുപോന്ന കർമ്മ പരിപാടികളുടെയും ഗൂഢനീക്കങ്ങളുടെയും ഫലമായി അവർ തിരഞ്ഞെടുപ്പിൽ വിജയിച്ചിരിക്കുന്നു. ജനാധിപത്യത്തിന്റെ ഉള്ളിൽ നിന്നുകൊണ്ട്, അതിന്റെ ത്തന്നെ പരമിതികളെ പരമാവധി ഉപയോഗിച്ചുകൊണ്ട്, സഹവർത്തിത്വത്തെ ഇല്ലാതാക്കികൊണ്ട് ഫാസിസ്റ്റുകൾ നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യത്തെയും അട്ടിമറിച്ചിരിക്കുന്നു. നിയമനിർമ്മാണസഭയോട് ഉത്തരം പറയാൻ താത്പര്യമില്ലാത്ത ഏകാധിപതിയായ പ്രധാനമന്ത്രിയെ നമുക്ക് ലഭിച്ചിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസം അട്ടിമറിക്കപ്പെടുകയും സങ്കുചിത താത്പര്യങ്ങൾ സിലബസ്സുകളിൽ കയറിക്കൂടുകയും ചെയ്തിരിക്കുന്നു. എന്നിട്ടും വായനക്കാതെ നാക്കില്ലാത്തവരെപ്പോലെ നാം മിണ്ടാതിരിക്കുന്നു. എന്തുകൊണ്ടാണ് നാം നിശ്ശബ്ദരായിരിക്കുന്നത്? ആരാണ് നമ്മുടെ നാവുകളറുക്കുന്നത്?

ചുറ്റും നോക്കേണ്ടതില്ല. മേൽപറഞ്ഞ ചോദ്യങ്ങൾക്ക് ഉത്തരമായി ചൂണ്ടിക്കാണിക്കാൻ ഒരാളെപ്പോലും ചുറ്റും കാണില്ല. കാരണം മുൻപ് പറഞ്ഞതുപോലെ ജീവിച്ചിരിക്കുന്ന നമ്മെ കൊല്ലാൻ മുൻപേ തയ്യാറാക്കപ്പെട്ടതും കാലക്രമേണ നടപ്പിലാക്കപ്പെട്ടതുമായ വിദ്യാഭ്യാസ പദ്ധതികളുടെ ഇരകളാണ്

നമ്മളൊക്കെ. എങ്ങനെയാണത് സംഭവിച്ചത്? എന്തു കൊണ്ടാണ് ഇത് നിലനിന്നുപോവുന്നത്?

സമൂഹത്തെ അടിമത്തത്തിലാക്കാൻ തക്കവിധം വിദ്യാഭ്യാസത്തെ ക്രമീകരിക്കുകയാണ് പ്രധാനപ്പെട്ട വഴി. സിലബസ്സുകളും വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും നിശബ്ദതയെ മാത്രം ഉത്പാദിപ്പിക്കുന്ന രീതിയിൽ മാറ്റിയെടുത്തിരിക്കുന്നു. സമരം ചെയ്യാനാവാത്ത വിധം അറ്റൻഡൻസ് വ്യവസ്ഥയെ പരിഷ്കരിച്ചിരിക്കുന്നു. വായിക്കാതിരിക്കാൻ നിർബന്ധിതമാക്കിരിക്കുന്നു. വായനയ്ക്കും ഗവേഷണത്തിനും മുൻഗണന കിട്ടേണ്ട കലാലയങ്ങളിൽ കാണാതെ പഠിക്കുന്നതും സില ബസ്സിലുള്ളത് മാത്രം വിഴുങ്ങുന്നതും മഹത്തരമായ കർമ്മങ്ങളായിരിക്കുന്നു. ഇതിനെല്ലാം മേലേ പരീക്ഷക ളെല്ലാം ഓർമ്മ പരിശോധനകൾ മാത്രമായി മാറിയിരി ക്കുന്നു. ക്രിയാപരമായി യാതൊന്നും ചെയ്യാൻ ശേഷിയില്ലാതെ അദൃശ്യമായ കൈകൾകൊണ്ട് നിയന്ത്രി ക്കപ്പെടുന്ന പാവകളായി കുട്ടികളെ മാറ്റിത്തീർ ത്തിരിക്കുന്നു.

ചുറ്റും നടക്കുന്നതിനെ അപഗ്രഥിക്കുന്നതല്ല ഇന്നത്തെ ജ്ഞാനം; മറിച്ച് അവയെ കാണുന്നില്ലെന്ന് നടിക്കുന്നതാണ്. ജ്ഞാനമെന്ന പേരിൽ സ്വാർത്ഥതയുടെ പ്രത്യശാസ്ത്രമാണ് വിദ്യാഭ്യാസപദ്ധതികളിലൂടെ കൈമാറ്റം ചെയ്തുകൊണ്ടിരിക്കുന്നത്. ഇങ്ങനെ, അധ്യാപകരെ മുഴുവനും ഉദ്യോഗസ്ഥർ മാത്രമാക്കി നിലനിർത്തുന്നതും വിദ്യാർത്ഥികളെ വിവരങ്ങൾ സൂക്ഷിക്കാൻ മാത്രമുള്ള യന്ത്രങ്ങളാക്കി മാറ്റാനും കഴിഞ്ഞു എന്നതാണ് ഏകാധിപതികളുടെ നേട്ടം. ഒരു തലമുറയെയാണ്, വരാനിരിക്കുന്ന അനേകം തലമുറകളെയാണ് അവർ ലക്ഷ്യം വെക്കുന്നത്. ജനാധിപത്യം ക്ലാസ് മുറികളിൽ തന്നെ അട്ടിമറിക്ക പ്പെടുന്നു. തെരഞ്ഞെടുപ്പിനെ അസാധ്യമാക്കുന്ന നിർബന്ധങ്ങളുടെ ഇടമാണ് ഇന്നത്തെ ക്ലാസ് മുറികൾ. കേൾക്കാൻ താത്പര്യമില്ലാത്ത അധ്യാപകരെ വിദ്യാർത്ഥികൾ കേൾ ക്കേണ്ടി വരുന്നു. പുസ്തകത്തിൽ നിന്ന് വായിച്ചാൽ കിട്ടുന്ന അറിവുകൾ മാത്രമോ, അതിൽ കുറവോ, മാത്രം അധ്യാപകർ വിനിമയം ചെയ്യുന്നു. കേവലം ഭാഷാ പരിജ്ഞാനം മാത്രം ആവശ്യമുള്ള ഈ പ്രക്രിയയിലൂടെ അധ്യാപകൻ സ്വന്തം ഉത്പാദനക്ഷമത ഇല്ലാതാക്കുകയും വിദ്യാർ ത്ഥികളുടെ ക്രിയാശേഷിയെ നശിപ്പിക്കു കയും ചെയ്യുന്നു.

ലൈബ്രറികൾ ആളൊഴിഞ്ഞ ഇടങ്ങ ളാകുകയും അനുഭവത്തിന്റെ യഥാർത്ഥ ലോകം വിദ്യാർത്ഥികൾക്ക് നഷ്ടമാവുകയും ക്രമേണ അയഥാർത്ഥമായ ഒരു ലോകത്തേക്ക്, ഒരു ക്യാമ്പസി ലേക്ക് ഒരു വ്യക്തി ജീവിതത്തിലേക്ക് വിദ്യാർത്ഥികൾ ചുരുങ്ങുകയും ചെയ്യുന്നു. ക്ലാസ്സ് മുറിയുടെ ജനലിനു പുറത്താണ് യഥാർത്ഥ ലോകം എന്നും അവിടെയാണ് ജീവിതം അതിന്റെ പൂർണ്ണതയിൽ നിലനിൽക്കു ന്നതെന്നും വിദ്യാർത്ഥികൾ മനസ്സിലാക്കാ തിരിക്കുന്നു.

ഇങ്ങനെ ജീവച്ഛവങ്ങളെ ഉത്പാദിപ്പിക്കുന്ന കേവലപ്രക്രിയ മാത്രമായി വിദ്യാഭ്യാസം അധപ്പതിച്ചി രിക്കുന്നു. അധ്യാപകരും സിലബസ്സും ഏകാധിപതി കളുടെ ഉപകരണങ്ങൾ മാത്രമാണ്.

വിപ്ലവങ്ങൾ ഉണ്ടാവാതിരിക്കേണ്ടത് ഏകാധി പത്യത്തിന്, മതാധിപത്യത്തിന്, വർഗ്ഗീയതക്ക്, പുരുഷാ ധിപത്യത്തിന് അത്യന്താപേഷിതമാണ്. വിപ്ലവങ്ങൾ ഉണ്ടാവേണ്ടത് നമ്മുടെ ആവശ്യമാണ്. മരിക്കാ തിരിക്കാൻ, തമ്മിൽ തമ്മിൽ കൊല്ലാതിരിക്കാൻ, മതിലു കളില്ലാതിരിക്കാൻ നിശ്ശബ്ദരാക്കപ്പെടാതിക്കാൻ നമുക്ക് വിപ്ലവങ്ങൾ ആവശ്യമാണ്. വിദ്യാഭ്യാസത്തിൽ വിപ്ലവ ങ്ങൾ അനിവാര്യമാണ്.

**ജോബിൻ മേഴ്സി മാത്യു**
ഒന്നാം വർഷം
എം.എ. ഇകണോമിക്സ്



# CHRIST COLLEGE (AUTONOMOUS), IRINJALAKUDA
## ANNUAL REPORT
### INSTITITIONAL ACHIEVEMENTS

1. College was rated to 17th in the nation during the NIRF (National Institutional Ranking Framework) ranking conducted by Ministry of Human Resources, Govt. of India. Our college stood first in Kerala in the same NIRF ranking.
2. Christ College was awarded the Best College Award for sports and games in university of Calicut.
3. The NSS (National Service Scheme) unit was awarded the NYLA (National Young Leader Award) instituted by Ministry of Sports and Youth Affairs, Govt. of India
4. The first batch (After the College received the autonomous status) of students (postgraduate) completed their exams

**LIST OF AWARD AND RECOGNITIONS TO TEACHERS**

1. Dr.Sudhikumar A V received the Equipment grant instituted by Ideawild USA in the year 2017
2. Dr.Sudhikumar K V received the Biodiversity Award instituted by KSBDB in the year 2015
4. Dr. LintoAlappat received the Visiting Scientist Fellowship of Physical Research Laboratory, Ahmadabad, Dept. of space, Govt. of India for the year 2017

### ANNUAL REPORT 2016-17
### ACADEMIC RESULTS
### FINAL YEAR RESULTS :- B.A/ B.SC/ B.COM/B.C.A/BSW.

| | DEPARTMENTS | TOTAL STUDENTS | PASS% |
|---|---|---|---|
| 1 | GEOLOGY | 37 | 70.30% |
| 2 | MATHEMATICS | 47 | 66% |
| 3 | PSYCHOLOGY | 34 | 67.60% |
| 4 | MALAYALAM | 28 | 42.90% |
| 5 | COMP.SCI | 27 | 48.10% |
| 6 | BCA | 31 | 48.40% |
| 7 | ZOOLOGY | 36 | 77.80% |
| 8 | BCOM AIDED | 56 | 94.60% |
| 9 | CHEMISTRY | 44 | 88.60% |
| 10 | PHYSICS | 49 | 73.50% |
| 11 | BCOM UNAIDED | 161 | 72.20% |
| 12 | ECONOMICS | 55 | 60% |
| 13 | F ENGLISH | 31 | 80.60% |
| 14 | ENGLISH LIT | 31 | 51.60% |
| 15 | BSW | 25 | 36% |

## ACADEMIC RESULTS

### FINAL YEAR RESULTS :- M.A/M.SC/M.COM/MSW

| | DEPARTMENTS | TOTAL STUDENTS | PASS% |
|---|---|---|---|
| 1 | PHYSICS | 12 | 100% |
| 2 | CHEMISTRY | 12 | 100% |
| 3 | ZOOLOGY | 13 | 100% |
| 4 | ENV SCIENCE | 13 | 92% |
| 5 | MATHEMATICS | 19 | 90% |
| 6 | BOTANY | 12 | 100% |
| 7 | APP. GEOLOGY | 9 | 89% |
| 8 | STATISTICS | 10 | 70% |
| 9 | CLINI. PSYCHO | 10 | 100% |
| 10 | HISTORY | 20 | 75% |
| 11 | ECONOMICS | 19 | 90% |
| 12 | COMMERCE | 20 | 95% |
| 13 | SOCIAL WORK | 17 | 77% |
| 14 | ENGLISH | 18 | 94% |
| 15 | BLISc | 16 | 75% |

## CHRIST COLLEGE (AUTONOMOUS), IRINJAKAUDA
## ANNUAL REPORT 2016-17

### UNIVERSITY TOPPERS

| Name | Rank | Department | Course | Year | Photo |
|---|---|---|---|---|---|
| Ankitha | I | Physics | B.Sc | 2014-17 |  |
| Sneha Johny | I | Economics | MA | 2014-17 |  |
| Anju Joy | I | Chemistry | B.Sc | 2014-17 |  |

| | | | | | |
|---|---|---|---|---|---|
| Abhiram K | I | Geology | B.Sc | 2014-17 |  |
| Chitra Venugopal | III | Mathamatics | B.Sc | 2013-16 |  |
| Savitha C.S. | II | Mathamatics | B.Sc | 2014-17 |  |

## CHRIST AUTONOMOUS MA / M.Sc / M.com TOPPERS



ANJALI. K C
BOTANY



K G SILPA
BOTANY



KAVYA RATHEENDRAN
GEOLOGY



ATHIRA THILAKAN
M.Com



ANCY JOHNSON
HISTORY



NITHYA.K.S
PHYSICS



NIVEDA SEBASTIAN
ENGLISH LITERATURE



NIJIL JACOBI
ECONOMICS



MERINROOTH
SOCIAL WORK



SRUTHI SIVADAS
ZOOLOGY



FLEMY FRANCIS
STATISTICS



SREEPRIYA NATHAN.V
Env.Science



PARVATI V RAVEENDRAN
CLINICAL Psy



RESHMA VARGHESE
CHEMISTRY



RIBIN THOMAS
LIBRARY SCIENCE



AISWARYA MENON
MATHEMATICS

## CHRIST COLLEGE (AUTONOMOUS), IRINJALAKUDA

## ANNUAL REPORT 2016 17

Conferences / Seminars/Workshops Organized by Deprtments

1. Department of Zoology Organized a National Seminar on Biodiversity conservation : Trends and prospects sponsored by KSCSTE and the resource persons were Dr. P.O. Nameer. Kerala Agricultural University. Dr. Joshi K.K. CMFRI. Kochi, Dr. P.M. Sureshan, ZSI, Calicut and Dr. E.A. Jayson, KFRI, Peechi on 17th and 18th of September 2015.
2. Department of Commerce organized a National Workshop on "Indian Capital Market : Opportunities and Challanges" sponsored by ICSSR and the resource persons were Mr. Akshay Agarwal. MD. Accumen Capital Ltd. Mr. Porinchu Velliyath, MD. Equity Intelligence Ltd. & Brejesh Baba V Vettor on 16th and 18th of February 2016.
3. Department of Commerce organized a Two Day State Level Workshop on SPSS and the resource person was Dr. Saji T.G. Associate Perofessor. Govt. College, TCR on June 30th and August 1st of 2017.
4. Department of Commerce of organized a one day Seminar on The Roll Out of GST - The Biggest Tax Reform of Independent India and the resource person for the program was Prof. Vijayanachari S. Chairman, Institute of Tax practitioners of India. Kerala Chapter 12th July 2017.
5. Department of Commerce organized a National Symposium on GST-one Nation. One Market and One Tax and the resource person was Mr. Sachin Menon, Head, Indirect Tax, KPMG Mumbai and Mr. V.K. Krishnakumar C.A. on 21st July 2017.
6. Department of Chemistry organized two day National Seminar on Emerging trends in Chemical Research and resource persons were Dr. Manohar D Mullassery FMNC Kollam. Dr. Sabu Thomas, MG University, Dr. K. Radhakrishnan, Scientist NIIST Trivandrum and Vineesh Vijayan Trivandrum IISER on February 8th and March 31st 2016.
7. Department of Geology organized a Three day International Seminar on "Emergin Methods and Applications (GEMS-2017)" sponsored by Ministry of Earth Sciences (MoEs). Science and Engineering Research Board (SERB), Govt. of India and Kerala State Council for Science. Technology & Environment (KSCSTE). Govt. of Kerala during 6-8 February, 2016.
8. Department of Botany, Enviro-Bhoomithra club, Biodiversity club, Department of Geology and Environmental Science jointly organized a National seminar on 'Know Your Nature' in connection with World Environment Day celebrations on June 6th 2017 and the resource persons were Dr. Patil Suyog Subhash Rao, IFS, Divisional Forest Officer (DFO). Thrissur, Dr. Deepesh V. Scientist, Central Pollution Control Board, Bengaluru and Dr. Dipu S., Scientist, Water quality division, Centre for Water REsources Development and management (CWRDM) Kozhikode.

# ANNUAL REPORT 2016-17

## CONFERRENCES/SEMINARS/WORKSHOPS ORGANISED BY DEPARTMENTS

### PhD awarded (2016-2017)

| No. | Name | Faculty / Student | Department | Research Guide | Year | University | Topic |
|---|---|---|---|---|---|---|---|
| 1 | Seena Thomachan | Student | Chemistry | Dr. V.D. John | 2017 - January | University of Calicut | Syntheisis, Characterisation and Biologicals Applications of Transition Metal chelates of 1,7 Diary heptanoids |
| 2 | Josheena Jose | Faculty | Commerce | Dr. P. Vasanthakumari | 2017 - March | Mahatma Gandhi University | A Study on the impact of agricultural insurance on the risk management among the food crop framers in Kerala |
| 3 | Arun S | Faculty | Chemistry | Dr. D. Bahuleyan | 2016 - March | University of Calicut | Studies on the development of one pot multicomponent synthetic protocols for linear and macrocyclic peptidomi metics |
| 4 | Bijesh M.B. | Faculty | Chemistry | Dr. V Haridas | 2017 - Jan | Indian Institute of Technology, Delhi | Self-assembly and anion recognition properties of designer pseudopeptidic molecules |
| 5 | Sreejith Raj | Faculty | Physical Education | Dr. A. Praveen | 2016 - September | Pondicherry Central University | Effect of glutes strengthening with foam rollers and resistance training on selected physical physiological skill related variables among football players |
| 6 | Seena V | Faculty | Mathematics | Dr. Raji Pilakkat | 2017 - July | University of Calicut | Sepration Axioms in Graphs and Hypergraphs |
| 7 | Soni John T | Faculty | Physical Education | Dr. Tony Morris | 2016 - April | Victoria University Melbourne Australia | Imagery Perspectives and mirror neurons in copying movement. |

| No. | Name | Faculty / Student | Department | Research Guide | Year | University | Topic |
|---|---|---|---|---|---|---|---|
| 8 | Franco T Francis | Faculty | Economics | Dr. Mohamudunni Elias Musthafa | 2016 - August | Bharatiyar University | "Effectiveeness of Brain Based Learning Strategy on Emotional Regulation and Critical Thinking of Higher Secondary School Students" |
| 9 | Aneesha V Appu | Faculty | Psychology | Dr. Surendrakumar Sia | 2016 - July | Pondicherry Central University | Creativity at Workplace : Examining some Antecedents. Consequences and Buffers. |

Principal

Christ College, Irinjalakuda



# യൂണിയൻ റിപ്പോർട്ട്

മങ്ങാടിക്കുന്നിന് ഒരിക്കൽ കൂടി ചെങ്കടലാക്കി 2016-17 അധ്യയന വർഷത്തിന്റെ അതേ വിജയം 23-09-2016 ലെ ഇലക്ഷനിലും ആവർത്തിക്കാനായി. ചെയർമാനായ വിഷ്ണു എം.എസി.ന്റെ നേതൃത്വത്തിൽ പ്രൗഢോജ്ജ്വലമായി യൂണിയൻ അധികാരത്തിലേറി. 8-10-2016 ലെ വിജയാഘോഷത്തിനു ശേഷം 20-10-2016ന് യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറി. മുൻവർഷങ്ങളിലെ പോലെ യൂണിയൻ അധികാരത്തിലേറിയ പിറ്റേ ദിവസം തൃശൂർ ജില്ലയിൽ അങ്ങോളമിങ്ങോളം പൊതിച്ചോറ് വിതരണം ചെയ്തു. ഫൈനാൻസ് സെക്രട്ടറി മനീഷിന്റെ നേതൃത്വത്തിൽ 16,17 ജനുവരി തിയ്യതികളിൽ ക്രൈസ്റ്റ് കോളേജിന്റെ ചരിത്രത്തിലെ യൂണിയന്റെ വർണ്ണശമ്പളമായ ഉദ്യമമായ ക്രൈസ്റ്റ് കോളേജ് കലോത്സവം ചിലമ്പ് 2017 അരങ്ങേറി. ഡിപ്പാർട്ട്മെന്റുകൾ തമ്മിൽ മാറ്റുരയ്ക്കാനൊരു മത്സരവേദി എന്നതിലപ്പുറം വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയ്ക്കും കലാവാസനകൾക്കും എന്നും പ്രധാന്യം നൽകുന്ന യൂണിയന്റെ കിരീടത്തിലെ പൊൻതൂവലായി ചിലമ്പ് 2017 മാറി. സജീവ വിദ്യാർത്ഥി പങ്കാളിത്തവും അണിയറ പ്രവർത്തകരുടെ അദ്ധ്വാനവും കൊണ്ട് ചിലമ്പ് 2017 നടന്ന ജനുവരി 16,17 ദിവസങ്ങളിൽ ക്രൈസ്റ്റ് കോളേജ് കലാലയം ഉത്സവാന്തരീക്ഷത്തിൽ തന്നെ ജ്വലിച്ചു. ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കി ജിയോളജി എന്റ് എൻവയോൺമെന്റൽ സയൻസ് ഡിപ്പാർട്ട്മെന്റ് ചിലമ്പ് 2017 ഓവറോൾ ചാമ്പ്യൻഷിപ്പ് സ്വന്തമാക്കി.

ഫെബ്രുവരി 19-23 യൂണിയൻ പ്രവർത്തനങ്ങൾ ഏറ്റവും ശ്രദ്ധേയമാകുന്ന യൂണിവേഴ്സിറ്റി ഡീസോൺ കലാമേളയിൽ വിപുലമായ വിദ്യാർത്ഥി പങ്കാളിത്തം തന്നെ ക്രൈസ്റ്റ് കോളേജിന് ഉറപ്പാക്കാൻ സാധിച്ചു. എം.ഡി.കോളേജ് പഴനി, ശ്രീകൃഷ്ണകോളേജ് ഗുരുവായൂർ എന്നിവിടങ്ങളിലായി അഞ്ച് ദിവസം അരങ്ങേറിയ മത്സര ഇനങ്ങളിൽ കോളേജിന് അതിന്റേതായ കൈയ്യൊപ്പ് പതിപ്പിക്കാൻ സാധിച്ചു. ഏറെ കഷ്ടപ്പാടുകൾക്കും യാതനകൾക്കും ഒടുവിൽ യൂണിയൻ അംഗങ്ങളുടെയും വളണ്ടിയർമാരും രാപകൽ അക്ഷീണപ്രയ്ത്നങ്ങൾ വഴി വിദ്യാർത്ഥികളുടെ ആർജ്ജവം ക്രൈസ്റ്റിന്റെ പ്രതിഭ ഉയർത്തിക്കാട്ടാൻ സാഹയകമായെങ്കിലും കിരീടം നേരിയ വ്യത്യാസത്തിൽ നഷ്ടമായി.

മെയ് 8-12 അഞ്ച് ദിവസങ്ങളിലായി കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിലും ഐ.എച്ച്.ആർ.ഡി. കോളേജിലും വെച്ച് നടന്ന ഇന്റർസോൺ കലാമേളയിൽ സ്റ്റേജ് സ്റ്റേജിതര മത്സരങ്ങളിൽ കോളേജിന് മികവ് തെളിയിക്കാനായി. മികവ് തെളിയിക്കാൻ ഇന്റർസോൺ കാലമേളയിൽ സാധിച്ചു. യൂണിയന്റെ പ്രവർത്തന മികവ് ഈയവസരത്തിലും മികച്ചു തന്നെ നിന്നു.

മെയ് 3 ഒരൽപ്പം വൈകിയാണെങ്കിലും ഹസ്ത ലാ വിസ്ത എന്ന പേരിൽ മങ്ങാടി കുന്നിലെ യുവത്വത്തിന്റെ അവരുടെ സ്വപ്നങ്ങളുടേയും, കലാവാസനകളുടേയും, പ്രണയത്തിന്റേയും, വിപ്ലവത്തിന്റേയും ഉത്സവമായി കോളേജ് ഡേ കൊണ്ടാടാൻ യൂണിയന് സാധിച്ചു.

യൂണിയൻ അധികാരത്തിലേറിയതുമുതലുള്ള വഴികളിൽ ഓരോ പ്രവർത്തനങ്ങളിലും എന്ന പോലെ കോളേജ്ഡെയ്ക്കും യൂണിയൻ ഭാരവാഹികളുടെ കർമ്മനിരത പ്രകടമായി. കോളേജ് പ്രിൻസിപ്പളിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച പരിപാടി ആ വർഷത്തെ മികച്ച ഗായകനുള്ള സംസ്ഥാന അവാർഡ് ജേതാവ് സൂരജ് സന്തോഷ് ഉദ്ഘാടനം ചെയ്തു. വ്യക്തമായ ആശയവും രാഷ്ട്രീയവും ഉൾകൊള്ളുന്ന വിവിധ കലാപരിപാടികളോടെ കോളേജ് ഡെ ആഘോഷമായി കൊണ്ടാടി. വിദ്യാർത്ഥി പങ്കാളിത്തത്തിൽ നേരിയ ഇടിവ് സംഭവിച്ചെങ്കിലും സന്നിഹിതരായവർക്ക് ഏറെ ഉണർവ്വേകുന്ന ഒന്നായിരുന്നു കോളേജ് ഡെ.

ചുരുക്കത്തിൽ സർഗ്ഗാത്മകതയും സമത്വവും ഉയർത്തിപടിച്ച് അധികാരത്തിലേറിയ യൂണിയന് അത് വിദ്യാർത്ഥികളിലേയ്ക്കെത്തിക്കാൻ സാധിക്കുക തന്നെ ചെയ്തു എന്നതാണ് ക്രൈസ്റ്റ് കോളേജ് യൂണിയൻ 2016-17 ന്റെ ഏറ്റവും വലിയ വിജയം. വിമർശനങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ച് അവ ശ്രദ്ധാപൂർവ്വം വിലയിരുത്തി വേണ്ട ഭേദഗതികൾ വരുത്തിവിദ്യാർത്ഥി പക്ഷത്തുനിന്ന് വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കായി എന്നും അവർക്കൊപ്പം നിലകൊണ്ട് മുന്നോട്ട് പോകാൻ യൂണിയൻ ശ്രദ്ധചെലുത്തി. യൂണിയൻ ഉൾകൊള്ളുന്ന രാഷ്ട്രീയത്തിന്റെ പ്രത്യയശാസ്ത്രം ഉയർത്തിപ്പിടിച്ച് മുൻവർഷത്തിലെ യൂണിയന്റെ നേട്ടങ്ങൾ തുടരുവാനും വിദ്യാർത്ഥികൾക്കൊപ്പം നിന്ന് സജ്ജീവ വിദ്യാർത്ഥിയൂണിയനായി പ്രവർത്തിക്കാനും ക്രൈസ്റ്റ് കോളേജ് യൂണിയൻ 2016-17 ന് സാധിച്ചു.

ജന. സെക്രട്ടറി


Beenas
BOUTIQUE
READYMADE CHURIDARS, CHURIDAR MATERIALS,
KURTIS AND TOPS, WESTERN WEARS, SAREES, RUNNING MATERIALS
LEGGINGS AND DUPPATTAS, GOWNS, LEATHER BAGS
ORUMA MART, OPPOSITE GOVT. BOYS HIGH SCHOOL
MAIN ROAD, IRINJALAKUDA



എന്റെ അസ്തിത്വത്തിന്റെ
പൂർണതയ്ക്ക്
സമരസപ്പെടാത്ത
മനസ്സ്

# നിലനിൽപ്പ്

# ‘ദീപസ്തംഭം മഹാശ്ചര്യം, എനിക്കും കിട്ടേണം പണം’

‘ദീപസ്തംഭം മഹാശ്ചര്യം, എനിക്കും കിട്ടേണം പണം’ എന്നു നമ്പ്യാർ പറഞ്ഞു വെച്ചത് മാധ്യമഭീമന്മാരെ കുറിച്ചാണോ എന്നൊരു സംശയം. ഭരണക്കൂടത്തെയും ജനങ്ങളെയും നിരീക്ഷിക്കുന്ന ‘കാവൽപ്പട്ടി’യും, സഹൃദയരെ ആക്ഷേപത്തിലൂടെ ആസ്വദിപ്പിക്കുന്ന ഒരു കലയും തമ്മിൽ എന്തുബന്ധം മനസ്സിൽ ഉയർന്നേക്കാം. പ്രത്യക്ഷത്തിൽ സർക്കാരിന്റെ സന്ദേശവാഹകരും ജനങ്ങളുടെ മനസാക്ഷി സൂക്ഷിപ്പുക്കാരുമായ പ്രസ്തുത വാർത്ത- വിനിമയ മാധ്യമങ്ങൾ അഥവാ ഫോർത്ത് എസ്റ്റേറ്റ് (Fourth Estate ) എന്ന ഫ്രഞ്ച് വിപ്ലവത്തിനു ശേഷം വിപുലമായി അറിയപ്പെടാൻ തുടങ്ങിയവർ, ഇന്നു ശ്രദ്ധ കേന്ദ്രീകരിക്കുന്നത് എന്തിലാണെന്നുള്ള ഒരു അവലോകനം ആവശ്യമാണ്. വിവര-വിനിമയ- വിദ്യഭ്യാസ ഉപാധി എന്ന പ്രഥമ ലക്ഷ്യത്തിൽനിന്നും വ്യതിചലിച്ച് വിനോദത്തിനു മാത്രമുള്ള ഉപകരണമായി മാറുന്ന ഒരു സ്ഥിതിവിശേഷം കണ്ടില്ലെന്നു നടിക്കാൻ സാധിക്കില്ല. സ്വകാര്യവത്ക്കരണത്തിന്റെ ഭാഗമായി വന്നുകൂടിയ മാറ്റങ്ങളെ മാത്രം പഴിചാരുന്നതിനുമുമ്പ് ഒരു ആത്മപരിശോധന അനിവാര്യമാണ്.

വിനോദത്തിനുള്ള, താരതമ്യേന അപ്രധാനമായ വാർത്തകൾ പൊലിപ്പിച്ചു പ്രസിദ്ധീകരിക്കുന്ന മഞ്ഞ പത്രങ്ങളുടെ ഒരു ചെറുരൂപം മുൻനിര മാധ്യമങ്ങളിൽ പ്രകടമാണ്. എന്നാൽ, ഇത്തരം ആരോപണങ്ങൾ മാധ്യമങ്ങൾക്കു നേരേ ഉന്നയിക്കുമ്പോൾ ഉയർന്നുവരുന്ന വാദമുഖങ്ങൾക്കും പ്രസക്തിയുണ്ട്. നിസ്വാർത്ഥമായി, സേവന താത്പര്യങ്ങൾ മാത്രം മുൻനിർത്തി



പ്രവർത്തിക്കുന്ന മാധ്യമങ്ങൾ ഉള്ളതായി അറിവില്ല. എന്തെങ്കിലും ഒരു പ്രത്യയശാസ്ത്രത്തിന്റെ വക്താവായോ മാത്രം പ്രത്യക്ഷപ്പെടുന്നവയാണ് പത്രങ്ങൾ, ടെലിവിഷൻ ചാനലുകൾ തുടങ്ങിയവ. അവർ ഉന്നം വെയ്ക്കുന്ന പ്രേക്ഷകരെ നിലനിർത്തുന്നതിനു വാർത്തകളിലോ , പരിപാടികളിലോ മാറ്റം വരുത്തുന്നത് വിപണനതന്ത്രമാണ്. ആഗ്രഹിക്കുന്നത് നൽകുക എന്നതിലുപരി, ഉദ്ദേശിക്കുന്നത് അടിച്ചേൽപ്പിക്കുന്ന ഒരു അവസ്ഥ ഇവിടെ സംജാതമാകുന്നു. ഇത്തരം മാറ്റങ്ങളുടെ പട്ടികയിൽ ആദ്യം സ്ഥാനം പിടിച്ചിരിക്കുന്നത് ചുവന്ന പരവതാനിയും' വിദേശ സീരിയൽ വിശേഷങ്ങളും', പാപ്പരാസികളുടെ പരദൂഷണങ്ങളുമാണ്.

തുടർച്ചയായുള്ള രക്തരൂക്ഷിത വാർത്തകൾ സാധാരണക്കാരായ ജനങ്ങളിൽ വിരക്തി (Desensitization) ഉണ്ടാക്കുന്നു എന്നത് തെളിയപ്പെട്ട വസ്തുതയാണ്. ഇത് മറ്റു വാർത്തകളിൽ കൂടുതൽ താത്പര്യം ജനിപ്പിക്കാൻ ഇടയാക്കുന്നതിനോടൊപ്പം സാമൂഹിക പ്രതിബന്ധതയ്ക്കു കോട്ടം തട്ടുന്നതിനും കാരണമായി തീരുന്നു. പത്രങ്ങളിലെ എഡിറ്റോറിയൽ പേജുകൾ പരിശോധിക്കുമ്പോൾ, പത്രാധിപരുടെ കുറിപ്പും, വാർത്താധിഷ്ഠിതമായ ലേഖനങ്ങൾക്കുമിടയിൽ നർമ്മം ചാലിച്ച കുറിപ്പുകൾ കാണാം (Middles). എഡിറ്റോറിയൽ പേജ് ലഘൂകരിക്കുന്നതിനാണ് ഇത്തരം എഴുത്തുകൾ ഉൾപ്പെടുത്തുന്നത്. എന്നാൽ ഇതിൽനിന്നും തീർത്തും വ്യത്യസ്തമാണ് ഈയിടെയായി മുൻപേജുകളിൽ തന്നെ സ്ഥാനം പിടിക്കുന്ന വിനോദവാർത്തകൾ. പത്രങ്ങളിൽ ഉൾപേജുകളിലും, ടെലിവിഷനിൽ അപ്രധാനമയ സമയങ്ങളിലും പ്രത്യക്ഷപ്പെട്ടിരുന്ന ഇവയുടെ 'സ്ഥാനക്കയറ്റം' ചിന്താവഹമാണ്.

വാർത്തകൾ ഗൗരവവും നർമ്മവും തമ്മിൽ കലർത്തി ചേർക്കാറുണ്ട്. എന്നാൽ ഈയടുത്തകാലം വരെ ശ്രദ്ധയാകർഷിക്കുന്ന ഒരു മാറ്റമായിരുന്നില്ലതാനും. പത്രപ്രവർത്തനത്തിലെ വാണിജ്യവത്കരണം ടെലിവിഷൻ വരുന്നതിനു മുൻപുതന്നെ ആരംഭിച്ചിട്ടുള്ളതാണ്. 1960 - കളോടെയാണ് വാർത്തകളുടെ വിപണന സാധ്യത തിരിച്ചറിയുന്നത് .ക്രമേണ മാധ്യമ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൽ വലിയൊരു പങ്കും വാർത്തകളിൽനിന്നു ലഭ്യമാവാൻ തുടങ്ങി. കെട്ടിച്ചമച്ച കാര്യങ്ങൾ വാർത്തകളുമായി കൂട്ടിച്ചേർക്കുമ്പോൾ യാഥാർത്ഥ്യവും അയാഥാർത്ഥ്യവുമായ കാര്യങ്ങൾ തിരിച്ചറിയാനുള്ള വായനക്കാരുടെ / പ്രേക്ഷകരുടെ വിവേചനശേഷിയെയാണ് ബാധിക്കുന്നത്. വാർത്ത - വിനിമയത്തിന്റെ അനന്തമായ സാധ്യതകൾ നിലനിൽക്കുമ്പോഴും, യാഥാർത്ഥ്യമല്ലാത്ത, നിത്യജീവിത ത്തിൽ നിന്നും ഏറെ അകലെയായ ഒരു കല്പിത ലോകമാണ് ജനങ്ങൾക്കു മുന്നിൽ തുറക്കപ്പെടുന്നത്.

മറ്റുമാധ്യമങ്ങളെ അപേക്ഷിച്ച് ഏറ്റവും പുതിയതും, നൂതനവുമാണ്. സാമൂഹിക മാധ്യങ്ങൾ (Social media). വ്യക്തികളെ പരസ്പരം ബന്ധിപ്പിക്കുക എന്നതിലുപരി വാർത്തകളുടെ ഒരു ഉറവിടമായി മാറിയിരിക്കുകയാണ് ഇവ. അതുപോലത്തന്നെ സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന വാർത്തകളുടെ വിശ്വാസ്യതയും ചോദ്യം ചെയ്യപ്പെടുന്നുണ്ട്. പ്രസ്തുത തലത്തിൽ വിശകലനം ചെയ്യുമ്പോൾ, നമുക്കു മുന്നിലൂടെ കടന്നുപോകുന്ന പല വാർത്തകളും, ഇത്തരം നിറം ചേർത്തു ഊതിവീർപ്പിച്ച വാർത്തകളാണ് എന്നതിൽ സംശയമില്ല. ഉള്ളതു പൊള്ളയായ, കാലിക പ്രസക്തിയില്ലാത്ത ഇത്തരം വാർത്തകൾ പലതും മുൻനിര മാധ്യമങ്ങൾ നമുക്കു മുന്നിൽ എത്തിക്കുന്നത്. ഒരു കാലത്തു കണ്ണടച്ചു വിശ്വസിക്കാൻ കഴിഞ്ഞിരുന്ന വാർത്തകൾ നൽകിയിരുന്ന മാധ്യമങ്ങൾ അവ്യക്തമായ ആശയങ്ങളും തെറ്റിദ്ധാരണാജനകമായ വിവരങ്ങളും നൽകി നിലവാരത്തിൽനിന്നും താഴ്ന്നു പോകുന്നുണ്ട്. പ്രധാനവാർത്തകളുടെ സ്ഥലം വിനോദവാർത്തകൾ കൈയ്യേറുമ്പോൾ ഒരു സാധാരണക്കാരന്റെ പ്രായോഗിക ബുദ്ധിയെയും അത് സാരമായി ബാധിക്കും.

ഒരു ജനാധിപത്യരാജ്യത്തിന്റെ നിലനിൽപ്പിനു വർത്തമാനസാഹചര്യങ്ങളെ കുറിച്ച് ബോധ്യമുള്ള ഒരു ജനത അനിവാര്യമാണ്. എഴുത്തുക്കാരുടെയും, Free lance എഴുത്തുക്കാരു ടെയും 'ആക്രമണങ്ങളും', വാർത്താ ഏജൻസികൾ തമ്മിലുള്ള കിടമത്സരത്തിനിടയിൽ നല്ല വാർത്തകളിൽ ഉപരി ആകർഷകമായ തലവാചകങ്ങൾക്കും, രണ്ടാംകിട വാർത്തകൾക്കു പിന്നാലെയുള്ള പാച്ചിലും മാധ്യമ പ്രവർത്തനത്തിന്റെ അന്തസ്സിനെ കളങ്കപ്പെടുത്തുന്നവയാ ണ്. അന്തമില്ലാത്ത പരസ്യങ്ങളും, പ്രത്യയശാസ്ത്രത്തിനനുസരിച്ചുള്ള വളച്ചൊടിക്കലുകളും ഇതിന്റെ ഭാഗമാണ്. മാധ്യമ പ്രവർത്തനങ്ങൾക്കിടയിൽ ഒരു ഉണർത്തെഴുന്നേൽപ്പിനു സമയമായി എന്നതിൽ സംശയമില്ല. കാരണം ജനങ്ങൾക്ക് മാധ്യമങ്ങളിൽ വിശ്വാസം നഷ്ടപ്പെടുന്ന നിമിഷം, രാജ്യത്തിന്റെ ഭാവിയിലുള്ള വിശ്വാസവും അവിടെ തകർന്നടിയും.

**അഭിജ്ഞ പി.എസ്.**
രണ്ടാം വർഷം
ബി.എ. ഇംഗ്ലീഷ്

എന്റെ കഴുത്ത് നിങ്ങളറുത്തപ്പോൾ
എന്റെ തൂലിക നിങ്ങൾ
തോക്കുകൊണ്ട് നിശ്ശബ്ദമാക്കിയപ്പോഴും
കണ്ണുകളിൽ കത്തിനിന്നത്
എന്റെ ഭ്രാന്തുകളല്ലേ ?
ഞാൻ കുറ്റക്കാരനല്ലായിരുന്നു.
കാരണം
ലോകത്തിന് ഭ്രാന്ത് പടർന്നത് എന്നിൽ നിന്നല്ലേ ?
മരിച്ചുവീണ എന്റെ കാലിൽ
നിങ്ങൾ കെട്ടിയ ചങ്ങല അഴിച്ചുകൊള്ളുക
എന്റെ ഭ്രാന്ത് പടർന്നു കഴിഞ്ഞു.
അത് പകരുന്ന വിപ്ലവമാണ്.





# മൂന്നാം ലിംഗം

എന്നെയളന്ന കണ്ണുകളോരോന്നിലേക്കും
ഞാനൊരു നോട്ടമെറിയും -
എന്റെ പെൺമുലക്കണ്ണുകൾകൊണ്ട് ....
ആണായ് വളർന്നെന്റെ ലിംഗവും
നിങ്ങളെ നോക്കിയാർത്ത് ചിരിക്കും.....
നരനും നാരിക്കും പിറന്ന
വെറുമൊരു മൂന്നാം ലിംഗമായ് ഒതുങ്ങാതെ,
ഞാനും നിങ്ങൾക്കിടയിൽ നിവർന്നിരിക്കും.....
ഒടുവിൽ ഇരുട്ടഴിച്ചു മാറ്റിയെന്റെ
കിനാക്കൾ അലറും -
നഗ്നതയാണെന്റെ വിപ്ലവം !

ലിംഗം നോക്കി ലിംഗം പറഞ്ഞ
വൈദ്യശാസ്ത്രം പണ്ടേ മാറ്റിയിരുന്നെങ്കിൽ
ഇന്നെന്റെ ലിംഗം മൂന്നാതാവില്ലായിരുന്നു.

**അരുന്ധതി രാജ്**
രണ്ടാം വർഷം
ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്



B.COM (AIDED)

CHEMISTRY





ECONOMICS

FUNCTIONAL ENGLISH





MATHEMATICS

ZOOLOGY






PHYSICS

GEOLOGY





B.P.E

MALAYALAM





PSYCHOLOGY

B.C.A

B.A. ENGLISH

BSC. COMPUTER SCIENCE

B.S.W





B.COM
(SELF A)

B.COM
(SELF B)





B.COM
(SELF C)

# "THANK GOD, I AM AN ATHEIST"



Atheism mainly promotes the establishment of humanity rather than denying the existence of God .It pulls down the caste and religious barriers built on faith and religious dogma and offers the ability to view yourself and others as equals. Today when at least four fifth of the world's leading intellectual workers (philosophers, scientists and historians) are atheists who believe in science of reason and evidence.

Right now people are being tortured, beaten, raped and murdered in the name of religion. The more knowledge you attain the more you realize that the world is full of misconcepts and that old books still suck the blood of the people in virtue of that untruth . It's not necessary to believe in God to be moral. Have you ever heard of an atheist hijacking a plane, crashing it on a sky scraper, bombing buildings and killing people? Atheists are moral, law abiding citizens who don't hate your God but just don't believe he exists. According to Tracie Harris (orlando , Florida) the cartoonist , "you either have a God who send child rapists to rape children or you have a God who simply watches and says : "When you're done I'm going to punish you" If I could stop a person from raping a child, I would. That's the difference between me and your God"

Is God good? Think of a person who creates a unicellular eukaryotic organism that will kill millions and infect flying insects to serve as the delivery system. If he releases it, Would he be evil? Without exception every theist will reply 'yes' . Now ask them to explain about malaria and other deeds of Gods since centuries. When you believe in Allah, you are a Muslim. Faith in Jesus makes you a Christian and in search of moksha you will turn to a Hindu and so on. What about atheists? They comes from all religions irrespective of their explanations were built on logic. Just because Atheists do not believe in your God does not mean that they do not believe in anything

They believe in compassion, kindness, love, logic, equality, empathy, myself, integrity, honesty and more. It's like humans and apes share a common ancestor and Earth is not flat and solid but in shape of an ablate spheroid.

In my opinion , these religions are to keep women oppressed, not only by misogynistic men but also by themselves in the name of god. Thus religion is a story we agree to tell each other over and over again until we forget it's a lie. It's a clever concept bit on faith that they invented God from their imagination and used faith to justify his absence from reality. even apple distribute zero defect phones, can't God's be fair in making perfect humans with sharp eyesight and perfect organs like physically alright beings.

So children are not sheeps needed to be led, not unworthy to be saved, not last to be found or broken to be fixed. It baffles that way an omnipotent creator would create an entire galaxy for his chosen children to inhabit only 3.00000000000000000015% of it's area , for only 0.0004% of its history. In my search to understand the genuinity of Christian biblical texts, I found something interesting about it's origin Constantine and his bishops voted a bunch of books as the word of God (325 AD). They picked and chose what they want in the Bible. Then burn all other Pre- Christian document that proved the religion was fictitious(391 AD). In order to make the religion popular they made laws prohibiting any public talk about religion. It was illegal to disagree with the church (380AD) But today Christians running around the world with their Bible don't know that what they are believing in was purposely planned out for them to believe by men.

Thus the present generation, even now people believe in the existence of Bermuda Triangle, flatty earth etc. I swear it, the coming generations are not bowing their head in front of these religion. We can contribute advanced and knowledgeable human beings. The biggest atrocity is to indoctrinate a child who is not fit to establish their inner creative expression, not encouraging their unique abilities. Let their children do their damn option.

**Delin Davis**

Ist Year

B.A. English Functional

# ദേശാടനം



ഇനിയൊരു ദേശാടനക്കിളി-
യെപ്പോൽ പറന്നകലണം...
നാടും, നഗരവും
കാടും, കാട്ടാറും കടന്ന്
കുടിയിറക്കപ്പെട്ട നിന്റെ
ഹൃദയത്തിലേക്കിനിയൊരിക്കൽക്കൂടി
വലിഞ്ഞുകയറാതിരിക്കുവാൻ
ഉയരങ്ങളിലേക്ക് പറന്നകലണം.
ഭാഗ്യം കെട്ടവന്റെ ദുർവിധിയോർത്ത്
തലതല്ലിക്കരയാനല്ല
ശാപവും, പുച്ഛവും
പരിഹാസവും തീർത്ത
സൂര്യതാപത്താൽ കരിഞ്ഞൊരീ-
ച്ചിറകിന്റെ നോവിലും
ആദ്യപ്രണയമൊരു നോട്ടം-
ക്കൊണ്ടെറിഞ്ഞു നൽകിയ നിൻ
വാലിട്ടെഴുതിയ കരിനീലക്കണ്ണുകൾ
അകലെനിന്നൊരു വട്ടംകൂടി
നോക്കിക്കാണുവാൻ
ഇനിയൊരു ദേശാടനക്കിളി
യെപ്പോൽ പറന്നകലണം...

**കിരൺ**
രണ്ടാം വർഷം
ബി.എ. മലയാളം

# മറവിയുടെ ഇരുട്ടിൽ മരിച്ച സ്വപ്നങ്ങൾ ... !

ഈ കലാലയത്തിന്റെ ഇത്തിരിയോളമിടം മതിയായിരുന്നു എനിയ്ക്കും എന്റെ സ്വപ്നങ്ങൾക്കും. എന്നിട്ടും സ്വന്തം പേരും മുഖവും നഷ്ടപ്പെട്ട് ആത്മസത്തയൊന്നാകെ തകർന്ന് എന്റെ ചിന്തകളാൽ വേട്ടയാടപ്പെടുകയാണ് ഞാനിന്ന്. പുസ്തകത്താളിലെവിടെയോ മറഞ്ഞു കിടക്കുന്ന സ്വപ്നങ്ങൾ തേടിയുള്ള യാത്രയായിരുന്നു ഇതുവരെ. അവ കണ്ടെത്തി പറക്കും മുമ്പെ തകർക്കാനായിരുന്നുവെങ്കിൽ പിന്നെ എന്തിനായിരുന്നു കലാലയമേ, നീ നിൻ ചിറകുകളെയെനിക്ക് നൽകിയത് ?

നീ നിശ്ശബ്ദയായിരുന്നു, എപ്പോഴും! നിന്റെ അകത്തളങ്ങളിൽ തട്ടി മുദ്രവാക്യങ്ങൾ പ്രതിധ്വനിച്ചപ്പോഴും, തെക്കുനിന്നും വീശിപ്പടർന്ന ആ കാറ്റ് വെള്ള പുതച്ച് വരണ്ട മണ്ണിൽ ഉറങ്ങാൻ കിടന്നപ്പോഴും നീ നിശ്ശബ്ദയായിരുന്നു. ആ മൗനത്തിന്റെ അന്ധകാരത്തിലേയ്ക്ക് നീയെന്തിനാണ് എന്നേയും കൂടി വലിച്ചിഴച്ചത്? എനിക്ക് നീ നൽകിയ ചെറിയ വാതിലിനപ്പുറമുള്ള വിശാലതയ്ക്കും പിന്നെന്തിനാണ് നിയമങ്ങളും പഴികളും തീർത്തത്? ചെമ്പകച്ചുവട്ടിലൊരു തണലാകാതെ സൗഹൃദങ്ങളെ ലിംഗവൽക്കരിച്ചതിലൂടെ പഴികളേറെ ഏറ്റുവാങ്ങിയതെന്തിനായിരുന്നു നീ! നിന്റെ പ്രൗഢി ആകാശത്തോളമുയർന്നപ്പോൾ, താഴെ മഴ തണുപ്പിച്ച മണ്ണിൽ നിന്നും തെല്ലകന്നതെന്തേ നീ...? കണ്ണുകൾ മൂടികെട്ടി, ചെവികൾ പൊത്തിയടച്ച്, വായ് തുറക്കാതെ ഇനിയുമെത്രനാൾ നീ നിശ്ശബ്ദയായിരിക്കും. ?

പടികളിറങ്ങിപോകും മുമ്പൊന്നു തിരിഞ്ഞു നോക്കുമ്പോൾ വെള്ളയടിച്ചൊരു കുഴിമാടമാണ് പുറകിൽ ഞാൻ കാണുന്നത്. അതിലടക്കം ചെയ്തിരിക്കുന്നതാകട്ടെ എന്റെ സ്വപ്നങ്ങളെയും. ആ കല്ലറയിലിരുന്നെന്റെ സ്വതന്ത്ര്യമിന്നും തേങ്ങുകയാണ്. നിലാവെളിച്ചത്തിൽ നിന്റെ നിഴൽപോലും നിന്നെയിന്ന് ഭയപ്പെടുത്തുമ്പോൾ എനിയ്ക്കു നഷ്ടമായ സ്വപ്നങ്ങളെ ഞാനതിലെവിടെ തിരയാനാണ്? എന്റെ അമർഷവും ആത്മസത്തയും ഇനി ആരെയാണ് ഞാനേൽപ്പിക്കുക? ഇടിഞ്ഞു വീഴാറായ മുകളിലെ ആകാശത്തിന്റെ കൈകളിലേയ്ക്കോ? അതോ താഴെ വീണ്ടും തുടങ്ങിയ മണ്ണിന്റെ പാദങ്ങളിലേയ്ക്കോ? കരിഞ്ഞ ചിറകുകളുമായി ഇവിടെ നിന്നും പറന്നകലുകയാണ് ഞാൻ..., കൊക്കുകൾ തീണ്ടാത്ത വിഷക്കനികൾ തേടി ... !

**സുവർണ്ണ ബെന്നി**
രണ്ടാം വർഷം
ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്

---

## ME POET

Machineeeeeeee ....................

We have come far, far from an abyss to the beyond and will, return to the same once again
What a strange world we live in, known by all, Yet stranger to each other in Where, a tap shows me all,
likes says my love, and post defines me to the full
For in my heart i wish to be in my days of ignorance, than there, where one preaches a some and pragmatises the other

**Ajay Manath**
Ist Year
Bsc Geology

# LIBERTY THE ELIXIR OF LIFE

"അക്ഷരങ്ങൾ ഉറയിൽനിന്നും ഊരാൻ സമയമായി. പ്രതിഷേധിക്കുന്ന നാക്കുകൾ പിഴുതെറിയാനായി നീളുന്ന കൈകൾ അതുകണ്ട് ഭയന്ന് പിൻവാങ്ങണം. വരിഞ്ഞു മുറുക്കുന്തോറും വാക്കുകളുടെ മൂർച്ച ഏറുമെന്ന് അധികാരവർഗ്ഗങ്ങളറിയണം. നമ്മെ പിഴിഞ്ഞു രക്തമൂറ്റിക്കുടിച്ചും കൊഴുത്ത ഭരണക്കൂടങ്ങൾക്കിനി നമ്മുടെ വായ മൂടികെട്ടാൻ കഴിയരുത്. അടിച്ചമർത്തപ്പെടാൻ നാം തയ്യാറല്ലെന്നവരറിയണം. അതിനക്ഷരങ്ങളെ ചൂണ്ടു വിരലാക്കണം. അറുത്തു മുറിക്കാൻ കഴിയാത്ത വാക്കുകളെ മുഷ്ടിയാക്കണം. ഇത്രയും കാലം നമ്മെ പൂട്ടിയിട്ട ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞ് അധികാരവർഗ്ഗത്തിന്റെ നെറുകയിലേക്ക് അക്ഷരങ്ങളെ ചൂണ്ടണം. സ്വാതന്ത്ര്യത്തിന്റെ വാനിലേക്ക് കൈകളുയർത്തണം."



Freedom of expression is one of the crucial elements of democracy and civil liberties. In India, we have reached this enviable position after lots of struggles, conflicts, trials, and tribulations. So, naturally, we value our freedom of expression and democracy very much.

We cannot afford to lose it in the hands of a few miscreants who misguide a small section of the population to tarnish the image of the country. It is a fact that freedom and democracy must be safeguarded at any cost.

The public knows that nothing comes for free. If we value our independence, and if we want to sustain it, then surely there is a price to pay. So, if some necessary code of conduct has to be introduced, we the public are sensible enough to understand that it is for the good of the country and to keep our freedom intact. They will be happy to pay that small price to protect the big prize, which is democratic freedom.

In the 2017 World Press Freedom Index, India sank three places to position 136 ("least free"). The 2017 India Freedom Report, published in May by media watchdog The Hoot, spoke of "an overall sense of shrinking liberty not experienced in recent years". It counted 54 reported attacks on journalists, at least three cases of television news channels being banned, 45 internet shutdowns and 45 sedition cases against individuals and groups between January 2016 and April 2017.

Chhattisgarh has been one of several major flashpoints. Arrests, death threats and even alleged torture of journalists, human rights activists and lawyers by agencies of the central Indian state created what a 2016 Amnesty International report called a "near total information blackout". The state is the epicentre of a decades-old Naxalite-Maoist insurgency and its security forces have a reputation for violent excess. Under the Chhattisgarh Special Public Security Act, they also have broader powers of arrest than their counterparts in many other parts of India.

Cold-blooded murder of 4 well known rationalists in the last 2-3 years amounts to murder of the freedom of expression enshrined in our constitution. Killing of the firebrand journalist Gauri Lankesh indicates a pattern which aims at annihilating the intellectuals with left orientation. Like the 3 previous victims - Pansare, Dabholkar and Kalburgi, Gauri was considered as an atheist with her political ideology tilting to left of the centre in public perception.

If the trail of murders continues unabated, the day is not far off when the religious thugs entrenched in a poisonous philosophy of communal hatred would enslave the country for ever. Time has come when all the people having faith in democracy and secularism must unite to combat these dangerous radicals who seem to be having blessings from some major political groupings - left, right or centre no matter.

It would be disrespectful if i am not saying my anger and anguish about the killing of Gowri Lankesh.

* Gowri Lankesh. Who raised the voice against the right wing.

None of those who were fervently celebrating the death of journalist Gauri Lankesh must have even heard her name, prior to yesterday. No question of even reading her blogs or articles. Or even vaguely knowing about her political views, apart from the amplified hearsays and insinuations on pro right wing Facebook pages, of her being a Maoist supporter.

What prompted this hideous outburst of extreme vitriol, psychopathic hatred and euphoria over a death then, in a manner that she was a personal sworn arch rival, a nemesis, or someone whose demise has given a cathartic sigh of relief to them?

The answer is as banal as banality of evil, violence, barbarism and savagery usually is.

Dehumanization of Gauri Lankesh, not only as an individual, but as someone who epitomises the abominable other – leftie/commie/ liberal/ minority appeaser /anti Hindu and above all anti Modijee – who is single-handedly responsible for past 1000 year perfidy and all that is wrong with the society and the nation.

Being anti government/anti Modi/anti Hindu, is the keyword that accelerates total dehumanization and makes the zombified trolls see the person not as an individual who harbours opposing views, but an aberration of an idea that needs to be trampled, eliminated and dumped.

Anyone who refuses to be ideologically aligned with them, is an enemy and a disposable whom their perverse blood lust wants to get rid off, the sooner the better, no matter what's the name, age, gender, or profession of the person.

The right to free speech is the right to offend, even to antagonize. A combination of retrograde legal provisions—like the colonial-era Section 124A of the IPC, creating the legally punishable offence of sedition—and poor leadership has obscured this fact, with civil society following suit. By the resultant cockamamie standards of free speech, Ambedkar would no doubt run afoul of the law for his trenchant criticism of the Hindu faith. Rabindranath Tagore would be charged with sedition for questioning the idea of nationalism and the nation-state. Eminent American jurist and judge Benjamin N. Cardozo once said, “Freedom of expression is the matrix, the indispensable condition, of nearly every form of freedom.”

We need to raise our voice again for the freedom to get for our freedom of expression.. There should not be any other shooting for anyone. Lets spew our bold and enthusiastic blood and say "we will write", "we will express" that is called the freedom of expression.

**Adhithyan S. Unni**
Ist Year
B.A. English Literature

# THE DOLL'S HOME

There was a house, a house of dolls
Some short, curly haired, nerd, some weird
Meant to remain amid restraining walls
Their cries and songs, always unheard
They were animate they could think
Work, play, laugh and decide
But all they could do was to blink
They had to surrender all rights, joys and pride,
Break the remote control, get all the chide.
In the house, each had a bed
A plate, glass, table and chair
Then why those tears shed ?
To the reverred, there cries were unfair
Food and water, Shelter and light
Everything they had – what do they lack ?
But as you see life wasn't bright
In disguise, filled so much black
All what they-do-laughs, franks and through
Manacles ran to and fro upon them
*These was a bell, like a place for tiny tots*
A bell to wake, one to eat, one to laugh, one to weep
One to move, one to unmove, to speak, to sleep
They never knew why,
The governing reverred answered, You are to be shy
Be an inhibited obedient herd,
For in the mouths of your future owners
Name of our home be lauded,
We the proud donors
Of epitomes of obeisance – to be applauded !
May not be one fine morning,
Only as the chariot of time moves
The fire in them kept burning
Uprising, slowly proves
Survival, wholly proves
And in a down
They'll laugh beyond the bell
On a morn
They voice heard well
The house, no more the house of dolls
That's when revolution falls.



**Megha Prasad**
Ist Year
B.A.Functional English

# @!★*#$#..

നീ തട്ടിത്തെറിപ്പിച്ചതെൻ സ്വർഗ്ഗരാജ്യം
പകരം ഒരാപ്പിളാൽ നീയെനിക്ക്
രതിയുടെ, നാണത്തിന്റെ പാരമ്യങ്ങൾ പകർന്നു.
അന്നു തിന്ന ആപ്പിളിന്റെ പകുതിയെൻ
തൊണ്ടയിൽ മുള്ളായി.
ആ ചതിയുടെ ഉപകാരം
ജനലഴികളായ് ഞാൻ വരച്ചിട്ടു.
ഇല്ല ഞാൻ നിന്നെ സ്വതന്ത്രയാക്കില്ല.
നിന്റെ സന്താനങ്ങളെന്നെ പഴിച്ചാലോ.

പണ്ട് നാം അർദ്ധനാരീശ്വരൻ.
പാതി ആണും പെണ്ണുമായവർ
പക്ഷേ നിന്റെ ഗർഭത്തിന്റെ
ഉത്തരം ഞാൻ
അതിന്റെ വേദനയെനിക്ക് വേണ്ട.
നീപ്പെറ്റപ്പെണ്ണിനെ ഞാൻ വേൾക്കാം
അവൾക്കൊരസുരവിത്തിനെ സമ്മാനിക്കാം.
അവൾ വൈശികതന്ത്രം അഭ്യസിക്കട്ടെ
ഇനിയവനർദ്ധനാരീശ്വരനാണെ
ങ്കിലോ, ഞാൻ ആട്ടിപ്പായിക്കാം.
സ്വന്തം അസ്തിത്വത്തിനായത് തെണ്ടീടട്ടെ.
വെറുക്കണം ലോകമതിനെ
അല്ലേൽ വെറുപ്പിക്കും ഞാനതിനെ.
ഞാനല്ലോ നാഥൻ.
ഞാനല്ലോ ആദം,
നീയെന്റെ കൂലിക്കാരിയാം ഹവ്വ.

**വിനയ വിജയൻ**
രണ്ടാം വർഷം
ബി.എ. മലയാളം

# ചില വിചിത്ര ഓട്ടങ്ങൾ

പറഞ്ഞുകൊണ്ടിരുന്ന വാചകം
പെട്ടെന്നു നിർത്തി അവൾ
പ്രാണനും കൊണ്ടോടി
ആരും അതിശയപ്പെട്ടില്ല
5.01 ന് 'അവിഹിതകുറ്റം ചുമത്തി'
കോളേജിൽ നിൽക്കുന്ന പെൺകുട്ടികളെ
ശിക്ഷിക്കുന്നതാണ്

പുതിയ നിയമം
മാനേജ്മെന്റ്



തിടുക്കത്തിൽ ബക്കറ്റിൽനിന്ന് ദേഹത്തേക്ക്
വെള്ളം കോരിയൊഴിച്ചുകൊണ്ടിരുന്നവൾ
6.01 ആയപ്പോൾ, സിദ്ധാന്തം കണ്ടെത്തി
കുളിമുറിയിൽനിന്ന്
യുറേക്കാ ാ ാ ാ ന്നും പറഞ്ഞ് ഇറങ്ങിയോടിയ
ആർക്കിമിഡീസിനെപ്പോലെ നഗ്നയായി
റൂമിലേക്കിറങ്ങിയോടി...
6.01 ന് Violence of hostel rules ന്റെ പേരിൽ
ഫൈൻ നൂറു രൂപ ഈടാക്കുന്നതാണ്.



# പ്രിയപ്പെട്ട ഗബ്രിയേലച്ചൻ ചില ഓർമ്മക്കുറിപ്പുകൾ

**പ്രൊഫസർ ജയറാം**
(ഫാ. ഗബ്രിയേലിന്റെ ശിഷ്യനും ക്രൈസ്റ്റ് കോളേജ് കെമിസ്ട്രി വിഭാഗം മുൻ എച്ച്.ഒ.ഡി.യുമാണ് ലേഖകൻ)

തൊട്ടതൊക്കെ പൊന്നാക്കി മാറ്റാനാഗ്രഹിച്ചിരുന്ന ഒരു വ്യക്തിയെക്കുറിച്ചുള്ള കഥ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന് കിട്ടിയ വരദാനം കേവലം സാങ്കൽപ്പികമായിരുന്നു എന്ന വിശ്വാസമായിരുന്നു എനിക്കും. ക്രൈസ്റ്റ് കോളേജ് പ്രിൻസിപ്പൽ ഗബ്രിയേലച്ചനെ പരിചയപ്പെട്ടപ്പോൾ അത്തരം വരദാനം നേടിയ ഒരു വ്യക്തിയെ നേരിട്ട് കാണുകയാണോ എന്ന് തോന്നി.

ക്രൈസ്റ്റ് കോളേജിനെ അതിന്റെ നിർമ്മാണത്തിന്റെ ആരംഭദശ മുതൽ തന്റെ സാന്നിദ്ധ്യംകൊണ്ട് സദാ അനുഗ്രഹിച്ചിരുന്ന ഫാ.ഗബ്രിയേലിനെ അന്ന് സ്ക്കൂൾ വിദ്യാർത്ഥിയായിരുന്ന ഞാൻ കെട്ടിടം പണി കാണാൻ കൂട്ടുകാരുമായി ചെന്നിരുന്നപ്പോഴെല്ലാം കൗതുകപൂർവ്വം ശ്രദ്ധിക്കുമായിരുന്നു. ചങ്ങമ്പുഴയുടെ ''രമണ'' നിൽ പറഞ്ഞതുപോലെ എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം... ഗബ്രിയേലച്ചൻ നിറഞ്ഞ് നിന്നിരുന്നു. കോളേജിന്റെ നിർമ്മാണപ്രവർത്തികളിലൊക്കെ "Unique" ആയിരിക്കണമെന്ന് എന്നോട് പലവട്ടം പറഞ്ഞിട്ടുണ്ട്. കോളേജിന്റെ പണിക്ക് 'തേക്ക്' മാത്രമേ പാടുള്ളു എന്ന അദ്ദേഹത്തിന്റെ നിഷ്ക്കർഷ ഇതിന് ഒരു ഉദാഹരണമാണ്. പിൽക്കാലത്ത് നിർമ്മാണം പൂർത്തിയാക്കിയ ലൈബ്രറി, ഹോസ്റ്റൽ, പള്ളി, ആഡിറ്റോറിയം എന്നിവയിലും ഈ നിഷ്ക്കർഷ സസൂക്ഷ്മം പാലിച്ചിരുന്നു. മുൻപറഞ്ഞ പൊന്നിന്റെ വരദാനം ഇവിടെയും പ്രസക്തമായി എന്നാണ് കരുതുന്നത്. ആദ്യമായി PUC കോഴ്സ് തുടങ്ങിയത് 1956 ലാണ്. അതിന്ശേഷം Zoology, Chemistry എന്നിങ്ങനെയുള്ള ഡിഗ്രി കോഴ്സുകളും ആരംഭിച്ചു. ഡിഗ്രികളിൽ ഒന്നാം റാങ്ക് എടുപ്പിക്കാൻ വിദ്യാർത്ഥികളെ motivate ചെയ്യാൻ അച്ചൻ ഒട്ടും മടിച്ചിരുന്നില്ല.

1960 ലാണ് പ്രൗഢഗംഭീരമായി മങ്ങാടിക്കുന്നിന്റെ ഔന്നത്യത്തിൽ നിന്നിരുന്ന ക്രൈസ്റ്റ് കോളേജിൽ PUC ക്ക് ചേരുവാനുള്ള ഭാഗ്യം എനിക്ക് സിദ്ധിച്ചത്. "മെറിറ്റി" നെ മാത്രം എന്നും അംഗീകരിച്ചിരുന്ന ഒരു മഹൽവ്യക്തിയാണ് ഗബ്രിയേലച്ചൻ എന്ന് എനിക്കന്ന് ബോദ്ധ്യപ്പെടുകയുണ്ടായി. സാമ്പത്തികബാദ്ധ്യത ഭയന്ന് തനിക്കിഷ്ടമില്ലാത്ത കോഴ്സുകൾക്ക് ചേരുവാൻ നിർബന്ധിതരായ ഞാനടക്കമുള്ള കുറേ വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. അവരെ അവർക്കിഷ്ടപ്പെട്ട കോഴ്സിൽ ചേരാൻ വേണ്ട എല്ലാ സഹായങ്ങളും അച്ചൻ ചെയ്തിട്ടുണ്ട്. Commerce ചേരാൻ ഉദ്ദേശിച്ച് ചെന്ന ശ്രീ.കെ.ആർ.നാരായണനെ (ഗുജറാത്ത് ഫിഷറീസിൽനിന്നും വിരമിച്ച ഉന്നതോദ്യോഗസ്ഥൻ) Zoology ക്ക് തിരിച്ച് വിട്ടതും രണ്ട് ഉദാഹരണങ്ങൾ മാത്രം. വിദ്യാർത്ഥികളുടെ കഴിവ്, താൽപര്യം എന്നിവ ശരിയായി മനസ്സിലാക്കി അവരുടെ ശോഭനമായ ഭാവിക്കു വേണ്ടി തന്നാലാവുന്നത്ര സഹായിച്ചിരുന്ന ഒരു dedicated personality"" ആയിരുന്നു ഗബ്രിയേലച്ചൻ. ഒരു കാര്യത്തിൽ മാത്രം അച്ചന് വിഷമമുണ്ടായിരുന്നു. രാഷ്ട്രീയനേതാക്കൾ തന്റെ ശിഷ്യന്മാരിൽനിന്നും അധികമൊന്നും ഉണ്ടായില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ വ്യാകുലതയ്ക്ക് കാരണം. ഗബ്രിയേലച്ചനെക്കുറിച്ച് കൂടുതൽ അറിയണമെന്നുള്ളവർക്ക് എന്റെ അറിവിൽ മൂന്ന് ഗ്രന്ഥങ്ങളാണുള്ളത്. ഡോക്ടർ ടി.ആർ.ശങ്കുണ്ണി എഴുതിയ "ഫാദർ ഗബ്രിയേൽ'' എന്നതാണ് ആദ്യത്തെ പുസ്തകം. ക്രൈസ്തവകലാലയത്തിലെ ഇംഗ്ലീഷ് വിഭാഗത്തിൽ നിന്നും വിരമിച്ച പ്രൊഫ.ജോൺ സിറിയക്ക് വി. എഴുതിയ The Master Builder - Fr.Gabriel" (Sreekala Publications) ആണ് രണ്ടാമത്തേത്. ഗുജറാത്ത് ഫിഷറീസിലെ ഉയർന്ന ഉദ്യോഗസ്ഥനായി വിരമിച്ച ശ്രീ.കെ.ആർ.നാരായണൻ എന്ന ആദ്യ ബാച്ച് Zoology വിദ്യാർത്ഥിയാണ് മൂന്നാമത്തെ പുസ്തകമായ Padmabhushan Rev.Fr.Gabriel Chiramel CMI - The Preceptor" എന്ന മൂന്നാമത്തെ പുസ്തകം രചിച്ചത്. ഗബ്രിയേലച്ചന്റെ ധന്യമായ വിശുദ്ധജീവിതത്തിലെ ഒട്ടനവധി സംഭവങ്ങൾ ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ക്രാന്തദർശിയായ അദ്ദേഹത്തിന്റെ മാതൃകാപരമായ ജീവിതനേട്ടങ്ങളെക്കുറിച്ച് ഈ പുസ്തകങ്ങളിൽ ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട്.

ഗബ്രിയേലച്ചനുമായി അൽപസമയം ഇടപഴകുന്നവർക്ക് തങ്ങളുടെ ജീവിതലക്ഷ്യങ്ങളെക്കുറിച്ച് നല്ലൊരു ധാരണയുണ്ടാക്കാൻ സാധ്യമായിട്ടുണ്ടാകുമെന്ന് ഉറപ്പിച്ച് പറയാൻ കഴിയും. എന്തെന്നാൽ നന്മ നിറഞ്ഞ ആ വൈദികനിൽ സമർത്ഥനായ ഒരു ഭരണാധികാരി, നല്ല ഒരു തത്വജ്ഞാനി, ആദർശശാലി, ആത്മാർത്ഥത നിറഞ്ഞ ഹൃദയം സ്വന്തമാക്കിയ ഒരു മാതൃകാപുരുഷൻ, കഴിവുറ്റ ഒരദ്ധ്യാപകൻ, നിപുണനായ ഒരു ഗവേഷകൻ, ആതുരസേവകൻ, നിരീക്ഷണ വിദഗ്ദ്ധൻ, സാമൂഹ്യസേവകൻ, സർവോപരി സന്മാർഗ്ഗിയായൊരു മനുഷ്യസ്നേഹി എന്നിവയെല്ലാം അദ്ദേഹത്തിൽ അടങ്ങിയിരുന്നു.

കോളേജ് ആരംഭിച്ച് ഏതാണ്ട് പത്ത് കൊല്ലം വരെ അധ്യയനത്തിനും, സ്പോർട്സ്, ഗെയിംസ് എന്നിവക്ക് കൂടുതൽ പ്രാധാന്യം നൽകിയിരുന്നതിനാൽ അവയിൽകൂടി സ്ഥാപനത്തിന്റെ പ്രസിദ്ധി വളരെയേറെ ഉയർന്നിരുന്നു. ഫുട്ബാൾ, ബാസ്ക്കറ്റ് ബാൾ, ക്രിക്കറ്റ് എന്നിവയിലും മറ്റ് പല സ്പോർട്സ് വിഷയങ്ങളിലും ക്രൈസ്റ്റ് അദ്വിതീയസ്ഥാനം കൈവരിച്ചിരുന്നു. പക്ഷേ കലാ മത്സരങ്ങളുടെ കാര്യത്തിൽ കോളേജിന്റെ സ്ഥിതി ശോചനീയമായിരുന്നു. 1961-62 കാലത്ത് ഇതിൽനിന്നും വ്യത്യാസം വരുത്താൻ ഒരു ശ്രമം നടന്നു. മൃദംഗം, തബല, ബ്യൂഗിൾ, ബാന്റ് എന്നിവ പഠിപ്പിക്കാൻ വേണ്ട നടപടികൾ അച്ചൻ കൈക്കൊണ്ടു. മൃദംഗം പഠിക്കാൻ ഈ ലേഖകന് അവസരം ലഭിച്ചു. പക്ഷേ, കോളേജ് ദിനത്തിൽ ഇവ അവതരിപ്പിച്ചു കഴിഞ്ഞതോടെ അതിന് തിരശ്ശീല വീഴുകയാണുണ്ടായത്. 1967 ന് ശേഷം വീണ്ടും ഇതിൽ ഒരു ഉയർത്തെഴുന്നേൽപ്പ് നടന്നു. ഞാനും എന്റെ സഹാദ്ധ്യാപകരായ ജോർജ്ജ് എസ്സ്. പോൾ സാർ, നാരായണൻകുട്ടി സാർ, ചന്ദ്രൻ സാർ എന്നിവർ അച്ചനുമായി ചർച്ച ചെയ്തു. കലാപരമായി ക്രൈസ്റ്റ് പിന്നിൽ നിൽക്കുന്നതിന്റെ മനോവിഷമം അച്ചനുമുണ്ടായിരുന്നു. ഒരു ദിവസം എന്നേയും ജോർജ്ജ്. എസ്.പോളിനേയും വിളിച്ച് അച്ചൻ മേൽനടപടികളെക്കുറിച്ചന്വേഷിച്ചു. ഫൈൻ ആർട്ട്സ് ക്ലാസിലുള്ള വാദ്യോപകരണങ്ങൾ വളരെ ശോചനീയസ്ഥിതിയിലായിരുന്നുവെന്ന് ഞാൻ അഭിപ്രായപ്പെട്ടു. അത് നവീകരിച്ചേക്കാമെന്ന് പറഞ്ഞ് ഞങ്ങളേയും കൂട്ടി അച്ഛൻ ഒരു ടാക്സിയിൽ എറണാകുളത്തേക്ക് തിരിച്ചു. മാർക്കറ്റ് റോഡിനരികിലുള്ള വാദ്യോപകണ കടയിൽനിന്നും ഇഷ്ടപ്പെട്ട ഉപകരണങ്ങൾ വാങ്ങിച്ചുകൊള്ളാൻ സമ്മതിച്ചു. ഗിറ്റാർ, തബല, വയലിൻ, ട്രിപ്പിൾ ഡ്രംസ്, ബോൺഗോസ് തുടങ്ങി കുറേ ഉപകരണങ്ങൾ തിരിഞ്ഞെടുത്തു. പലതിനേയും 'കൊട്ടുന്ന'വയായിട്ടാണ് അച്ചൻ തമാശയ്ക്ക് വിശേഷിപ്പിച്ചിരുന്നത്. അതിനിടെ രസമുള്ള ഒരു സംഭവം നടന്നു *ഞാൻ രണ്ട് ഫ്ലൂട്ടുകൾ തിരഞ്ഞെടുത്ത് ചിലവ് കുറ*യ്ക്കാനായിരുന്നു എന്റെ ശ്രമം. ഇത് കണ്ട് അച്ചൻ പറഞ്ഞു. മാഷ് പിശുക്കേണ്ട, ആ കെട്ട് മുഴുവനും എടുത്തോളൂ എന്ന്. ഉദ്ദേശം 20-25 ഫ്ലൂട്ടുകൾ അതിലുണ്ടായിരുന്നു. ഈ കാര്യത്തിൽ അച്ചന് അൽപം പിശുക്ക് ഉണ്ടാകുമെന്നായിരുന്നു ഞാൻ കരുതിയിരുന്നത്. പക്ഷേ, എന്റെ ശങ്ക അസ്ഥാനത്തായിപ്പോയി. ഏത് കാര്യം നടത്തുമ്പോഴും അത് കൃത്യമായും ഭംഗിയായും ചിട്ടയോടെ നടത്തണമെന്ന അച്ചന്റെ നിഷ്ക്കർഷയാണ് അവിടെ ദൃശ്യമായത്. എന്തെങ്കിലും കാര്യം നടപ്പിലാക്കുമ്പോൾ അതിലുണ്ടാകുന്ന സാമ്പത്തിക ബാധ്യതയെക്കുറിച്ച് ഞാൻ പറയുമ്പോൾ അച്ചൻ പറഞ്ഞിരുന്ന വാക്കുകൾ എപ്പോഴും ഓർക്കാറുണ്ട്. കാശുണ്ടായിട്ട് ഒന്നും നടത്താൻ പറ്റില്ല മാഷേ - ആവശ്യമുള്ളപ്പോൾ വിചാരിച്ചാൽ അത് കണ്ടെത്താം - മറ്റുള്ളവന്റെ കീശയിൽ കിടക്കുന്ന പത്ത് രൂപാ നോട്ട് നമ്മുടെ പോക്കറ്റിലെത്തണമെങ്കിൽ അൽപം Tactics വേണം. അത്രയേയുള്ളൂ. കോളേജും അമലാ കാൻസർ റിസർച്ച് സ്ഥാപനവും മറ്റ് സംരംഭങ്ങളും തുടങ്ങുമ്പോൾ അച്ചന് ഈ "Tactics" നല്ല പോലെ വശമുണ്ടായിരുന്നു തീർച്ച!

ജീവിതത്തിന്റെ അന്ത്യം അടുക്കുന്നതുവരെ തന്റെ പൂർവ്വവിദ്യാർത്ഥികളെ കാണുമ്പോൾ അവരുടെ പേരും മറ്റ് വിവരങ്ങളും ഓർത്ത് പറഞ്ഞ്, വിസ്മരിച്ച ചരിത്രകാലത്തെ അനുസ്മരിപ്പാനുള്ള അച്ചന്റെ കഴിവ് പ്രശംസനീയമാണ്. 102 വയസ്സ് കഴിഞ്ഞപ്പോഴും ഈ സിദ്ധി അദ്ദേഹത്തിന് ഉണ്ടായിരുന്നതായി ലേഖകന് അനുഭവമുണ്ട്. മരിക്കുന്നത് വരെ ഒരു Positive ചിന്തകനായിരുന്നു അദ്ദേഹം. അറിയുന്നവർക്കെന്നും മാതൃകാപുരുഷനായിരുന്ന ഗബ്രിയേലച്ചന് ദേശീയ ബഹുമതികൾ ലഭിച്ചത് വളരെ വൈകിയായിരുന്നു എന്നു കരുതുന്നു. പത്മഭൂഷനും മുകളിലുള്ള അവാർഡ് എത്രയോ നേരത്തെ കിട്ടേണ്ടതായിരുന്നു എന്ന് വിശ്വസിക്കുന്നതിൽ തെറ്റില്ല.

ഒരു യുഗപുരുഷനായിരിക്കാൻ അർഹതയുണ്ടായിരുന്ന ഗബ്രിയേലച്ചൻ തന്റെ വിയോഗംകൊണ്ട് എല്ലാവരിലും ദുഃഖനിഴൽ നിറഞ്ഞ ഒരു ശൂന്യത ഉളവാക്കിയിരിക്കുന്നു. ഈ ശൂന്യത നികത്താൻ കഴിയുമോ എന്നത് ചിന്തനീയമായി തുടരുന്നു. അദ്ദേഹത്തിൻ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് നിർത്തുന്നു.

# Whose love for students and arts were *nonpareil*

**Prof George S Paul**
**(former HoD of Physics and Art Critic of The Hindu)**

"Do you expect a first class?" When my answer was in the affirmative, he said, "Then come and join once the results are published".

The tryst with Fr Gabriel is still fresh in my memory. And later when I met him after the results of M Sc Physics of Kerala University were announced in June 1968, he just smiled and scribbled a few lines on a piece of paper and advised me, "Show this to Prof Paul; he is very strict. Do the best you can". I could hardly believe that the very process of appointment was over.

His voice smacked of authority. His words convinced me that he was in absolute control of that institution that had celebrated its decennial the previous year on an elaborate scale.

For me, the campus appeared totally different from my alma mater, St Thomas' College, Thrissur. The sprawling compound on the top of a hill with a well maintained garden that was a home to rare collection of animals and birds we see only in a zoo, the impressive building that resembled an aircraft from an aerial view, a couple of horses for the students to ride, playgrounds et al. I was told by my colleagues later, it was his own brainchild. Further this smacked of his sense of beauty and concern for students.

"The students make the college; the management, staff and other paraphernalia are there only because of them". I have often heard this refrain from him in staff meetings when the teachers put forward certain demands - as an alibi not to concede them. And until his retirement in 1975, 'he walked his talk'.

One Saturday morning, a student from the college came to my home in Thrissur quite unexpectedly. He told me that I should meet the principal as early as possible, though it was a holiday. I was surprised. How can the head of the institution, whom even heads of department were afraid of meeting on being summoned, could send for a greenhorn like me?

When I met him in the monastery, he said, "We are travelling to Ernakulam to buy musical instruments to be distributed among students". My heart missed a beat. A principal of a college widely respected in the higher education circles of Kerala, travelling to procure musical instruments for his students! Unbelievable!

The journey was really enjoyable as he conversed like a friend and also spoke of many achievements of the college in the past especially in the field of sports. But what seemed to have inspired him was my playing of guitar in the students' *ganamela* presented on the Fine Arts Day. Further, he had personally congratulated me when I had staged an orchestra on the annual day for which the famous drummer Joboy and bass-guitarist from Thrissur were roped in and I played the lead guitar.

The owner of St Mary's Musical Instruments shop, Ernakulam, was very respectful as Fr Gabriel had a long stint as vice-principal of Sacred Heart College, Thevara. Moreover, his discovery of 'Gabrielia' had fetched him much acclaim during those days. We returned with a trunk-load of guitars, violins and tablas.

That marked the dawn of a new era of fine arts in the college that had already established in sports and other activities.

Musical instruments were distributed among aspiring students who could pay the cost in easy installments. Paulson Chalissery, the only violinist in Thrissur conversant with the staff-notations, Jayaraj, the renowned tabla player, Sebastian Joseph Bhagavathar who was an associate of Augustine Joseph, K J Jesudas' father – all were roped in for grooming the students. As for guitar, it was my cuppa. The whole college reverberated with music in the evenings. Kalamandalam Sundara Narayanan responded to our request to teach the boys group dance and for the first time sound of chenda was heard in the campus. Students were enthralled and they plunged headlong, as was also a group of young teachers like M K Chandran, N Narayanankutty and R Jayaram. As for theatre, Chandran, son of the famous theatre-film actor M S Namboodiri – paid enough attention. I was surprised by the burgeoning enthusiasm on the parts of the students who stayed sometimes overnight for practice. They were in Cloud 9.

Fr Gabriel would make his appearance very often in the middle of the night amidst rehearsals. "Don't hesitate to take enough food timely", he would remind us. He had made provisions for this from the canteen.

One day, as the college was about to close for summer vacation, he told me that an intensive workshop should be arranged for the fine arts students. My close association with him had convinced me that he had some plans up his sleeves. He had arranged an NSS camp during the vacation in which the fine arts students also would be members. Once the activities in the morning were completed, they would continue with training in music, dance and drama. What an ingenious idea! The two-week camp met with remarkable success. The valedictory function was inaugurated by Mr. M C Paul, the then municipal chairman. Fr Gabriel believed that an educational institution cannot be an island in the society and insisted on its involvement in the activities of the college. Perhaps, the secret of the success of all his projects, not only at Irinjalakuda but later in Chalakudy where a new school was opened and also to crown them all, the very beginning of Amala Cancer Research Institute and medical college in Thrissur, was involvement of the public in his endeavours.

Soon came the first University Arts Festival of the newly formed Calicut University. The D Zone was held at Sree Krishna College, Guruvayur. The score-board every day indicated how 'Christ' was leading. And finally when the results were declared, we stood first. A special minibus was sent to Guruvayur to pick us. The journey back to Irinjalakuda was unforgettable. The entire contingent including me and Chandran sang and danced in ecstasy. To our surprise, when we entered the college campus, Fr Gabriel was waiting there to receive us, in the middle of night! I could read a sense of satisfaction and contentment on his visage.

Next day evening, as I was returning home after the classes, Fr Gabriel met me in the garden. "George S Paul, we need to felicitate the entire team in a function; get some gifts from Thrissur tomorrow". He scribbled something on a piece of paper and asked me to collect money from the Bursar. I was wonderstruck. And it did happen as planned and the entire college joined the felicitations.

Nelson Shine was a student with exceptional drumming talent. He attracted huge fans and was the cynosure in the inter-zone competitions. Fr Gabriel wanted me to procure

a triple drum and a drum set for him so that he could scale new heights. And scale he did to dizzy heights thereafter.

'Arts Kerala' materialized after a series of meetings of the public, St Joseph's College, the Municipality and Old Students' Association of the two colleges. The purpose was to organize annual Cultural Fest at the state level for college students. On the day when the formation of the organisation was to take shape finally, I received again a note from Fr Gabriel, "Please attend a meeting at St Joseph's College for giving final shape of the new outfit". I refused first; but he sent his emissary Girijavallabhan, a former student chairman of the college and his confidante, to persuade me.

Fr Gabriel had a clear picture of the office-bearers to be elected. While Mr. M C Paul, MD of Kerala Solvent Extractions was elected as the president, he proposed my name to the post of Secretary and it was unanimously accepted.

I was asked to visit all the colleges in Kerala for canvassing the students. They were shown the sample of the award – specially made of gun metal and designed by artist Duthan and resembled the Film fare Award. The first Cultural Meet held in 1974 was an epochal event. For three days and nights, students from across Kerala vied for each other to show off their best. Inauguration by cine artiste Sheela, 'Karuth amma' of Chemmeen, along with a contingent of film artistes was reported by the media with utmost importance. The staff of the only electronic medium, All India Radio stayed at Irinjalakuda overnight to report the events. In February 1975, awards were distributed by Prem Nazir in a separate function held at the municipal grounds. The awardees included Ousepachan (later film music director), Sadanam Harikumar (outstanding Kathakali exponent) and Sathar (later film artiste) to mention only a few.

Arts Kerala was a name to reckon with in the cultural arena of colleges in Kerala even after Fr Gabriel's retirement in 1975. Irinjalakuda turned the hub of cultural activities for college students in Kerala. They eagerly waited for the Meet next year. But due to technical reasons, it had to be discontinued after the 1978 event for which Kamal Haasan was the chief guest.

Fr Gabriel had immense faith in his students and they reciprocated in a singular way. Whenever he wanted to raise funds for projects like Amala cancer Research Institute, post retirement, they volunteered to donate funds magnanimously. They assembled in large numbers with families to celebrate his birthday (December 11) at Amala Hospital, even in 2016. And he could identify each and every one of them by their name.

In the annals Kerala history, Fr Gabriel will be long remembered as an able administrator, organiser and a visionary. But for his students, he was their 'saviour' whose concern and care for them were *nonpareil.*

# തെക്കനച്ചൻ - വിയോഗത്തിലും മങ്ങാത്ത നിതാന്ത സാന്നിധ്യം

**പ്രൊഫ. സെബാസ്റ്റ്യൻ ജോസഫ്**
ക്രൈസ്റ്റ് കോളേജ്
മലയാളം വിഭാഗം മേധാവി

വിരമിക്കാൻ മൂന്നുവർഷംകൂടി ബാക്കിനിൽക്കേ, 2017 ജൂലൈ 25ന് നമുക്കേവർക്കും പ്രിയങ്കരനായ പ്രിൻസിപ്പൽ ഫാ.ജോസ് തെക്കൻ സി.എം.ഐ അപ്രതീക്ഷിതമായി ജീവിതത്തിന്റെ അരങ്ങൊഴിയുമ്പോൾ അപൂർവ്വബഹുമതികളുടെ വെള്ളിവെളിച്ചത്തിൽതിളങ്ങിനിൽക്കുകയായിരുന്നു അറുപത് തികഞ്ഞ ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് ഓട്ടോണമസ് കോളേജ്. *കേന്ദ്ര മാനവശേഷിമന്ത്രാലയത്തിന്റെ* വിലയിരുത്തൽപ്രകാരം കേരളത്തിലെ ഏറ്റവും മികച്ച കോളേജ്, ദേശീയതലത്തിൽ മികവിന്റെ 17-ാം സ്ഥാനം എന്നിങ്ങനെ അഭിമാനപൂർവ്വം നെഞ്ചുവിരിക്കാൻ നമുക്ക് കാരണങ്ങൾ പലതുണ്ടായിരുന്നു.

ആദ്യവട്ടം കയ്യിൽനിന്നു വഴുതിപ്പോയ സ്വയംഭരണപദവിയെച്ചൊല്ലി ഈ കോളേജിനെ സ്നേഹിച്ചവരെല്ലാം അപമാനബോധത്താൽ മുഖം കുമ്പിട്ടിരിക്കുമ്പോഴാണ് പൊടുന്നനവേ ദേശീയാംഗീകാരങ്ങളുടെ മന്നപൊഴിയുന്നത്. വേനലിലെ മഴപോലെ വന്ന ആ വാർത്ത ആദ്യമായി കേട്ട നിമിഷത്തിന്റെ ആഹ്ലാദത്തിമിർപ്പിന് ഇനിയും വിശ്രാന്തി വന്നിട്ടില്ല. സഭാപരമായ ഒരു അപ്രധാന കൂടിയാലോചനായോഗത്തിനിടയിൽനിന്ന് തിടുക്കത്തിൽ പുറത്തിറങ്ങി ഈ സന്തോഷവാർത്ത വിളിച്ചറിയിക്കുമ്പോൾ അദ്ദേഹത്തിന്റെ വാക്കുകളിൽ നിറഞ്ഞസന്തോഷാതിരേകം ഞാൻ ഇന്നും ഓർമ്മിക്കുന്നു.

മരണാസന്നരായവസൂരിബാധിതരെ മരണമുഖത്തേക്ക് നടതള്ളിയിരുന്ന മങ്ങാടിക്കുന്ന് എന്ന പാഴ്പറമ്പിൽ, അറുപതുകൊല്ലം മുമ്പ്, ഒരു നാടിന്റെ സ്വപ്നസാഫല്യമായി പടുത്തുയർത്തിയ ക്രൈസ്റ്റ് കലാലയത്തെ, 2007മുതൽ പ്രിൻസിപ്പൽ ആയിരുന്ന തെക്കനച്ചൻ പുതിയകാലത്തിനുചേർന്ന വിധത്തിൽ സമൂലം മാറ്റിപ്പണിഞ്ഞു. അക്കാദമികരംഗത്ത് ദീർഘകാലനേട്ടങ്ങൾ സ്വപ്നംകണ്ട്, അതിന് അനുയോജ്യമായ കരുനീക്കങ്ങളൊക്കെയും മിന്നൽവേഗത്തിൽ നടപ്പിലാക്കാൻ അദ്ദേഹം ക്രൈസ്റ്റിലെ അക്കാദമികസമൂഹത്തോടൊപ്പം നിന്നു. ഒടുവിൽ ആ പരിശ്രമങ്ങളൊക്കെ പൂവണിഞ്ഞതിന്റെ സന്തോഷം പങ്കുവയ്ക്കാൻ തെക്കനച്ചൻ മാത്രം തങ്ങൾക്കൊപ്പമില്ല എന്ന ദു:ഖം ക്രൈസ്റ്റ് കോളേജിനെ ഇപ്പോഴും വല്ലാതെ അലട്ടുന്നുണ്ട്. ഇവിടെ പുതിയ എന്ത് ആലോചന വരുമ്പോഴും "തെക്കനച്ചൻ ഉണ്ടായിരുന്നെങ്കിൽ"? എന്ന ആഗ്രഹം മൗനമുദ്രിതമായെങ്കിലും എല്ലാവരുടെയും മനസ്സിൽ ഇപ്പോഴും ഓളമടിക്കുന്നു.

നമ്മുടെ സ്ഥാപകപ്രിൻസിപ്പലായ ഗബ്രിയേലച്ചനോട്പലകാര്യങ്ങളിലും തെക്കനച്ചന്റെ പെരുമാറ്റരീതികൾ സാധർമ്യം പുലർത്തിയിരുന്നു. ഗബ്രിയേലച്ചൻ കഴിഞ്ഞാൽ ഏറ്റവുമധികം കാലം ക്രൈസ്റ്റിൽ പ്രിൻസിപ്പലായിരുന്നത് കെമിസ്ട്രി വിഭാഗത്തിലെ പൂർവ്വവിദ്യാർത്ഥികൂടിയായ ഫാ. ഡോ. ജോസ് തെക്കൻ സി.എം.ഐ. എന്ന ആ ചെറിയ മനുഷ്യനാണ്. രണ്ടു പേരും കുട്ടികളെ ഓരോരുത്തരെയും കൃത്യമായി പേരുചൊല്ലി വിളിക്കുമായിരുന്നു. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തികസഹായം നൽകുന്ന കാര്യത്തിൽ തെക്കനച്ചന് പ്രത്യേക താൽപര്യമുണ്ടായിരുന്നതായി വിദ്യാർത്ഥികൾ ഓർമ്മിക്കുന്നു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളൊന്നും അതിന് തടസ്സമായിരുന്നില്ല. കഴിഞ്ഞകൊല്ലംമാത്രം, ഉദ്ദേശം 20 ലക്ഷം രൂപ വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുകയുണ്ടായി! സ്വാശ്രയകോഴ്സുകളിൽ പ്പോലും സർവ്വകലാശാല അനുശാസിക്കുന്ന ഫീസ് മാത്രം വാങ്ങുന്ന ഒരു കോളേജിൽനിന്നാണ്... അദ്ധ്യാപക നിയമനങ്ങളിൽ ഇപ്പോഴും പണത്തൂക്കം നോക്കാത്ത ഒരു "അപൂർവ്വ" കോളേജിൽനിന്നാണ്... ഇല്ലായ്മകൾക്കിടയിലും ഈ മഹാമനസ്കത എന്നത് നമ്മൾ നിസ്സാരകോടിയിൽ തള്ളാൻ പാടില്ലാത്തതാണ്. ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ് തുടക്കം മുതൽ അനുവർത്തിച്ചു പോരുന്ന മികച്ച പാരമ്പര്യമാണിത്. നിയമനക്കാര്യത്തിൽ ഉദ്യോഗാർത്ഥിയുടെ ജാതിയും മതവും പ്രദേശവും ഇവിടെ ഒരിക്കലും പരിഗണനാവിഷയമേ ആയിരുന്നില്ല എന്നതിന് എത്രയെത്ര സാക്ഷ്യങ്ങൾ വേണമെങ്കിലും നമുക്ക് ഓർത്തെടുക്കാനുണ്ട്.

സ്പോർട്സ് വിഭാഗത്തിന്റെ വളർച്ചയിൽ പ്രത്യേക താൽപ്പര്യമുണ്ടായിരുന്നു തെക്കനച്ചന്. ഇക്കൊല്ലം സർവ്വകലാശാലാതലത്തിൽ ഏറ്റവുമധികം കായികഇനങ്ങളിൽ ക്രൈസ്റ്റ്കോളേജ് പങ്കെടുത്തതിന്റെ മേനി മുഴുവൻ അദ്ദേഹത്തിന് അവകാശപ്പെട്ടതാണ്. ഫുട്ബോൾ കമ്പക്കാരനായിരുന്ന തെക്കനച്ചനെ കായികതാരങ്ങൾ തങ്ങളിലൊരാളായാണ് കണ്ടിരുന്നത്. ഗാലറിയിലിരുന്ന് മൽസരങ്ങൾ വീക്ഷിക്കുന്ന ഒരു

സാധാരണ പ്രിൻസിപ്പൽ ആയിരുന്നില്ല അദ്ദേഹം. രോഗബാധിതനായി വിശ്രമം നിർദ്ദേശിക്കപ്പെട്ടിരുന്ന പ്പോൾപ്പോലും, ളോഹ മാടിക്കുത്തി, കളിക്കളത്തിൽ അല്പദൂരമെങ്കിലും ഓടിക്കളിച്ച് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ അദ്ദേഹം ഒരിക്കലും മറന്നില്ല. കുട്ടികൾ ഓരോരുത്തരുടെയും സ്വകാര്യങ്ങൾപോലും അദ്ദേഹ ത്തിന് മന:പാഠമായിരുന്നു എന്ന് അൽഭുതത്തോടെ എല്ലാവരും അനുസ്മരിക്കുന്നു.

എത്രയോ കൊല്ലമായി ക്രൈസ്റ്റിലെ കലാകാരൻ മാരുടെയൊക്കെ കൈത്താങ്ങായിരുന്നു തെക്കനച്ചൻ. അവരുമായുള്ള മാനസികമായ ഇഴയടുപ്പം മൂലമാണ് ലോകമെമ്പാടുമുള്ള പൂർവ്വവിദ്യാർത്ഥികളായ തിയേറ്റർ കലാകാരൻമാർ സംവിധായകൻ "ശശിയേട്ടന്റെ" നേതൃത്വത്തിൽ വർഷത്തിലൊരിക്കൽ കാമ്പസ്സിലെ ഒത്തുചേരൽ പതിവാക്കിയത്.പക്ഷേ, ഇക്കൊല്ലത്തെ 'ഹിഗ്വിറ്റ' നാടകാവതരണം മുതൽ അത് ഫാ.ജോസ് തെക്കൻ അനുസ്മരണം ആയിത്തീർന്നു!

തെക്കനച്ചൻ പ്രിൻസിപ്പലായിരുന്ന കാലത്ത് ക്രൈസ്റ്റ് കോളേജ് അക്കാദമികമായും ഭൗതികമായും വികസനത്തിന്റെ പുതിയ ആകാശവിതാനങ്ങളിൽ എത്തി. 15 ഡിഗ്രി കോഴ്സുകളും 7 പി.ജി കോഴ്സുകളും അടക്കം 22 പുതിയകോഴ്സുകൾ ഇക്കാലത്ത് ആരംഭിച്ചു. വിദ്യാർത്ഥികളുടെ എണ്ണം 3600 കടന്നു. പുതിയ കെട്ടിടസമുച്ചയങ്ങൾ കാമ്പസ്സിൽ മുളച്ചുപൊന്തി. കേന്ദ്ര മാനവവിഭവശേഷിവകുപ്പിന്റെ വിലയിരുത്തലിൽ ദേശീയതലത്തിൽ 17-ാം സ്ഥാനം, സംസ്ഥാനത്ത് ഒന്നാം സ്ഥാനം, സംസ്ഥാനസർക്കാർ തീരുമാനപ്രകാരം ഓട്ടോണമസ് പദവി, മലയാളമനോരമ പലതുള്ളി പുരസ്കാരം, കാലിക്കറ്റ് സർവ്വകലാശാല പ്രഥമ ഹരിത അവാർഡ്, കേരള ബയോഡൈവേഴ്സിറ്റി അവാർഡ്, തുടങ്ങി അവാർഡുകളുടെ പെരുമഴതന്നെ ക്രൈസ്റ്റിനു മേൽ തൂടർച്ചയായി പെയ്തു. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വ്യക്തിഗത പുരസ്കാരങ്ങൾ ഇതിനൊക്കെ പുറമേയാണ്. മധ്യകേരളത്തിലെ മികച്ച ഓട്ടോണമസ് കോളേജായ ഇരിഞ്ഞാലക്കുട ക്രൈസ്റ്റ്, കായികരംഗത്ത് 46 വർഷങ്ങൾക്കുശേഷം കാലിക്കറ്റ് സർവ്വകലാശാല ഓവറോൾ ചാംപ്യൻഷിപ്പും അക്കാദമിക രംഗത്ത് 17 സർവ്വകലാശാലാ റാങ്കുകളും ഇക്കഴിഞ്ഞ വർഷം നേടിയെടുത്തു. തെക്കനച്ചന്റെ മേൽക്കയ്യിൽ ഇന്ത്യയിലെ ആദ്യത്തെ ഇൻഡോർ ജമ്പിംഗ് പിറ്റ് ക്രൈസ്റ്റ്കോളേജിൽ സ്ഥാപിച്ചു. ഫാ.ഗബ്രിയേൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി പുരോഗമിക്കുന്നു.

കാലിക്കറ്റ് സർവ്വകലാശാല സെനറ്റ് അംഗം എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ഔദ്യോഗിക നിരീക്ഷ ണങ്ങൾ പരിണതപ്രജ്ഞനായ ഒരു അക്കാദമിക വ്യക്തിത്വത്തിന്റെ സുചിന്തിത വിലയിരുത്തലുകളായി അക്കാദമികസമൂഹം സശ്രദ്ധം കേട്ടു. സർവ്വകലാ ശാലയിലെ ഈ സുപ്രധാനസഭയിൽ പലരും നിശബ്ദസാന്നിധ്യം മാത്രമായിരുന്നപ്പോൾ, ന്യായത്തിന്റെ പക്ഷത്ത് ഉറച്ചുനിന്ന് ഈ പുരോഹിതൻ വ്യത്യസ്ത നായി. സെനറ്റിൽ ഞാൻ അടക്കമുള്ള മറ്റ് അംഗങ്ങൾ ഉന്നയിച്ച വിദ്യാഭ്യാസപ്രശ്നങ്ങളിൽ യഥായോഗ്യം ഇടപെട്ട് നിസ്സീമമായ പിന്തുണ നൽകി. സെനറ്റ് യോഗത്തിന്റെ തിരക്കൊഴിയുന്ന ഇടവേളകളിൽ അദ്ദേഹം കോളേജിനെക്കുറിച്ച് പങ്കുവച്ച സ്വപ്നങ്ങൾ ഇവിടെ അനുസ്മരിക്കുന്നു. സ്വാശ്രയകോഴ്സുകൾ ആരംഭിക്കാനുള്ള അവസരം ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ് ഉപയോഗപ്പെടുത്തുന്നുവെങ്കിലും പണം ഇല്ലാത്തതുമൂലം ഒരു കുട്ടിയും പഠിക്കാനാവാതെ ബുദ്ധിമുട്ടുകയില്ല എന്ന് അദ്ദേഹം പരസ്യമായിത്തന്നെ ആവർത്തിച്ച് പറഞ്ഞിട്ടുണ്ടല്ലോ.

സ്വാശ്രയമേഖലയെ നിലവാരപ്പെടുത്തി അദ്ധ്യാപ കർക്ക് മികച്ച സേവന വേതനവ്യവസ്ഥകളും വിദ്യാർത്ഥി കൾക്ക് പഠനസൗകര്യവും ഏർപ്പെടുത്താനുള്ള പരിശ്രമങ്ങൾ പാതിവഴിയിൽ നിർത്തിയാണ് അദ്ദേഹം നമ്മെ വിട്ടുപോയത്. ചികിൽസക്ക് പോകും മുമ്പ് തന്റെ അഭാവത്തിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾക്കെല്ലാം കൃത്യമായ രൂപരേഖ അദ്ദേഹം തയ്യാറാക്കിയിരു ന്നുവെന്ന് പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ഡോ.മാത്യു പോൾ അനുസ്മരിക്കുന്നു. വൈസ്പ്രിൻസിപ്പൽമാരായി പ്രൊഫ.വി.പി.ആന്റോ, ഫാ. പ്രൊഫ. ജോയി പീനിക്കാപറമ്പിൽ, ഫാ.ഡോ.ജോളി ആൻഡ്രൂസ് എന്നിവരെയും, പബ്ലിക് റിലേഷൻസ് ഓഫീസറായി എന്നെയും, സ്റ്റാഫ് അഡ്വൈസറായി ഡോ. ടി. വിവേകാനന്ദനെയും, ഡിസിപ്ലിൻ കമ്മിറ്റി കൺവീനറായി ഡോ.അനിൽകുമാറിനെയും നിയമിച്ചു. വിദ്യാർത്ഥി സമൂഹവുമായി പഴയ സൗഹൃദബന്ധം നിലനിർത്തി. ഫാ.ജോസ് തെക്കന്റെ സ്വപ്നങ്ങൾ നെഞ്ചേറ്റിയ ഒരു കൂട്ടായ നേതൃത്വമാണ് ഇപ്പോൾ ക്രൈസ്റ്റിനെ ഇടറാതെ നയിക്കുന്നത്. അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ വാടിക്കൊഴി യുകയില്ല, തീർച്ച.

ലോകമെമ്പാടുമുള്ള വിദ്യാർത്ഥികൾക്ക് തലമുറഭേദമില്ലാതെ സുഹൃത്തും വഴികാട്ടിയുമായിരുന്ന ഫാ.ജോസ് തെക്കന്റെ വിയോഗം ക്രൈസ്റ്റ് കോളേജിനു മാത്രമല്ല ഉന്നത വിദ്യാഭ്യാസ മേഖലക്കുതന്നെ പൊതുവിൽ തീരാനഷ്ടമാണ്. അഭിപ്രായവ്യത്യാസ ങ്ങൾക്കപ്പുറത്ത് നർമ്മം നിറഞ്ഞ ഊഷ്മളസൗഹൃദം കാത്തുസൂക്ഷിച്ച ഏറ്റവും പ്രിയപ്പെട്ട ഒരാളുടെ നികത്താനാവാത്ത നഷ്ടം ക്രൈസ്റ്റ് കാമ്പസ്സിലെ ഏവരേയും പോലെ എന്റെയും സ്വകാര്യ നഷ്ടമാണ്.

# തെക്കനച്ചൻ ഒരു ഓർമ്മക്കുറിപ്പ്

**ജൂലായ് 25** ഒരു പക്ഷേ ഒരുപാട് പേർ കാലനെയും ദൈവത്തേയും ശപിച്ച ദിവസം. അക്ഷരാർത്ഥത്തിൽ ക്രൈസ്റ്റ് നിശ്ചലമായ സമയങ്ങൾ. ചിരിച്ച മുഖങ്ങൾ എല്ലാം വാടിയിരിന്നു. എങ്ങും നിറഞ്ഞുതുളുമ്പിയ കണ്ണുകൾ മാത്രം. അതായിരുന്നു Rev.Dr.T.M.Jose CMI എന്ന ഞങ്ങളുടെ സ്വന്തം തെക്കനച്ചൻ. ബിരുദ പഠന കാലംതൊട്ടുതന്നെ ക്രൈസ്റ്റിന്റെ ജീവൻ മനസ്സിലാക്കിയ ഞങ്ങളുടെ സ്വന്തം പ്രിൻസിപ്പലച്ചൻ. അടിച്ചുവാരുന്ന അംബിക ചേച്ചി മുതൽ വാച്ച്മാൻ ആയ ബാബുവേട്ടൻ തുടങ്ങി എല്ലാവരോടും ഒരേ മുഖത്തോടെ ചിരിച്ചും തമാശകൾ പറഞ്ഞും ജീവിച്ച തെക്കനച്ചൻ. 2017 ലെ ഒരു തീരാനഷ്ടമാണ് ഞങ്ങൾക്ക്.

ഇവിടെയുള്ള ചെടികളും മരങ്ങളും
തെക്കനച്ചന്റെ കാലൊച്ചകൾക്കായി
കാതോർക്കുന്നതെനിക്കറിയാം
ഹോസ്റ്റൽ റൂമുകളിലേ ബൽബുകൾ
അണയുന്നതിനു മുമ്പായി തെക്കനച്ചൻ
വരുന്നുണ്ടോന്നറിയാൻ
വരാന്തയിലേക്കെത്തിനോക്കും

2015 ൽ ആഗസ്റ്റ് 7ാം തിയ്യതി ചില സാങ്കേതിക കാരണങ്ങളാൽ ഒരു കലാലയത്തിൽ അവസരം നഷ്ടപ്പെട്ടപ്പോൾ അച്ചൻ എന്നോട് പറഞ്ഞത് "നീ നന്നായാൽ മതി നാളെ ഇങ്ങോട്ട് വാ. നമുക്ക് നോക്കാം....." എന്നാണ്. ഒരു പക്ഷേ എന്റെ ജീവിതത്തെ മാറ്റി മറച്ച വാക്കുകളായിരുന്നു അത്. കോളേജിലെ 3000 ത്തിലധികം വരുന്ന കുട്ടികളേയും അദ്ധ്യാപക അനദ്ധ്യാപകരുടേയും പൂർണ്ണമായ വിവരം ഓർത്തു വെക്കുന്ന അച്ചൻ പലപ്പോഴും എങ്ങനെയാണ് നിർണ്ണായക ഘട്ടത്തിൽ തീരുമാനം എടുക്കുന്നത് എന്ന വസ്തുത എന്നെയും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. "അച്ചൻ ഒന്ന് പറയുമ്പോൾ നമുക്കൊരു ആത്മവിശ്വാസമാണ് തരുന്നത്. പല പ്രവർത്തനങ്ങളിലും അത് നൽകിയ ഊർജ്ജം വലുതാണ്" എന്ന് ഡേവീസ് സാർ പറയുമ്പോഴും... "അച്ചൻ എപ്പോഴും പിള്ളേരുടെ ഒപ്പമാണ്. ഞങ്ങൾ എന്തു പറഞ്ഞാലും പിള്ളേർക്കാ മുൻഗണന" എന്ന് ടിന്റു മിസ്സ് പറയുമ്പോഴെല്ലാം മനസ്സിലാക്കാൻ സാധിക്കുന്നതേ ഉള്ളു അദ്ദേഹത്തിനുള്ളിലെ വൈരുദ്ധ്യം.

ഫസ്റ്റ് ഇയറിൽ പഠിക്കുമ്പോഴുള്ള ഒരു ദിവസം കുശലമെന്ന രീതിയിൽ അച്ചനോട് ചോദിച്ചു. "അച്ചോ നമുക്ക് ചായ കുടിച്ചാലോ.. " എന്ന്. അച്ചൻ പറഞ്ഞു "3.30ന് ആവാം" എന്ന്. വെറും ആശ്വാസവാക്കാണ് എന്ന് വിശ്വസിച്ച എനിക്ക് തെറ്റിപ്പോയി. അച്ചൻ 4.00 ന് ഇങ്ങോട്ട് വിളിച്ച് ഞാനും എവിനും അച്ചനും ആ താക്കോൽക്കൂട്ടവും കൂടി കാന്റീനിൽ പോയി. പോയത് ഞങ്ങൾ മൂന്ന് പേരുമായിരുന്നെങ്കിൽ പിന്നീട് അവിടെ മാത്യൂസാറും, ശ്രീകുമാർ സാറും, ഡേവീസ് സാറും, സ്റ്റാൻലി ചേട്ടനും, അരുൺസാറും എല്ലാവരും കൂടി ചേർന്നു. അന്ന് അച്ചൻ പറഞ്ഞത് പഠനകാലത്തെ രസകരമായ ഓർമ്മകളും തമാശകളും കൂടാതെ ഇനി നമുക്ക് എന്ത് ചെയ്യണം കോളേജിൽ എന്തു ചെയ്യണം എന്നൊക്കെയായിരുന്നു. അങ്ങനെ ഒരു വട്ടം മാത്രമായിരുന്നില്ല. പലവട്ടം ആ 'മൂന്നര ചായസൽക്കാരം' തുടർന്നു പോന്നു. ഇവിടെ മാത്രം ഒതുങ്ങുന്നതല്ല തെക്കനച്ചൻ എന്ന വ്യക്തി. സാമ്പത്തികമായി പിന്നിൽ നിൽക്കുന്ന കുട്ടികളുടെ ഫീസ് അദ്ദേഹത്തിന്റെ ശമ്പളത്തിൽനിന്നും അനവധി ഫണ്ടുകളിൽനിന്നും മാറ്റി വെച്ച് വർഷത്തിൽ 2 ലക്ഷത്തിലധികം രൂപ അവർക്കുവേണ്ടിയും മാറ്റി വെക്കുന്നു. കായിക താരങ്ങൾക്കായി പ്രത്യേക പരിശീലന അവസരങ്ങളും മികവ് കാണിക്കുന്നവർക്ക് പ്രത്യേക ഉപഹാരവും പ്രോത്സാഹനവും നൽകി സർവ്വ മേഖലയിലും നിറഞ്ഞാണ് അദ്ദേഹം നിലനിന്നിരുന്നത്.

സമൂഹമറിയാതെ ചെയ്ത സാമൂഹ്യ സാമ്പത്തിക സഹായങ്ങൾ ആണ് അച്ചന്റെ ഏറ്റവും വലിയ പ്രത്യേകത. ഒരു പക്ഷേ അതായിരിക്കും എല്ലാവരും അദ്ദേഹത്തെ ഇഷ്ടപ്പെടുന്നത്. കെമിസ്ട്രിയിലെ റാണിമിസ്സ് പറയാറുണ്ട് "അച്ചൻ അദ്ധ്യാപകർക്കും ഒരച്ഛനായിരുന്നു." വിദ്യാർത്ഥികളോട് എങ്ങനെ പെരുമാറണം എന്ന് പഠിപ്പിച്ചത് അച്ചനാണെന്ന്. അതെ ശരിയാണ്. അദ്ധ്യപകനായി നിന്ന്, കുട്ടികളുടെ കൂടെ തോളായി മാത്രമാണ് തെക്കനച്ചൻ നിന്നിരുന്നത്. ലൈബ്രറിയിലെ ജോയേട്ടൻ പറഞ്ഞപോലെ "മറക്കാൻ പറ്റുന്നില്ലെടാ അച്ചനെ." അച്ചനുമായുള്ള രണ്ട് വർഷം എനിക്ക് തന്നത് രണ്ട് പതിറ്റാണ്ടായിരുന്നെങ്കിൽ ഈ ക്രൈസ്റ്റിന് അങ്ങ് നൽകിയത് ഒരു നൂറ് പതിറ്റാണ്ടിന്റെ ഓർമ്മകളായിരിക്കണമല്ലോ.

മരിച്ചാൽ ഒരു പക്ഷെ ഞങ്ങൾ മറക്കുമായിരിക്കും.... പക്ഷേ തെക്കനച്ചൻ മരിക്കുന്നില്ലല്ലോ.... ഇന്നും ആ ചിരി വരാന്തകളിൽ നടന്നു നീങ്ങാറുണ്ട്. ചെടികളിൽ വെള്ളമൊഴിക്കാറുണ്ട്.... എല്ലാ പ്രവർത്തനത്തിലും ശ്രദ്ധിക്കുന്നുണ്ട്.... ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നുണ്ട്... പക്ഷേ ഇടവേളകളിലൂടെ എല്ലാവരും ആഗ്രഹിക്കുന്ന ആ അനൗൺസ്മെന്റ് മാത്രം ഇല്ല.... അതുമാത്രം.

അതെ അച്ചൻ ഇവിടെയുണ്ട്. അറിവിന്റെ ഇടനാഴിയിലെ കാവൽക്കാരനായ്.....തളിരിടുന്ന ഒരോ സൗഹൃദങ്ങളിലും സ്നേഹസാന്ത്വനസ്വരങ്ങളിലും കാരുണ്യത്തിന്റെ ഈ കലാലയത്തിൽ തെക്കനച്ചന്റെ സ്വപ്നങ്ങൾ ഞങ്ങളിലൂടെ ഉണരുന്നത് കണ്ട്...... നിറഞ്ഞ പ്രാർത്ഥനയോടെ.....തെക്കനച്ചൻ കൂടെ തന്നെയുണ്ട്.ഈ അറിവിന്റെ ഇടനാഴിയിലെ കാവൽക്കാരൻ ഇന്നും ജീവിക്കുന്നു.

**ശ്രീകൃഷ്ണൻ നമ്പൂതിരി പി.വി. കെ.**
രണ്ടാം വർഷം മാത്മാറ്റിക്സ്



# ദൃക്സാക്ഷിയുടെ നിലനിൽപ്പ്

എങ്ങനെയാണ് ഒരു കഥ ജനിക്കുന്നതെന്ന് കൗതുകത്തോടെ ചിന്തിച്ചിട്ടുണ്ട്. ആ ഉദ്യമത്തോളം തന്നെ പ്രയാസമേറിയതാണ് അതിനൊരു ദൃശ്യരൂപം നൽകുകയെന്നതും. അങ്ങനെ അനേകം കാഴ്ചകൾ ഒന്നാവർത്തിച്ച് വരികയും അതൊരു അർത്ഥ സമ്പുഷ്ടമായ അനുഭൂതി നൽകുകയും ചെയ്യുന്ന പ്രക്രിയയോട് മനുഷ്യനും അവന്റെ ആസ്വാദനവും കാലങ്ങളായി സമരസപ്പെട്ടിരിക്കുകയാണ്. സമകാലീക മലയാള സിനിമയിൽ ഇത്തരത്തിൽ ഒരു മുന്നേറ്റമുണ്ടാക്കിയ ചിത്രമാണ് ദിലീഷ് പോത്തൻ സംവിധാനം ചെയ്ത 'തൊണ്ടിമുതലും ദൃക്സാക്ഷിയും'. നവസിനിമാ ശ്രേണിയിൽ പച്ചയായ മനുഷ്യന്റെ സംഘർഷങ്ങളെയും അതിജീവനത്തെയും നിലനിൽപ്പിനെയും ഇത്രയധികം സൂക്ഷ്മമായി ചിത്രീകരിച്ച വേറൊരു സിനിമയും ഇല്ലെന്നു തന്നെ പറയാം.

സജീവ് പാഴൂരിന്റെ മറയില്ലാത്ത എഴുത്തും കണ്ണുകളാകുന്ന രാജീവ് രവിയുടെ ഛായാഗ്രഹണവും കാഴ്ചകൾക്കപ്പുറമുള്ള ശ്യാം പുഷ്കരന്റെ ക്രിയാത്മക സന്നിവേശവും ബിജിപാലിന്റെ സംഗീതവും എല്ലാറ്റിനും മറുപടിയായി പോത്തേട്ടൻസ് ബ്രില്യൻസി എന്ന് വിശേഷിപ്പിക്കുന്ന ദിലീഷ് പോത്തന്റെ സംവിധാന മികവും ഈ സിനിമ നവാനുഭവങ്ങളുടെ ശക്തമായ അടിക്കുറുപ്പാക്കുകയാണ്. ജാതി, ദേശം, നീതി, അധികാരം, വിശപ്പ് എന്നിങ്ങനെ മനുഷ്യൻ ഇടപഴകുന്ന എല്ലാ സാമൂഹിക ഭേദങ്ങളിലും ഈ സിനിമ സ്വന്തമായൊരു ഭാഷ സംസാരിക്കുന്നുണ്ട്. ഏറ്റവും മൃദുലമെന്ന് തോന്നാവുന്ന അരികുകളിൽ നിന്നുപോലും തൊണ്ടിമുതലും ദൃക്സാക്ഷിയിൽ നിന്ന് കൃത്യമായ രാഷ്ട്രീയം പുറത്തു വരുന്നു. തെറ്റും ശരിയും, കുറ്റവും ശിക്ഷയും എന്നിങ്ങനെ രണ്ടു ധ്രുവങ്ങളിൽ നിർമ്മിക്കപ്പെട്ട വ്യവസ്ഥിതിയിൽ പ്രസാദും ഭാര്യയും കള്ളനും ഒരു കർമ്മ ബന്ധത്തിന്റെ ഇഴകളിൽ കൂടിച്ചേരികയാണ്. കള്ളൻ മോഷ്ടിച്ച് വിഴുങ്ങിയ ആ മാല ദമ്പതികളുടെ ജീവിതത്തിന്റെ അടിത്തറയെത്തന്നെയാണ് ബാധിക്കുന്നത്. പിന്നീട് തെറ്റിൽ നിന്ന് തെറ്റുകാരനിലേക്ക് കേന്ദ്രീകരിക്കപ്പെടുകയും ആ വ്യവസ്ഥിതി ക്രമം തെറ്റുകയും ചെയ്യുന്നു. ഓഷോ പറഞ്ഞിട്ടുണ്ട് തെറ്റുകളിലൂടെയാണ് മനുഷ്യ വംശം പരിണമിക്കപ്പെട്ടതെന്ന്. ഇങ്ങനെ അപരാധത്തിനു പുറകെ ദീർഘമായൊരു ഓട്ടമുണ്ട് ഈ സിനിമയിൽ. ഒരേ സമയം കുറ്റവാളിയുടെ അതിജീവനത്തിന്റെയും ഇരയുടെ സംഘർഷങ്ങളുടേയും അധികാരികളുടെ നിലനിൽപ്പിന്റെയും പരക്കംപാച്ചിലാണിത്. അവർ പോലുമറിയാതെ ആ ദൈർഘ്യത്തിൻ മേൽ പറഞ്ഞ സ്ഥിതിയിലേക്ക് ഒരു മാല പോലെ അവർ കണ്ണിച്ചേർക്കപ്പെടുകയാണ്.

ഇരയായ പ്രസാദിനേയും ഭാര്യയേയും സംബന്ധിച്ച് കള്ളൻ വിഴുങ്ങിയ താലിമാല അത് അവരുടെ ഭാവി ജീവിതത്തിന്റെ ആശ്രയവും അവരുടെ സ്നേഹ ബന്ധത്തിന്റെ മൂല്യവും ആയിരുന്നു. ഈ ഒരു അവസ്ഥ

യുടെ ദൈന്യതയിൽ, നിസ്സഹായവസ്ഥയിൽ അനുഭവിക്കുന്ന അസ്തിത്വ പ്രതിസന്ധിയിൽ (Exsitential crisis) നിന്നു തന്നെയാണ് പ്രസാദ്, മാല പുറത്തുവരാനായ് വെളിക്കു തയ്യാറെടുക്കുന്ന കള്ളന്റെ സിഗരറ്റ് കെടാതെ നോക്കുന്നതും മൂത്രമൊഴിക്കാനെന്നവണ്ണം അയാൾ രക്ഷപ്പെടുമെന്ന് കരുതി പിന്നാലെ കൂടുന്നതും എല്ലാറ്റിനുമവസാനം നിറഞ്ഞ തോടിനു വശം ചേർന്ന് മാല കൈക്കലാക്കിയ കള്ളന്റെ അരയ്ക്കും മുറുകെപിടിച്ച് എന്റെ മാല എനിക്കു വേണമെന്ന് പറഞ്ഞ് കരയുന്നതും. നിർണ്ണായക ഘട്ടത്തിൽ മനുഷ്യൻ തന്റെ സ്വത്വബോധത്തിൽ നിന്ന് എത്രമാത്രം അകലെയായരിക്കുമെന്ന് ഈ സന്ദർഭങ്ങൾ മനസ്സിലാക്കിത്തരുന്നു.

അവസാനം വരെ പിടിച്ചു നിൽക്കും സാറേ. നുണകൾക്ക് മുകളിൽ നുണകൾ നിരത്തിക്കൊണ്ട് ന്യായങ്ങൾ വാദിച്ചു കൊണ്ട് കള്ളൻ പ്രസാദ് ശ്രമിക്കുന്നത് അതിജീവനമല്ലാതെ മറ്റെന്താണ്? മാല വിഴുങ്ങിയിട്ടില്ല എന്ന് എത്ര സമർത്ഥമായാണ് അയാൾ പറയുന്നത്. ഒരു ഭാവവ്യത്യാസവും കൂടാതെ അയാൾ അഭിനയിച്ചു കൊണ്ടിരിക്കുകയാണ്. എസ്.ഐയിൽ നിന്ന് അടി കിട്ടിയിട്ടുപോലും സത്യം അയാൾ വെളിപ്പെടുത്തുന്നില്ല. നിഗൂഢമായൊരു ചിരിയിൽ ആദ്യ പകുതി അവസാനിക്കുന്നതുവരെ സിനിമ ഈ അനിശ്ചിതത്വം പേറുന്നു. ഭക്ഷണം കഴിക്കുന്ന കുട്ടിയെ നോക്കി ഈർഷ്യപ്പെടുന്ന പോലീസുകാരനോട് ഈ പ്രായത്തിലൊക്കെ "നല്ല വെശപ്പാ സാറേ" എന്ന് കള്ളൻ പറയുന്ന ഒരു സീൻ, ഈ ഒരിടത്തിൽ നിന്നു മാത്രമാണ് ഇയാളുടെ ഐഡന്റിറ്റി സിനിമയിൽ വെളിപ്പെടുന്നത്. അതെ എല്ലാറ്റിനും കാരണം വിശപ്പാണെന്ന് പോലീസുകാരൻ ഒരിടത്ത് അയാളെ ന്യായീകരിക്കുന്നുമുണ്ട്. വിശപ്പിന്റെ അതിജീവനമാണ് യഥാർത്ഥത്തിൽ അയാൾക്ക് മോഷണം. ഇവിടെ ഐഡന്റിറ്റി സ്വത്വബോധം അയാളെ ബാധിക്കുന്നു പോലുമില്ല. അതിജീവനം പ്രത്യയശാസ്ത്രമാകുന്നിടത്ത് സ്വത്വം മനുഷ്യന്റെ പരിഗണനാ വിഷയമല്ല

എന്നും തലയ്ക്കു മുകളിലുള്ളവരുടെ ഓർഡറിടലുകളെ അനുസരിക്കുകയും അവരെ പ്രീണിപ്പിക്കുകയും ചെയ്യുകയാണ് പോലീസുകാർ. സ്വന്തം നിലനിൽപ്പാണ് എല്ലാവരുടേയും പോലെ അവരുടേയും ആത്യന്തികമായ പ്രശ്നം. തല്ലിയും, തെറിവിളിച്ചും, നുണപറഞ്ഞും, പറയിപ്പിച്ചും ഈ ബാധ്യതകൾ അവർ തീർക്കുന്നുമുണ്ട്. എന്നാൽ അധികാരത്തിന്റെ ധാർഷ്ട്യങ്ങൾക്കപ്പുറം താൽക്കലികമായ മൂടുപടങ്ങൾക്കപ്പുറം അവർ സാധാരണ മനുഷ്യരാണ്. അപേക്ഷിക്കുകയും വിതുമ്പുകയും ചെയ്യുന്ന വെറും മനുഷ്യർ. പ്രസാദിനേയും ഭാര്യയേയും വീട്ടിലേക്ക് കാണാൻ വരുന്ന ചന്ദ്രൻ പോലീസിനെ ഓർക്കുക. ആ പോലീസുകാരൻ എത്ര സൗമ്യനാണ്. സ്വത്വമെങ്കിൽക്കൂടി സ്വന്തം നിലനിൽപ്പിന്റെ മാധ്യമം മാത്രമാണ് അവർക്ക് കാക്കി. തെളിയിക്കപ്പെടാതെ പോകുന്ന കുറ്റകൃത്യങ്ങളിൽ നഷ്ടപ്പെടുന്ന ഈ സ്വത്വബോധത്തിന്റെ തിരിച്ചെടുപ്പാണ് അവരുടെ ധാർഷ്ട്യം. എന്നാൽ ഇതിനെല്ലാം അവസാനം കുറ്റവാളിയും ഇരയും പരസ്പരം ഐക്യത്തിലെത്തുകയും മഞ്ഞുരുകുകയും ചെയ്യുന്ന നിമിഷത്തിൽ അധികാരപ്രയോഗങ്ങൾ നിഷ്പ്രഭമാകുകയും നീതിവ്യവസ്ഥയുടെ കെടുകാര്യസ്ഥതക്ക് മുഖത്തടികിട്ടുകയും ചെയ്യുമ്പോൾ അതിജീവനത്തിന്റേയും സംഘർഷങ്ങളുടേയും പാരമ്യമായ നിസ്സഹായവസ്ഥയിൽ എങ്ങനെയാണ് മനസ്സിന്റെ ഭാഷയിൽ മനുഷ്യൻ ധാരണകളിലെത്തിപ്പെടുകയെന്ന് സിനിമ ബോധ്യപ്പെടുത്തുന്നു.

അഭിനേതാക്കളുടെ അതിഭാവുകത്വമില്ലാത്ത അഭിനയപ്രകടനങ്ങളാണ് തൊണ്ടിമുതലിനെ നവാനുഭവമാക്കുന്നത്. സിനിമ പങ്കു വെക്കുന്ന വലിയ കാര്യങ്ങളെ കണ്ണുകളിലൂടെയും വേറിട്ട ചലനങ്ങളിലൂടെയും എത്ര തന്മയത്വത്തോടുകൂടിയാണ് ഫഹദും, സുരാജും, നിമിഷയും, അലൻസിയറുമെല്ലാം അവതരിപ്പിക്കുന്നത്. ചിത്രീകരണത്തിലും അഭിനേതാക്കളുടെ തിരഞ്ഞെടുപ്പിലും സംവിധായകനും അണിയറപ്രവർത്തകരും കാണിച്ച സൂക്ഷ്മത പോലീസുകാരായി അഭിനയിച്ചവരിലും മറ്റു കഥാപാത്രങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. എന്തിന് സിനിമയിൽ ഒന്നോ രണ്ടോ സീനിൽ വന്നവർ പോലും തങ്ങളുടെ വേഷം ശ്രദ്ധേയമാക്കി. രസകരമായ കാര്യം ഈ സിനിമയിൽ പോലീസുകാരായി അഭിനയിച്ചവരിലധികവും യഥാർത്ഥത്തിൽ പോലീസുകാരാണെന്നതാണ്. എടുത്തു പറയേണ്ട മറ്റൊന്ന് ഈ സിനിമയുടെ വൈകാരിക ചലനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച ബിജിപാലിന്റെ സംഗീതസാമീപ്യമാണ്. പശ്ചാത്തലത്തിലായാലും പാട്ടുകളിലായാലും അദ്ദേഹത്തിന്റെ ഈണങ്ങൾ സിനിമയുടെ വേറിട്ട തലങ്ങളിലേക്ക് ഉചിതമാണ്. അനേകം പാളികളുള്ളതാണ് ഈ സിനിമയുടെ കഥാബീജം. അതിജീവനത്തിന്റേയും നിലനിൽപ്പിന്റെയും സംഘർഷങ്ങളുടേയും കഥ പറഞ്ഞു കൊണ്ട് മനുഷ്യനോട് ചേർന്നു നിൽക്കുന്ന, മാറുന്ന മലയാള സിനിമയിൽ ശക്തമായ സാന്നിധ്യമാവുകയാണ് തൊണ്ടിമുതലും ദൃക്സാക്ഷിയും.

**അഭിരാം ഭാസ്ക്കർ**
രണ്ടാം വർഷം
ബി.എസ്.സി. സൈക്കോളജി

# മട

ഞാനോ നീയോ അവനോ എന്നായിരുന്നില്ല, ഞങ്ങളെന്ന വാക്കിനായിരുന്നു കൂടുതൽ പ്രസക്തി. അതെ Hostlers' അങ്ങനെയായിരുന്നു ഞങ്ങളെ വിളിച്ചിരുന്നത്. മങ്ങാടിക്കുന്നിന്റെ കരിങ്കാടുകൾക്കുള്ളിൽ കെട്ടിപ്പടുത്ത 207 മുറികൾ. കാലവും കലാലയവും പടിയിറങ്ങിയ കാരണവന്മാരും പേരിട്ടു വിളിച്ചത് പുലിമടയെന്ന്. എല്ലാ കുറവുകളും നല്ല പാഠങ്ങളാക്കാൻ പഠിച്ചതും രക്തബന്ധമില്ലാത്തവരും കൂടപ്പിറപ്പുകളാണെന്ന് മനസ്സിലാക്കിയതും ആ ചുമരുകൾക്കിടയിൽ നിന്നാണ്. എല്ലാവരും ഒരുമിച്ച് കഴിച്ച സാമ്പാറും ചോറും. സ്നേഹമുള്ളവർക്ക് ബീഫ് അധികം തന്ന് സന്തോഷിപ്പിക്കുന്ന പൈലിയേട്ടൻ, ചപ്പാത്തിക്ക് വേണ്ടി പിടിയും വലിയും കൂടുന്ന ഡേവിസ് ഏട്ടൻ, പിന്നെ ചായ തരുന്ന മണിയേട്ടൻ. ബിരിയാണിക്ക് ശേഷമുള്ള ബീഡി, റേഷൻപോലെ ബീഡി കിട്ടാൻ ഒരു ബീഡിമുക്കും. അവിടെ അമ്പാടിയും, സഹവാസിയും, മച്ചാനും, തേപ്പനും, കുരുവിയും, അങ്ങനെ ഒരുപാട് പേർ.

തിണ്ണയിലെ മങ്ങിയ വെളിച്ചത്തിലെ എട്ടരയുടെ ഫോൺ കോളുകൾ, കട്ടയിടാൻ കാശില്ലാതെ വള്ളി നിക്കറിട്ട് മുറികളായ മുറികളിൽ ഇരക്കുന്ന വലകൾ . തെറികളും അശ്ലീലവും അലങ്കാരമാക്കിയ രാത്രികൾ. സൗഹൃദത്തിനു മുമ്പിൽ നഗ്നതക്ക് മറയില്ല എന്ന് തെളിയിക്കുന്ന തുറന്ന കുളികളും. ഒടുവിൽ പടിയിറങ്ങുമ്പോൾ കെട്ടിപ്പിടിച്ച് കരയാൻ അനേകം കൂട്ടുക്കെട്ടുകളും. ഒരുപാട് നന്ദിയും കടപ്പാടുമുണ്ട്. പക്ഷേ അത് ഏറ്റവും അർഹിക്കുന്ന ഒരാളിന്നിവിടെ ഇല്ല. ഞങ്ങളുടെ തെക്കനച്ചൻ. കേറിവാടാ മക്കളേ എന്നെഴുതിയ ഒരു കതക് ഇന്നും അവിടെ ഉണ്ടെന്ന് അറിയാം. ഇതൊരു തിരിച്ചു വരവില്ലാത്ത മടക്കം. എല്ലാം താൽക്കാലികം. അതൊക്കെ ഒരു നല്ല ഓർമ്മയായ് ഇന്നും നിൽക്കുന്നു. വേദനയുണ്ടെങ്കിലും ആശ്വസിക്കാം. ഞങ്ങളിന്നു ചായത്തിൽ ചാലിച്ച അക്ഷരങ്ങളായ് ആ ചുമരുകളിലും മേൽക്കൂരകളിലും ജീവിക്കുന്നു. എരിഞ്ഞമർന്ന ബീഡിക്കുറ്റികൾക്കും പൊടിപ്പിടിച്ച കാലിക്കുപ്പികൾക്കും പറയാനുണ്ടാവും. ഞങ്ങൾ ബാക്കി വച്ച കഥകൾ.

THE END OF AN ERA

**മുഹമ്മദ് റാഷിദ്**
മൂന്നാം വർഷം
ബി.എസ്.സി. ജിയോളജി

അഹങ്കരിച്ചിട്ടേയുള്ളൂ ക്രൈസ്റ്റിനേക്കാൾ
ഉയരത്തിൽ നിൽക്കുന്ന
മൂന്നു നില കെട്ടിടത്തെയോർത്ത്
പ്രണയിച്ചിട്ടുണ്ട്,
ബോബ് മാർലിയെയും ചെഗുവേരയെയും
ഗർഭം പേറുന്ന ചുമരുകളെ
ഹോസ്റ്റൽ മെസ്സാണ്
ഞങ്ങൾക്ക് സാന്റാക്ലാര
അതുകൊണ്ടാവും ഞങ്ങളുടെ സ്വത്വത്തിന്
കാലം പുലിമടയെന്ന് മുദ്ര കുത്തിയത്.

Far in a land cries a bird
Down it lies fallen from flight
Oh ! its wings are broken
Once it conquered the skies
Flew long along heights
Now its wings are broken...
Darted by racist minds, it
Fell into the boil of rage
There it flutters in pain
Where has gone the fleat
Left alone to suffer in turmoil
The life it dreamt of and
The miles and miles to cross,
Built a wall in between
Together comes thousand hands
And smashed down the wall
Rises up the fallen bird
Flee far to the eternal sky...



**Megha Prasad**
Ist Year
B.A. Functional English

# ഇതെന്ത് കഥ ?

കഥ പറയണം
കഥ എഴുതണം
കഥാകാരിയാകണം
കഥ കേട്ടും കഥ വായിച്ചും
കാറ്റിനേയും കിളികളേയും
സൂര്യനേയും അറിഞ്ഞു
എന്നാൽ,
അവരെന്നെ
മുത്തലാഖിൽ മൂലക്കിരുത്തി
ലിംഗശൂലത്താൽ
കഥയാക്കിമാറ്റി
വെറുമൊരു കഥ...

**സ്നേഹ ജോസഫ്**
രണ്ടാം വർഷം
ബി.എസ്.സി. സൈക്കോളജി

# മതമുണ്ട് സൂക്ഷിക്കുക...



എനിക്ക് ഇന്നും പിടികിട്ടാത്ത ഒരു കാര്യമുണ്ട് ആളുകൾ എന്തിന് മതം മാറുന്നു? പാവപ്പെട്ടവരെ നിർബന്ധിച്ചു മതം മാറ്റുന്ന കാര്യമല്ല. പണക്കാരും (Middle class) എന്തിന് മതം മാറുന്നു?. ഒരു മതത്തിൽ നിന്ന് മറ്റൊരു മതത്തിലേക്ക് മാറണമെങ്കിൽ സ്വന്തം മതത്തിനില്ലാത്ത എന്തെങ്കിലും ആ മതത്തിനു വേണം. ഒരു മതത്തിനും മറ്റൊരു മതത്തിനേക്കാൾ മികവ് എനിക്കിന്നേവരെ കണ്ടെത്താനായിട്ടില്ല. എല്ലാ മതങ്ങളും ഒരുപോലെ മോശമാണ്.

ഇനി മറ്റൊരു മതത്തിൽ കൂടുതൽ താല്പര്യമുണ്ടെങ്കിൽ ഔദ്യോഗികമായി മതം മാറണമെന്നുണ്ടോ? ഔദ്യോഗിക രജിസ്റ്ററിൽ പെടാത്ത വിശ്വാസികളെ അതത് മതത്തിന്റെ ദൈവങ്ങൾ അനുഗ്രഹിക്കില്ലേ?

ലോകത്തിൽ തന്നെ ഏറ്റവും മുന്നിട്ടു നിൽക്കുന്ന മരണകാരണങ്ങളിലൊന്നാണ് മതം. മതം ലോക മഹായുദ്ധങ്ങളേക്കാളും പ്ലാഗിനേക്കാളും അധികം ആളുകളുടെ മരണത്തിന് കാരണമായിട്ടുണ്ട്. ലോകത്തിലെ ഏറ്റവും സന്തുഷ്ടരായ ജനങ്ങളുള്ള രാജ്യങ്ങൾ ലോകത്തിൽ ഏറ്റവും മതവിശ്വാസികൾ കുറഞ്ഞ രാജ്യങ്ങളാണ്. സ്നേഹിക്കാൻ പഠിപ്പിച്ച ദൈവത്തിന്റെ പേരിൽ തമ്മിൽതല്ലുന്നുണ്ടെങ്കിൽ മതത്തിന് എന്തോ പ്രശ്നമുണ്ട്. അതുകൊണ്ടുതന്നെ കുറ്റം പറഞ്ഞെഴുതാനും വിരോധാഭാസത്തിന് ഉദാഹരണം പറയാനും മതം കഴിഞ്ഞിട്ടേ മറ്റെന്തുമുള്ളൂ.

ചരിത്രം ശ്രദ്ധിച്ചാൽ മനസ്സിലാവുന്ന ഒരു കാര്യമുണ്ട്. ജനങ്ങളെ നിയന്ത്രിക്കാനും സ്വാധീനിക്കാനും ഉപയോഗിക്കുന്ന ഒരു ഉപകരണമാണ് മതം. മതങ്ങളുടെ ഉയർന്ന സ്ഥാനങ്ങളിലുള്ളവർ രാജാക്കന്മാരുടെ അത്രയും ശക്തരാണ്. യൂറോപ്പിൽ പല കാലങ്ങളിലും രാജാക്കന്മാരേക്കാൾ ശക്തരായ പോപ്പുകൾ ഉണ്ടായിട്ടുണ്ട്. ഭരണഘടനയിലെ നിയമങ്ങളേക്കാൾ ശക്തിയുള്ളവയാണ് മതത്തിന്റെ നിയമങ്ങൾ. ഭരണഘടനയിലെ നിയമങ്ങൾ ജനങ്ങളുടെ നന്മയ്ക്കുള്ളതാണെന്ന ധാരണയോ തെറ്റിദ്ധാരണയോ ഉണ്ടാക്കുന്ന ബാധ്യത സർക്കാരിനുണ്ട്. എന്നാൽ, മതത്തിനതിന്റെ ആവശ്യമില്ല. എത്ര മണ്ടൻനിയമമാണെങ്കിലും വിശ്വാസികൾ അതിനെ ന്യായീകരിച്ചുകൊള്ളും. ചിലപ്പോഴൊക്കെ ആ ന്യായീകരണങ്ങൾക്ക് തെറ്റായ ശാസ്ത്രത്തിന്റെ സഹായവും ഉപയോഗിക്കാറുണ്ട്.

മിക്കാവറും മതങ്ങൾ പൊതുവായി പറയുന്ന ഒരു കൂട്ടം കാര്യങ്ങളുണ്ട്. (1) ദൈവം ആകാശത്തിരുന്ന് നിങ്ങളെയെല്ലാം നിരീക്ഷിക്കുന്നുണ്ട് (2) ദൈവത്തിന് ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്താൽ നല്ലത് ലഭിക്കും (3) ദൈവത്തിന് ഇഷ്മില്ലാത്തത് ചെയ്താൽ നിങ്ങളുടെ കാര്യം പോക്കാണ്. ഇതിൽ ദൈവത്തിന്റെ കാര്യം ഒന്നും പറയാനില്ല. ദൈവമുണ്ടെന്ന് പറയാൻ ഞാനിതുവരെ ആളെ കണ്ടിട്ടില്ല. എന്നാൽ, ഞാൻ കാണാത്തതുകൊണ്ട് മാത്രം ദൈവം ഇല്ലെന്നും പറയാൻ പറ്റില്ല. ഞാൻ ദുബായ് കണ്ടിട്ടില്ല. അപ്പൊ ദുബായ് ഇല്ലേ ? ദൈവമെന്നാൽ ഒരു *non-fasilable theory* ആണ്. അതായത് ഉണ്ടെന്നോ ഇല്ലെന്നോ തെളിയിക്കാൻ പറ്റാത്ത ഒന്ന് അത്തരം കാര്യങ്ങളിൽ ശാസ്ത്രത്തിനൊന്നും ചെയ്യാനില്ല. പ്രപഞ്ചത്തിലെ ഒരു കാര്യവും വിശദീകരിക്കാൻ ദൈവം എന്നൊരു അനുമാനം ആവശ്യമില്ല. പക്ഷേ, അങ്ങനൊരു അനുമാനം നിങ്ങൾക്ക് സഹായകമായി തോന്നുന്നുണ്ടെങ്കിൽ നിങ്ങളെ ആരും തടയുന്നുമില്ല. എന്നാൽ, മതം പറയുന്ന രണ്ടാമത്തെയും മൂന്നാമത്തേയും കാര്യങ്ങൾ തീരെ യോജിക്കുവാൻ കഴിയാത്ത കാര്യങ്ങളാണ്.

ഭീതിയും പ്രലോപനവും - ഇത് രണ്ടുമാണ് മതത്തിന്റെ ഉപകരണങ്ങൾ "ദൈവത്തിന് ഇഷ്ടമുള്ളതാൽ നിങ്ങൾക്ക് നല്ലതുവരും." സ്വാഭാവികമായും ചിലർക്ക് നല്ലതും ചിലർക്ക് ചീത്തയും സംഭവിക്കും. നല്ലത് സംഭവിച്ചാൽ കടുത്ത വിശ്വാസികളാവും. അല്ലാത്തവർ ചോദ്യം ചെയ്യും. അവരോട് പറയും "നിങ്ങൾ സ്വർഗ്ഗരാജ്യത്തിലേക്ക് പോകും. കഷ്ടപ്പാടുകൾ ദൈവംതരുന്ന വിശ്വാസത്തിന്റെ പരീക്ഷണങ്ങളാണ്." അതുകൊണ്ട് പാവപ്പെട്ടവർ എത്രകാലം പാവപ്പെട്ടവനായി തീർന്നാലും അവന്റെ വിശ്വാസത്തിന് ഒരു കോട്ടവും തട്ടില്ല. അതുപോലെ തന്നെ ക്രൂരനായവൻ സുഖിച്ചു ജീവിക്കുന്നത് കണ്ടാൽ അവനൊക്കെ മരിക്കുമ്പോൾ നരകത്തിൽ പോകുമെന്ന് പറഞ്ഞ് ആശ്വസിക്കും. അങ്ങനെ സമൂഹത്തിന് ഏറ്റവും ആവശ്യമുള്ള താഴെക്കിടയിലെ ജനങ്ങളെ സംതൃപ്തരായി നിലനിർത്താം.

ഉദാഹരണമായിട്ട് രണ്ട് വചനങ്ങൾ പറയാം :

" ദൈവത്തിൽ വിശ്വാസമർപ്പിച്ചിട്ട് നന്മ പറയുക;
അപ്പോൾ ഭൂമിയിൽ സുരക്ഷിതനായി വസിക്കാം"
(സങ്കീർത്തനങ്ങൾ 37:3)

" ആരെങ്കിലും ഒരു സത്യവിശ്വാസിയെ കൊല്ലുന്ന
പക്ഷം അവനുള്ള പ്രതിഫലം നരകമാകുന്നു"
(ബൈബിൾ)

ഇവിടെ രണ്ടിടത്തും വാചകങ്ങൾക്ക് രണ്ടു ഭാഗങ്ങളുണ്ട്. ആദ്യത്തെ ഭാഗം എന്ത് ചെയ്യണമെന്നോ എന്ത് ചെയ്യരുതെന്നോ പറയുന്നു. രണ്ടാമത്തെ ഭാഗം പ്രതിഫലത്തെയും ശിക്ഷയെയും കുറിച്ച് പറയുന്നു. അല്ലെങ്കിലും തന്നെ സ്തുതിക്കാത്ത മനുഷ്യനെ നരകത്തിലേക്ക് അനന്തകാലം നരകിക്കാൻ വിടുന്ന ദൈവം ആ പേര് വിളിക്കപ്പെടാൻ അർഹത യുണ്ടോ ?

ഞാൻ പറഞ്ഞതിനോടൊക്കെ നിങ്ങളിൽ പലർക്കും കടുത്ത വിയോജിപ്പുണ്ടാകും. ഒരു പക്ഷേ എനിക്ക് തെറ്റ് പറ്റിയതാവാം. പക്ഷേ ഞാൻ എത്ര കാരണസഹിതം ഇതൊക്കെ തെളിയിച്ചാലും നിങ്ങൾ അംഗീകരിക്കില്ല. ഞാൻ ക്രൂരമായ ഭാഷ ഉപയോഗിക്കുകയും, നിങ്ങളുടെ മതത്തിനെ പ്രത്യേകം വിമർശിക്കുകയും ചെയ്തു. ഒരു പക്ഷേ, എനിക്ക് നിങ്ങളിൽ അമർഷം ജനിപ്പിക്കാൻ കഴിയും. ഞാൻ എത്ര തെളിവുകൾ നിരത്തിയാലും നിങ്ങൾ കൂടുതൽ ശക്തമായി അതിനെ എതിർക്കുന്ന പ്രതിഭാസത്തെയാണ് സായിപ്പ് *" Backfire effect "* എന്ന് വിളിച്ചത്.

തലച്ചോറ് അതിനുചുറ്റുമൊരു ലോകം സൃഷ്ടിക്കും. അറിയാവുന്ന കാര്യങ്ങളും വിശ്വാസങ്ങളും ഉപയോഗിച്ചുണ്ടാക്കിയ സുരക്ഷിതമായ ഒരു ലോകം. അവിടെയാണ് തലച്ചോറ് ജീവിക്കുന്നത്. യാതൊരു അനിശ്ചിതത്ത്വവും ഇല്ലാതെ; പക്ഷെ ഈ ചെറിയ ലോകത്തിന് വിള്ളൽ വീഴാവുന്ന എന്തെങ്കിലും മറ്റൊരാൾ പറഞ്ഞാൽ തലച്ചോറ് പ്രതികരിക്കും. ഇത് നമ്മളിലെല്ലാവരിലുമുണ്ട്. മതത്തിന്റെ കാര്യത്തിൽ മാത്രമല്ല കാതലായ ഏത് വിശ്വാസങ്ങളെ സംബന്ധിക്കുന്ന കാര്യമാണെങ്കിലും ഈ പ്രതിഭാസം കാണാം. ചെറുപ്പം മുതൽ നിങ്ങളിൽ കുത്തിനിറച്ച വിശ്വാസങ്ങളെ എനിക്കൊന്നും ചെയ്യുവാൻ കഴിയില്ല. നമുക്കൊന്നെ ചെയ്യാനുള്ളൂ. മുൻധാരണകളില്ലാതെ ശരിയേയും തെറ്റിനേയും വേർതിരിച്ചറിയുക. നിന്നിലെ *Backfire effect* നീ തന്നെ തിരിച്ചറിയുക. ദൈവത്തിന്റെ സ്വർഗ്ഗരാജ്യം നിന്റെ ഹൃദയത്തിലാണ്. മറ്റെവിടെയുമല്ല.

**രോഹിത് നന്ദകുമാർ**
**രണ്ടാം വർഷം**
**ബി.എസ്.സി. സുവോളജി**

ചോര പുരണ്ട കത്രിക കൈയ്യിൽ പിടിച്ച് ആ കിളവി എന്തോ ഉറക്കെ ചൊല്ലി. അവരുടെ കറുത്ത ചുണ്ടുകൾക്കിടയിലെ കറപുരണ്ട പല്ലുകൾ അനങ്ങിയപ്പോഴൊക്കെയും ഒരു ശാപം ഏറ്റുവാങ്ങുന്നത് പോലെ ഞാൻ പിടഞ്ഞു. പക്ഷേ എന്റെ രണ്ട് കാലിനെയും വശങ്ങളിലേക്ക് വലിച്ച് പിടിച്ച് തുടകളെ അകത്തി മാറ്റാൻ അമ്മായിമാർ ഉണ്ടായിരുന്നു. കൈകൊണ്ട് അവരെ തട്ടിമാറ്റാൻ മുതിർന്നപ്പോൾ ഉമ്മയുടെ പിടിയിൽ ഞാൻ മുറുകി.

എന്റെ മഞ്ഞ പാവാട ഉയർത്തി, യോനിയിൽ കിളിർത്ത ചെറുരോമങ്ങളിൽ ആ കിളവിയുടെ വിരലുകൾ പതിഞ്ഞു. വീണ്ടുമൊന്ന് പിടയാനൊരുങ്ങിയപ്പോഴേക്കും കിളവിയുടെ ആർത്തി മൂത്ത കത്രിക എന്റെ യോനീ നാളത്തെ കടിച്ച് പറിച്ചെടുത്തു. വേദന ഓരോ ഞരമ്പിലേക്കും ആളിപടർന്നപ്പോൾ ഒന്നനങ്ങാൻ പോലുമാവാതെ ഞാൻ അലറി. പക്ഷേ, പിന്നീടലറാൻ സമ്മതിക്കാതെ അവരെന്റെ വായ മൂടികെട്ടി. തൊണ്ടയിൽ കുരുങ്ങിയ ശബ്ദത്തെ ചുമരുകൾക്കപ്പുറത്തേക്ക് എത്തിക്കാൻ ശ്രമിക്കുന്നതിനിടയിൽ കിളവിയുടെ കത്രിക യോനിയുടെ ചെറിയ ഇതളുകളേയും കടിച്ചെടുത്ത് കഴിഞ്ഞിരുന്നു. കവിളിനെ പൊള്ളലേൽപ്പിച്ചൊഴുകിയ കണ്ണീരിനുപോലും അപ്പോൾ ചോരയുടെ ഗന്ധമായിരുന്നു.

> അങ്ങ് ദൂരെ കേരളത്തിലും ഫീമെയിൽ ജെനൈറ്റൽ മ്യൂട്ടിലേഷൻ

വേദന തളർത്തിയ ശരീരം പിന്നെയും ആരുടെയൊക്കെയോ കൈപ്പിടിക്കുള്ളിൽ മുറുകി കൊണ്ടിരുന്നു. എന്നിട്ടും മതിയാവാതെ എന്റെ യോനിയുടെ വലിയ ഇതളുകളേയും ആ കിളവി തുന്നിച്ചേർക്കുകയായിരുന്നു. അങ്ങനെ 12 കൊല്ലം വിടർന്നുനിന്ന എന്റെ സ്ത്രീ അവയവം വെറുമൊരു ചെറു ദ്വാരമായ് ചുരുങ്ങി... പെണ്ണായ് പിറന്നതിന്റെ അഴുക്ക് മാസം തോറും ഒഴുക്കി തീർക്കാൻ മാത്രം അവരതിനെ ബാക്കി നിർത്തി.

എപ്പോഴോ അവരുടെ കൈകളും, കിളവിയുടെ കത്രികയും എന്റെ ശരീരത്തിൽ നിന്ന് മെല്ലെ പിൻവലിഞ്ഞു. പകുതി ജീവനിൽ അമറി കൊണ്ടിരുന്ന എന്നെ തലോടി ഉമ്മ പറഞ്ഞു, ഇയ്യ് കരയണ്ട, ആ എറച്ചിയൊന്നും മേത്ത് വെച്ചൂട..... സൂക്കേടിണ്ടാവും.... മ്മ്ള് ഒരുത്തന്റെ കുട്ട്യോളെ പെറാൻ ഉള്ളതാ... അയിന് ഇത്രേം മതി .... ബോധം മറയുമ്പോഴും ആ അവസാന വാക്ക് മാത്രം ഉള്ളിൽ നിറഞ്ഞു.- മ്മ്ള് ഒരുത്തന്റെ കുട്ട്യോളെ പെറാൻ ഉള്ളതാ... അയിന് ഇത്രേം മതി ....

**അരുന്ധതി രാജ്**
രണ്ടാം വർഷം
ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്

# ചേലാകർമ്മം



# മനക്കണക്ക്



"കാക്കയെല്ലാം കൂട്ടിക്കയറാറായി കുളിക്കുന്നില്ലെടാ കഴുതേ" എന്ന സൈറൺ അടുക്കളയിൽനിന്നും എന്നും വൈകുന്നേരങ്ങളിൽ മുഴങ്ങുമ്പോൾ എനിക്ക് ഒരു വിനോദമുണ്ടായിരുന്നു. വീടിന്റെ ഉമ്മറത്ത് പോയി ഇരുന്നാൽ എന്നും ഒരു, കള്ളുകുടിയൻ അതുവഴി പോകും. വീടിന്റെ പടിവരെ ഒരിറക്കമാണ് അവിടുന്ന് അത് തിരിഞ്ഞ് മറ്റോരു ദിശയിൽ മുന്നോട്ട് പോകും. കുടിയൻ എന്നും വൈകുന്നേരങ്ങളിൽ വരും. ചുരുണ്ട മുടിയാണ് ക്ഷൗരം പൊതുവെ ചെയ്യാറില്ല. നരച്ച കുറ്റിരോമങ്ങൾ, അയാൾ ഇറക്കം കഴിയുമ്പോഴേക്കും മുണ്ടഴിഞ്ഞിട്ടുണ്ടാവും. പിന്നെ വീടിന്റെ പടിക്കൽ നിന്നിട്ടാണ് അത് ശരിയാക്കുക എന്നും അയാളുടെ ഷഡ്ഡിയുടെ നിറം നോക്കലായിരുന്നു എന്റെ വിനോദം. പച്ച, നീല, ചുവപ്പ് അങ്ങനെ അങ്ങനെ. ഒരു നാലാം ക്ലാസ്സുകാരന്റെ കൗതുകം.

നിരന്തരമായ വീക്ഷണങ്ങളിൽനിന്നും എനിക്ക് ഒരു കാരണം മനസ്സിലായി കൃത്യമായ ഒരു ക്രമത്തിലാണ് അയാൾ എന്നും അയാളുടെ ഷഡ്ഡിയുടെ നിറം തിരഞ്ഞെടുക്കാറ്. പച്ച, നീല, ചുവപ്പ് വീണ്ടും കൃത്യമായി പച്ച, നീല, ചുവപ്പ് അങ്ങനെ.

അയാൾ വരുന്ന സമയം, ഉമ്മറത്തേക്ക് ഇറങ്ങാതെ ത്തന്നെ, അന്നയാൾ ഏത് നിറമാണ് ധരിച്ചിരിക്കുന്നത് എന്ന് മനക്കണക്ക് കൂട്ടാൻ വരെ എനിക്ക് സാധിച്ചു. എന്നിട്ട് അത് ജനലിലൂടെ വിളിച്ചു പറയും. അയാൾ തന്റെ ആടുന്ന തലകൊണ്ട് ഒന്ന് പൊക്കിനോക്കുക മാത്രം ചെയ്യും, അയാളുടെ കയ്യകലത്തിൽ ചെല്ലാതിരിക്കാൻ ഞാൻ ശ്രദ്ധകാണിച്ചു

സ്കൂൾ വിട്ട് വരുന്ന വഴി ബസ്സ് കേടായി, ബസ്സിലുണ്ടായിരുന്നവർ നടന്നും ഓട്ടോ പിടിച്ചും പോയ്കൊണ്ടിരുന്നു. ആളുകൾ കുറഞ്ഞു, ഒടുവിൽ ആരുമില്ലാതയി. അതാ വരുന്നു കുടിയൻ, മുകളിലെ കശുമാവിൻതോട്ടത്തിൽ നിന്നും നാരായണിയുടെ വാറ്റ അകത്താക്കാനുള്ള വരവായിരിക്കണം. ഞാൻ കണ്ണും പൂട്ടിയിരുന്നു ഒരടിയും പ്രതീക്ഷിച്ചുകൊണ്ട്. കണ്ണ് തുറന്ന് ഒന്ന് പാളിനോക്കി കലങ്ങിയ കണ്ണുകളുമായി അയാൾ എന്നെതന്നെ നോക്കി നിൽക്കുന്നു. അൽപനേരം ആ നിൽപുതുടർന്നു. എന്നിട്ട് വഴിയെപോയ ഒരു ഓട്ടോ കൈകാട്ടി നിറുത്തി, വൈകുന്നേരത്തെ തന്റെ മനക്കണക്കിനുള്ള അൻപതുരൂപ എടുത്ത് ഓട്ടോക്കാരന് കൊടുത്ത് സ്ഥലവും പറഞ്ഞ് കൊടുത്ത് അയാൾ അവിടെ തന്നെ നിന്നു. ഓട്ടോ കണിൽ നിന്നും മറയുന്നതവരെ.

അന്ന് വൈകീട്ട് അയാൾ അടാതെ മുണ്ടഴിയാതെ നടന്നുപോയി. അയാൾ എന്നോട് കാണിച്ചത്, ചിലപ്പോൾ നാരായണി അയാളോട് കാണിച്ചിട്ടുണ്ടാവില്ല. അയാൾ ആടാതെ മുണ്ടഴിയാതെ നടന്നുപോയി.

**കുര്യാക്കോസ് ജൂനിയർ**
രണ്ടാം വർഷം
ബി.എസ്.സി. സുവോളജി

# പാതി വെന്ത തിരക്കഥ



ഒരു ചുടുകാടാണ്.
അസ്ഥിമജ്ജകളെ കുത്തിത്തുളക്കുന്ന ഒരു തരം തണുപ്പ് ആ പ്രദേശത്തെങ്ങും തങ്ങി നിൽക്കുന്നുണ്ട്.അങ്ങിങ്ങായി ദഹിച്ച് ചാരമായ് അവശേഷിച്ച് കിടക്കുന്ന മനുഷ്യർ.
ഇരുട്ടിന്റെ കാഠിന്യത്തെ ഭയാനകമാക്കുന്നത് കത്തിയൊടുങ്ങാത്ത ഒരു ചിതയായിരുന്നു. വെന്ത മനുഷ്യമാംസത്തിന്റെ രൂക്ഷഗന്ധം അന്തരീക്ഷത്തെ ആവരണം ചെയ്തു.
എരിഞ്ഞു തീർന്നിട്ടില്ലാത്ത ആ ശരീരത്തെ ലക്ഷ്യമാക്കി അവൻ നടന്നടുത്തു.
കൊന്നുതള്ളിയിട്ടും രക്തതിളപ്പു മാറാത്ത ആ യൗവനത്തിന് പിന്നെയും എന്തൊക്കെയോ പറയാനുണ്ടെന്ന് ചലനമില്ലാത്ത അസ്ഥികൾ പൊട്ടുന്ന ശബ്ദം അവനോട് മന്ത്രിച്ചു.
കൈയിൽ കരുതിയിരുന്ന ഒരു കെട്ട് കടലാസ്സുകൾ അവനാ ചിതക്ക് നേരെ പതുക്കെ നീട്ടി. അതിനെ എത്തിപ്പിടിക്കാനുള്ള ആർത്തികൊണ്ട് നാവു നീട്ടുന്ന തീ ജ്വാലകളെ നോക്കി അവനൊന്ന് അമർത്തി ചിരിച്ചു.
ആ കടലാസുകൾക്ക് എരിഞ്ഞു കൊണ്ടിരിക്കുന്ന ആ ജീവന്റെ വിലയുണ്ടായിരുന്നു. എഴുതിക്കൂട്ടിയ ആ കെട്ടു കഥകൾ എഴുതാൻ പാടില്ലാത്തത് ആയിരുന്നത്രേ...
അയിത്തം കൽപ്പിക്കപ്പെട്ടിരുന്നവർ വിളിപ്പാട് അകലെ ഓച്ഛാനിച്ച് നിൽക്കണം എന്ന സാമൂഹ്യ നിയമം തെറ്റിച്ചവന് ഇതിൽ കുറഞ്ഞ ശിക്ഷയുണ്ടോ...!!
ജ്വാല വിഴുങ്ങാൻ ശ്രമിച്ച ആ കടലാസുകൾ അവൻ തട്ടി കുടഞ്ഞ് വാരിപ്പുണർന്നു. അങ്ങനെ നശിപ്പിച്ച് കളയാൻ തോന്നുന്നില്ല.
കാരണം അതവന്റെ ജീവിതമായിരുന്നു.
വെള്ള പുതച്ച ആ മനുഷ്യൻ പതുക്കെ എഴുന്നേറ്റു.
ആ ചിതയിലേക്ക് ഒരിക്കൽ കൂടി നോക്കി. ഞാനെന്ന ശരീരം മാത്രം ഇവിടെ അവസാനിക്കുന്നു.
ഏതോ നക്ഷത്രത്തെ ലക്ഷ്യമാക്കി അവൻ നടന്നകന്നു.
ദളിതൻ എന്ന അലങ്കാരം അവിടെ അഴിച്ചുവെച്ച്,
പാതി വെന്ത ഒരു തിരക്കഥ മാത്രം അവിടെ അവശേഷിപ്പിച്ചു കൊണ്ട്...
ആരുടെയെങ്കിലും വായന കൊണ്ട് അത് പൂർണമാകട്ടെ!!

---

നെറ്റിയിലൊട്ടിച്ച പിഎച്ച്ഡിയും
അട്ടത്ത് തൂങ്ങുന്ന പ്രോജക്ടർ-
ചുമരിനുനേരെ തുപ്പിയ അക്ഷരങ്ങളും,
അനാഥരായ ചോക്ക് കഷ്ണങ്ങളും,
സെമസ്റ്റർ സിസ്റ്റം-
ബലാത്സംഗം ചെയ്ത മസ്തിഷ്ക്കങ്ങളും,
വേരുകൾ പിഴുതെറിഞ്ഞ്
അതിന് മുകളിൽ ഉയർത്തിയ ഇമാരത്തുകളും.......
ക്ലോക്ക് ടവറിലെ-
ചത്ത സൂചികൾക്കിപ്പുറത്തേക്ക്
കാലം കണ്ടെത്തിയ ഓട്ടോണമിയുടെ-
അടയാളങ്ങളാണ്.

# കാണരുതാത്തത്

രാത്രി ഏറെ വൈകിയിരുന്നു.

വളരെ സുരക്ഷിതമായ് പൂട്ടിരുന്ന ആ മുറിയിൽനിന്നും കുലീനയായ ആ യുവതി പുറത്തേക്ക് വന്നു.

പാറാവുകരനെ പതുക്കെ ഒന്ന് വിളിച്ച് നോക്കി നല്ല ഉറക്കത്തിലാണ്. എന്നും ഒച്ചയും അനക്കവുമുള്ള ആ വലിയ മുറ്റം ശാന്തമായ് ഉറങ്ങുന്നത് അത്ഭുതത്തോടെ ആ സ്ത്രീ നോക്കി.....നിശബ്ദത.

ആരും തന്നെ ശ്രദ്ധിക്കുന്നില്ലയെന്ന് ഉറപ്പ് വരുത്തിയ ശേഷം തിരികെ മുറിയിലേക്ക് കടന്ന് കതക് മെല്ലെ ചാരി. ഒരു സീറോ വാൾട്ട് ബൾബിന്റെ കുഞ്ഞു വെളിച്ചം മാത്രം.

പതുക്കെ ആ വലിയ പുസ്തകം എടുത്തു ഓരോ ഇതളുകൾ മറിച്ചു തുടങ്ങി. സ്വാതന്ത്ര്യം, മതേതരത്വം, ജനാധിപത്യം....കനമുള്ള വാക്കുകൾകൊണ്ട് ഒരോ താളും കുത്തിനിറച്ചിരിക്കുകയാണ്.

പഴയ പുസ്തകങ്ങൾക്ക് മാത്രം കണ്ട്വരുന്ന ഒരു പ്രത്യേക മണം വല്ലാതെ ത്രസിപ്പിക്കുന്നുണ്ടായിരുന്നു. ഓരോ വാക്കും വരിയും മനോഹരമായ ഗൃഹാതുരത്വത്തിന്റെ അനുഭൂതിയായിരുന്നു. പഴയ കത്തിലെ പ്രണയം വായിക്കുന്ന കാമുകിയുടെ കുസൃതിയോടെ ഒരോ വരിയും അവർ കണ്ണോടിച്ചു.

പുസ്തകപ്പുഴു കാർന്നുതിന്ന ഒരു ഭാഗം യോചിപ്പിച്ച് വായിക്കാൻ നോക്കി. അഭിപ്രായ സ്വാതന്ത്ര്യം, അയ്യോ ചിരിച്ചതല്ല.....ചിരി വന്നു പോയതാണ്. താൻ എഴുതിയതിനെക്കുറിച്ചോർത്ത് പശ്ചാത്തപിച്ച് ഒടുവിൽ സ്വയം വെടിവെച്ചു മരിച്ച ഒരു പത്രപ്രവർത്തകയെ ഓർമ്മ വന്നു.

പിന്നെയും താളുകൾ പലതും മറിച്ചു. ഒരുപാട് തവണ ചിരിച്ചു. ചിലയിടത്ത് കരഞ്ഞു. നെടുവീർപ്പിട്ടു.

ശ്വാസം വലിക്കാൻ സ്വാതന്ത്ര്യമില്ലാതെ മരിച്ച കുഞ്ഞുങ്ങളുടെ മണം ഉണ്ടായിരുന്നു ഒരു താളിന്. തക്കാളപ്പെട്ടിയിൽ അടക്കപ്പെട്ട ധീരജവാന്റെ കണ്ണീരുണ്ടായിരുന്നു മറ്റൊന്നിന്. പെണ്ണിന്റെ മാനത്തിന് വില പറഞ്ഞവന്റെ കണ്ണിലെ അട്ടഹാസമുണ്ടായിരുന്നു.

കാണാതായ മകനെ തിരയുന്ന അമ്മയുടെ സങ്കടമുണ്ടായിരുന്നു. ജീവിച്ച് കൊതിതീരാത്ത കുറേ പാവം മനുഷ്യർ. അവരുടെ നെടുവീർപ്പുകൾ. അങ്ങനെ. അങ്ങനെ.... വിട്ടു പോയ ചില താളുകൾക്ക് പകരം മറ്റുചിലത് തുന്നി ചേർത്തിരുന്നു. പശു, ആട്, എന്റെ മതം, നിന്റെ മതം, ഉയർന്ന കുലം, താഴ്ന്ന കുലം, ജാതി, തീവ്രവാദം, ഭീകരത, ജിഹാദി, അഴിമതി, ആരോപണം, ഹർത്താൽ, ബന്ദ് പിന്നെയും എന്തൊക്കെയോ.

വായിക്കാതിരിക്കുന്നതാണ് നല്ലത്. കാണാതിരിക്കുന്നതാണ് നല്ലത്. അവരാ പുസ്തകം അടച്ചു വച്ചു. പുറംചട്ടയിൽ ആലേഖനം ചെയ്തിരുന്ന പഴയ അക്ഷരങ്ങൾ ഒരു വട്ടം കൂടി തലോടി ഇന്ത്യൻ ഭരണഘടന .

അവർ കതക് അടച്ചു വെളിച്ചം കെടുത്തി. കണ്ണുകൾ ഇറുക്കി അടച്ചു. കറുത്ത തൂവാലകൊണ്ട് മുറുക്കി കെട്ടി!!!

**സമർപ്പണം :**

നീതിപീഠത്തിന്റെ മുമ്പിൽ തുലാസുമായി നിൽക്കുന്ന കുലീനയായ ആ യുവതി ഗാന്ധാരിക്ക് സമം കണ്ണുകൾ ഇറുക്കി കെട്ടിയിരിക്കണം എന്ന് വിഭാവനചെയ്ത മഹാത്മാവിന്.

**അനുഗ്രഹ രാജ്**
രണ്ടാം വർഷം
ബി.എസ്.സി. ജിയോളജി

# പടിയിറങ്ങുമ്പോൾ

കൈപ്പട ചാർത്തുന്നു നിന്നെക്കുറിച്ചു ഞാൻ
പെരുമയിൽ കുളിർകൊണ്ട നാമധേയം തൂകി
സ്പർശിക്കണം നിന്റെ ഹൃദയഭാഗങ്ങളിൽ
ഓർമകൾ പിന്നിട്ട വഴിയിലൂടെ
മങ്ങാടിക്കുന്നിലെ ഇളംകാറ്റേറ്റ്
ചേർന്നലിഞ്ഞൊന്ന് നടന്നീടേണം
വിപ്ലവഗീതം അലയൊലി കൊള്ളുന്ന
ചെമ്പകച്ചോട്ടിൽ ചെന്നീടണം
മങ്ങാടിക്കുന്നിനെ ഉദ്യാനമാക്കിയ
ആ മരക്കൂട്ടത്തിലെ തണൽ കൊള്ളണം
ഹരിതഭൂമിയിൽ കൂട്ടിലകപ്പെട്ട
ജീവിതത്തെ നോക്കി മിഴിവാർക്കണം
മുന്നിലായി ബഹുദൂരം നീണ്ടു പോവുന്നതാ
വേറിട്ട ലോകത്തിൻ പാതയോരം
അതിരുകൾ ഭേദിച്ച ചങ്ങാത്ത ഭൂമിയാം
പുലിമടയെനോക്കി തലപൊക്കണം
അഭിമാനം കൊള്ളണം സുന്ദരി നിന്നിലെ
ചടുലനൃത്തങ്ങളും തന്റേടവും
അഭിവാദ്യം ചൊരിയുന്ന കായികലോകമേ,
നിന്നിൽ തീർത്തൊരീ നേട്ടമെല്ലാം
ഒരുപിടി വാരണം ആ ചുടു ചെമ്മണ്ണിൻ
വെള്ളപ്പൊടിയും വിയർപ്പും ചേർത്ത്
ചൊല്ലിടാനാശ്രയമായൊരു ലോകത്തിൽ
ഒരു തിരി വെക്കണം ഉടയോർക്കെല്ലാം
മങ്ങാടിക്കുന്നിലെ പടവുകൾ പിന്നിടെ,
നൂറുവസന്തം ചൊരിഞ്ഞിതാ സൗഹൃദം
ഉയരങ്ങൾ താണ്ടുവാൻ കൈത്താങ്ങ് തന്നവർ
വിങ്ങലിൽ തീർത്തൊരീ നിത്യസത്യം
വിടവാങ്ങലിൽ തീർത്ത ഓർമകളൊക്കെയും
ഞാൻ കൂടെ കൂട്ടിയതാണെങ്കിലും
എന്റെയിടമെന്നിവിടെ പറയുവാൻ
കഴിയാത്ത വേദന വേറെന്ത്!!

**ശ്രുതി പി.ആർ**
രണ്ടാം വർഷം
എം.എ. എക്കണോമിക്സ്

# ബ്ലൂ വെയിൽ

ലിങ്ക് കിട്ടിയ ഉടൻ
ഓപ്പണാക്കാൻ നോക്കി!
വാട്ട്സാപ്പിൽ കിണുങ്ങാനും
ഫെയ്സ്ബുക്കിൽ പ്രതിഷേധിക്കാനും മാത്രം
കുറഞ്ഞ ഡാറ്റാ ബാലൻസുള്ളവന്
ഇതൊരാർഭാടമാണ്.
എങ്കിലും,
ആൻഡ്രോയിഡ് ജീവിതത്തിൽ
അൽപ്പം സാഹസികത വേണ്ടേ
ഇൻസ്റ്റാളിൽ ക്ലിക്കി!
നാലാം തലമുറയുടെ വേഗത
ക്ഷണനേരത്തിൽ
പ്രക്രിയ തീർത്തു!
ആദ്യ മൂന്നു റൗണ്ടുകൾ
എളുപ്പമായിരുന്നു
ഒരു സ്റ്റാറ്റസ് ഇടണമെന്ന് കരുതി,
പക്ഷേ,
നിയമാവലികൾ പാലിക്കേണ്ടതുണ്ട്.
ജീവിതത്തിലും മരണത്തിലും!
ഉച്ച ഭക്ഷണം മാറ്റിവെച്ച്
നെറ്റ് റീചാർജ് ചെയ്ത്
ഓരോ ലെവലും മുൻപോട്ട് പോയി!
ഇടക്കൊന്ന് ബാറ്ററി ലോ അടിച്ചു.
ഒടുവിൽ,
അൻപതിൽ എത്തി!
പിന്നിൽനിന്ന് വിളിച്ചപ്പോൾ
ചേച്ചി പറഞ്ഞത്
നിങ്ങൾ വിളിക്കുന്ന കസ്റ്റമർ
സ്വിച്ച് ഓഫ് ചെയ്യപ്പെട്ടിരിക്കുന്നു.

**അഭിരാമി**
രണ്ടാം വർഷം
ബി.എ. ഇംഗ്ലീഷ്

# കായിക റിപ്പോർട്ട്

പ്രതീക്ഷിക്കാതെ എന്നെ തേടിയെത്തിയ ജനറൽ ക്യാപ്റ്റൻ പദവി എനിക്കു നൽകിയ സന്തോഷത്തേക്കാളേറെ എന്റെ മനസ്സിനെ അലട്ടിയിരുന്നത് മറ്റു ചിലതായിരുന്നു. വളരെ വൈകിയ വേളയിൽ അധികാരത്തിലേറുന്ന കോളേജ് യൂണിയൻ, എന്നാൽ അവശേഷിക്കുന്ന യൂണിയൻ കാലാവധിയാണേൽ അൻപതിൽ താഴെ മാത്രം പ്രവൃത്തി ദിനങ്ങൾ. ഞങ്ങൾക്കതൊരു വെല്ലുവിളി തന്നെയായിരുന്നു. ഒപ്പം വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പ്രതീക്ഷികൾ നിറവേറ്റണ്ടതും ഞങ്ങളിൽ നിക്ഷിപ്തമായ കർത്തവ്യങ്ങളിൽ ഒന്നായിരുന്നു. ഒരു പക്ഷേ അതു തന്നെയാവാം ഞങ്ങളെ മുന്നോട്ട് നയിച്ചതും.

നീണ്ട മുപ്പത്തേഴു വർഷത്തിന്റെ കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് കാലിക്കറ്റ് സർവ്വകാലശാലയുടെ മികച്ച കായിക കോളേജെന്ന ബഹുമതി ക്രൈസ്റ്റ് കോളേജ് കരസ്ഥമാക്കിയപ്പോൾ അത് ക്രൈസ്റ്റ് കലാലയ ചരിത്രത്തിൽ രേഖപ്പെടുത്താവുന്ന ഒരു പൊൻതൂവൽ സ്പർശമായി നിലക്കൊണ്ടു. (നെറ്റ്ബോൾ, ബോഡിബിൽഡിങ്, ജിംനാസ്റ്റിക്ക്സ്, ക്രോസ്കൺട്രി, അത്‌ലറ്റിക്സ്, ടേബിൾ ടെന്നീസ്, ആർച്ചറി) തുടങ്ങി ഏഴോളം മത്സര ഇനങ്ങളിൽ കാലിക്കറ്റ് സർവ്വകലാശാല കിരീടം ചൂടുകയും (ഹോക്കി വനിതാ വിഭാഗം), ഷട്ടിൽ ബാഡ്മിന്റൺ, കബഡി, ബോക്സിംങ്, ജിംനാസ്റ്റിക്ക്സ് (വനിത വിഭാഗം), ടേബിൾ ടെന്നീസ് (വനിതാ വിഭാഗം) ആർച്ചറി (വനിത വിഭാഗം)പതുടങ്ങിയ മത്സര ഇനങ്ങളിൽ രണ്ടാം സ്ഥാനവും, ഖൊ-ഖൊ, ബാസ്ക്കറ്റ് ബോൾ, സൈക്ലിങ്, ക്രിക്കറ്റ്, ടെന്നീസ് (വനിതാവിഭാഗം)പ തുടങ്ങി മത്സര ഇനങ്ങളിൽ കാലിക്കറ്റ് സർവ്വകലാശാലാതലത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കാൻ ക്രൈസ്റ്റിനായി എന്നത് ഒരു ചരിത്രനേട്ടമായി വിലയിരുത്തപ്പെടുന്നു. വിവിധ മത്സര ഇനങ്ങളിലായി 21-ൽപരം ഇന്റർ കോളേജിയേറ്റ് ടൂർണമെന്റുകളിൽ മികച്ച പ്രകടനം കാഴ്ച വെക്കാനും ക്രൈസ്റ്റ് കായികതാരങ്ങൾക്ക് സാധിച്ചു. വ്യത്യസ്ത മത്സര ഇനങ്ങളിലായി 68-ൽപരം ക്രൈസ്റ്റിന്റെ കായിക പ്രതിഭകൾ കാലിക്കറ്റ് സർവ്വകാലാശാല ടീമിൽ ഇടം നേടുകയും ദേശീയ തലത്തിൽ മികച്ചനേട്ടം/ പ്രകടനം കൈവരിക്കാൻ ക്രൈസ്റ്റ് കായികതാരങ്ങൾക്ക് കഴിഞ്ഞു എന്നത് ക്രൈസ്റ്റ് കേളേജിന് എന്നെന്നും അഭിമാനിക്കാവുന്ന നേട്ടമായി വിലയിരുത്തപ്പെടുന്നു.

